# ശനിയാഴ്ച

## സുന്നത്ത് നോമ്പ് പാടില്ല

### സ്വമ്മാഉന്റെ ഹദീസ്: ഒരു വിശകലനം



അബൂ അബ്ദില്ലാ ബശീർ പുത്തൂർ

# ശനിയാഴ്ച
## സുന്നത്ത് നോമ്പ് പാടില്ല

സ്വമ്മാഇന്റെ ഹദീസ്: ഒരു വിശകലനം

**അബൂ അബ്ദില്ല ബശീർ പുത്തൂർ**

**സുന്നഃ മുസ്‌ലിം**
മൈനോറിറ്റി ട്രസ്റ്റ്

*Title* **Shaniyazhcha Sunnath Nombu Padilla** *(Malayalam)*

*Author* **Abu Abdilla Basheer Puthur**

*Publisher* **SUNNAH MUSLIM MINORITY TRUST**
6/1651A, Kappalandimukku, Kochi, Kerala, Pin 682 002

*First Edition* 2026 / 1447 H

*Copyright ©* **SUNNAH MUSLIM MINORITY TRUST**
6/1651A, Kappalandimukku, Kochi, Kerala, Pin 682 002

*All rights reserved. No part of this publication may be reproduced, stored in a retrieval system, or transmitted in any form or by any means, electronic, mechanical, photocopying, recording or otherwise, without the prior permission of the copyright owner.*

*Typeset* *aab.bp*
*Cover* *mab.ab*

بِسْـمِ اللهِ الرَّحْمَٰنِ الرَّحِيمِ

إِنَّ الْحَمْدَ للهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إِلَهَ إِلَّا اللهُ، وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللهَ حَقَّ تُقَاتِهِ وَلَا تَمُوتُنَّ إِلَّا وَأَنتُم مُّسْلِمُونَ ١٠٢﴾ (آلُ عِمْرَانَ)

﴿يَا أَيُّهَا النَّاسُ اتَّقُوا رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالًا كَثِيرًا وَنِسَاءً ۚ وَاتَّقُوا اللهَ الَّذِي تَسَاءَلُونَ بِهِ وَالْأَرْحَامَ ۚ إِنَّ اللهَ كَانَ عَلَيْكُمْ رَقِيبًا ١﴾ (النِّسَاءُ)

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللهَ وَقُولُوا قَوْلًا سَدِيدًا ٧٠ يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ ۗ وَمَن يُطِعِ اللهَ وَرَسُولَهُ فَقَدْ فَازَ فَوْزًا عَظِيمًا ٧١﴾ (الْأَحْزَابُ)

أَمَّا بَعْدُ؛ فَإِنَّ أَصْدَقَ الْحَدِيثِ كَلَامُ اللهِ، وَخَيْرَ الْهَدْيِ هَدْيُ مُحَمَّدٍ صَلَّى اللهُ عَلَيْهِ وَسَلَّمَ، وَشَرَّ الْأُمُورِ مُحْدَثَاتُهَا، وَكُلَّ مُحْدَثَةٍ بِدْعَةٌ، وَكُلَّ بِدْعَةٍ ضَلَالَةٌ، وَكُلَّ ضَلَالَةٍ فِي النَّارِ.

« لَا تَصُومُوا يَوْمَ السَّبْتِ
إِلَّا فِي مَا افْتُرِضَ عَلَيْكُمْ،
وَإِنْ لَمْ يَجِدْ أَحَدُكُمْ
إِلَّا لِحَاءَ عِنَبَةٍ أَوْ عُودَ شَجَرَةٍ
فَلْيَمْضَغْهُ »

# വിഷയ വിവരണം


| ക്രമ നമ്പർ | വിഷയക്രമം | പുറം |
|---|---|---|
| 1 | ആമുഖം | 7 |
| 2 | ഇസ്‌ലാമിലെ പ്രമാണങ്ങൾ | 9 |
| 3 | സുന്നത്ത് അഥവാ നബിചര്യ | 13 |
| 4 | ഫഹ്മുസ്സ്വഹാബഃ അഥവാ സലഫുകളുടെ നടപടി | 25 |
| 5 | ശനിയാഴ്ച സുന്നത്ത് നോമ്പ് പാടില്ല ഹദീസിന്റെ പൂർണ്ണരൂപം | 33 |
| 6 | ഹദീസിന്റെ അർത്ഥം | 34 |
| 7 | ഹദീസിന്റെ ഉള്ളടക്കം | 36 |
| 8 | ഹദീസിൽ അടങ്ങിയിരിക്കുന്ന പാഠങ്ങൾ | 41 |
| 9 | വിമർശനങ്ങളും ആക്ഷേപങ്ങളും | 44 |
| 10 | • ദുർബലപ്പെടുത്തപ്പെട്ട ഹദീസ് | 46 |
| 11 | • കള്ളം പറഞ്ഞത് | 49 |
| 12 | • ഇത് ചഞ്ചല ഹദീസ് | 51 |
| 13 | • മറ്റു ചില ആരോപണങ്ങൾ<br>○ ഹിംസ്വുകാരുടെ ഹദീസ് | 58 |
| | ○ ശാദ്ദ്, തആറുള്, തലവ്വുൻ (വൈരുധ്യവും പകർച്ചയും) | 60 |
| 14 | • ശനിയാഴ്ച സുന്നത്ത് നോമ്പ് പാടില്ലെന്ന ഹദീസും മറ്റു ചില ഹദീസുകളും തമ്മിൽ<br>○ ജുവൈരിയഃ ﵂ യുടെ ഹദീസ് | 66 |

| ക്രമ നമ്പർ | വിഷയക്രമം | പുറം |
|---|---|---|
| 15 | ശ്രേഷ്ഠത കല്പിക്കപ്പെട്ട സുന്നത്ത് നോമ്പുകൾ ശനിയാഴ്ച ദിവസവുമായി ഒത്തുവന്നാൽ | 77 |
| 16 | നബി ﷺ ശനിയാഴ്ച സുന്നത്ത് നോമ്പ് അനുഷ്ഠിച്ചതായി സ്ഥിരപ്പെട്ടിട്ടില്ല | 82 |
| 17 | സുന്നത്ത് നോമ്പനുഷ്ഠിക്കൽ: ശനിയാഴ്ചയും വെള്ളിയാഴ്ചയും തമ്മിലുള്ള വ്യത്യാസം | 86 |
| 18 | പണ്ഡിതന്മാരുടെ വീക്ഷണ വ്യത്യാസങ്ങൾ | 89 |
| 19 | സത്യം ഒന്നു മാത്രം | 94 |
| 20 | ഭൂരിപക്ഷമല്ല സത്യത്തിന്റെ മാനദണ്ഡം | 96 |
| 21 | ഇമാം അൽബാനി ؒ യും ശനിയാഴ്ചയിലെ സുന്നത്ത് നോമ്പും | 99 |
| 22 | അവസാന വാക്ക് | 102 |

# 1

## ആമുഖം

മാനവരാശിയുടെ ആവിർഭാവം മുതൽ അല്ലാഹു മനുഷ്യരിലേക്ക് ദൂതന്മാരെ നിയോഗിച്ചിട്ടുണ്ട്. ആദം നബി ﵇ മുതൽ അവസാന നബിയായ മുഹമ്മദ് ﷺ വരെയുള്ള ലക്ഷക്കണക്കിനു ദൂതന്മാർ പല സ്ഥലങ്ങളിലും കാലങ്ങളിലുമായി വ്യത്യസ്ത ജനവിഭാഗങ്ങളിലേക്കായി നിയോഗിക്കപ്പെട്ടവരാണ്.

അല്ലാഹു എല്ലാ നബിമാരെയും നിയോഗിച്ചത് അവനെ മാത്രമേ ഇബാദത്ത് ചെയ്യാവൂ, അവന് പുറമെ മറ്റാരെയും ഇബാദത്ത് ചെയ്യരുത് എന്ന് ജനങ്ങളെ ഉൽബോധിപ്പിക്കുന്നതിനു വേണ്ടിയാണ്. ദൂതരിലും നബിമാരിലും അന്തിമനായ മുഹമ്മദ് ﷺ യുടെ നിയോഗവും ദൗത്യവും ഇതിനല്ലാതെ മറ്റൊന്നിനുമായിരുന്നില്ല.

നബി ﷺ യുടെ ചര്യ അതിന്റെ ആദിമ വിശുദ്ധിയിൽ പിന്തുടരാൻ കല്പിക്കപ്പെട്ടവരാണ് നാം ഓരോരുത്തരും. അണു അളവ് വ്യതിയാനമോ ഭേദഗതിയോ വരുത്താതെ വിശ്വസിക്കുകയും അനുധാവനം ചെയ്യുകയും ചെയ്യുമ്പോഴാണ് ഒരാൾ സ്വഹാബത്ത് വിശ്വസിച്ചതു പോലെ വിശ്വസിച്ചവനായിത്തീരുന്നത്. നബിചര്യയിൽ സ്ഥിരപ്പെട്ട ആചാരാനുഷ്ഠാനങ്ങൾ പൂർണ്ണ തൃപ്തിയോടെ ജീവിതത്തിൽ പ്രയോഗവൽകരിക്കണം. നബി ﷺ യുടെ കല്പനകളും

നിർദ്ദേശങ്ങളും വിലക്കുകളും താക്കീതുകളും എല്ലാം തഥൈവ. അക്കൂട്ടത്തിൽ നബി ﷺ യിൽനിന്ന് ശക്തമായ വിലക്ക് വന്നിട്ടുള്ള ഒന്നാണ് ശനിയാഴ്ചയിലെ സുന്നത്ത് നോമ്പ്. മഹതി ആയിശഃ رضي الله عنها അടക്കം ആറോളം സ്വഹാബിമാരിൽനിന്ന് രിവായത് ചെയ്യപ്പെട്ട ഹദീസിനെ ആസ്പദിച്ചു കൊണ്ടുള്ള ഒരു വൈജ്ഞാനിക വിശകലനമാണ് ഈ ലഘുകൃതിയുടെ മർമ്മം.

സ്വഹീഹായ ഹദീസിൽ സ്ഥിരപ്പെട്ടു വന്ന ഒരു വിഷയത്തെ കുറിച്ചാണ് ഇവിടെ വിശദീകരിക്കുന്നത്. സമൂഹത്തിൽ നിർജ്ജീവമായും, അവഗണനയുടെ അഗണ്യകോടിയിൽ വിസ്മൃതമായും കിടന്നിരുന്ന ഒരു മസ്അലഃ, പൊടിതട്ടിയെടുത്ത് അത് അർഹിക്കുന്ന പരിഗണനയോടെ, അതിന്റെ മുഴുവൻ വശങ്ങളും പരോശോധിച്ച് ആഴത്തിൽ വിശകലനം ചെയ്ത്, അതിന്റെ നിജസ്ഥിതി സത്യസന്ധമായ നിലയിൽ മാന്യ അനുവാചകർക്കു മുമ്പിൽ സമർപ്പിക്കുകയാണിവിടെ. അല്ലാഹു സ്വീകരിക്കട്ടെ, ആമീൻ!

# 2

## ഇസ്‌ലാമിലെ പ്രമാണങ്ങൾ

മതപരമായ അറിവിന്റെ ആത്യന്തികമായ സ്രോതസാണ് വഹ്‌യ്. അതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ദീനിൽ കർമ്മങ്ങളും അനുഷ്ഠാന മുറകളും രൂപപ്പെടുന്നത്. സ്വയംകൃതമായ നിലക്കും അഭീഷ്ടത്തിനനുസരിച്ചും മതത്തിൽ ഒരു കാര്യവും തീരുമാനിക്കാൻ ആർക്കും അവകാശമില്ല. അല്ലാഹു വഹ്‌യായി അവതരിപ്പിച്ച ആജ്ഞാനിർദേശങ്ങളാണ് പിൻപറ്റേണ്ടത്.

അല്ലാഹു പറയുന്നു:

﴿اتَّبِعُوا مَا أُنْزِلَ إِلَيْكُمْ مِنْ رَبِّكُمْ وَلَا تَتَّبِعُوا مِنْ دُونِهِ أَوْلِيَاءَ قَلِيلًا مَا تَذَكَّرُونَ ٣﴾ [الأَعْرَاف]

«നിങ്ങളുടെ റബ്ബിൽനിന്ന് നിങ്ങൾക്ക് അവതരിച്ചത് നിങ്ങൾ പിന്തുടരണം. അതിനു പുറമെ മറ്റു ഔലിയാക്കൾ ആരെയും നിങ്ങൾ പിൻപറ്റിപ്പോകരുത്. കുറച്ചു മാത്രമല്ലേ നിങ്ങൾ ആലോചിക്കുന്നുള്ളു.» [അഅ്റാഫ്: 3]

ദീൻ സ്വീകരിക്കേണ്ടത് വഹ്‌യിൽനിന്ന് മാത്രമായിരിക്കണം, മറ്റൊന്നിൽനിന്നും സ്വീകരിക്കരുത് എന്ന് മേൽ സൂക്തം വ്യക്ത

മാക്കുന്നു. കൂടാതെ, ഏതെങ്കിലും കാര്യത്തിൽ ജനം ഭിന്നിക്കുന്ന പക്ഷം അത് തീർപ്പാക്കേണ്ടത് എങ്ങനെയാണെന്ന് അല്ലാഹു പറയുന്നത് കൂടി കാണുക:

﴿فَإِن تَنَازَعْتُمْ فِي شَيْءٍ فَرُدُّوهُ إِلَى اللَّهِ وَالرَّسُولِ إِن كُنتُمْ تُؤْمِنُونَ بِاللَّهِ وَالْيَوْمِ الْآخِرِ ذَٰلِكَ خَيْرٌ وَأَحْسَنُ تَأْوِيلًا ٥٩﴾ [النساء]

«വല്ല കാര്യത്തിലും നിങ്ങൾ ഭിന്നിക്കുകയാണെങ്കിൽ, അത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കൂ. നിങ്ങൾ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നുവെങ്കിൽ അതാണ് കൂടുതൽ ഉത്തമവും നല്ല പര്യവസാനമുളവാക്കുന്നതും.» [നിസാഅ്: 59]

അല്ലാഹുവിൽനിന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന ബോധനങ്ങൾ അഥവാ വഹ്യ്, പ്രധാനമായും രണ്ട് വിധത്തിലാണ്. നബി ﷺ യുടെ മക്കാ - മദീന ജീവിതകാലത്ത് വ്യത്യസ്ത സന്ദർഭങ്ങളിലായി അവതീർണമായ വിശുദ്ധ ഖുർആനും നബി ﷺ യുടെ വാക്ക്, പ്രവർത്തി, മൗനാനുവാദം മുതലായവയെ അടിസ്ഥാനമാക്കിയുള്ള സുന്നത്തുമാണ് അവ.

നബി ﷺ പറയുന്നു:

عن أبي هريرة قال: قال رسول الله صلى الله عليه وسلم: «إني قد تركت فيكم شيئين لن تضلوا بعدهما؛ كتاب الله وسنتي، ولن يتفرقا حتى يردا علي الحوض» (الحاكم في مستدركه وصححه الألباني في صحيح الجامع)

അബൂ ഹുറയ്റഃ رضي الله عنه നിവേദനം. നബി ﷺ പറയുന്നു: «രണ്ട് കാര്യങ്ങൾ ഞാൻ നിങ്ങളിൽ വിട്ടേച്ചു പോകുന്നു. അവക്കു ശേഷം നിങ്ങളൊരിക്കലും വഴിപിഴച്ചു പോവുകയില്ല — അല്ലാഹുവിന്റെ കിതാബും എന്റെ ചര്യയും. ഹൗളിനരികിൽ വെച്ച് ഞാനുമായി സന്ധിക്കുന്നതു വരെ അവ രണ്ടും വേർപിരിയുകയുമില്ല.» (ഹാകിം | അൽ മുസ്തദ്റക്)

വഹ്‌യിന്റെ രണ്ട് തുല്യ മുഖങ്ങളാണ് ഖുർആനും സ്വഹീഹായ സുന്നത്തും. വിവേചനരഹിതമായും അവ രണ്ടിലെയും വിധികളെ ചോദ്യം ചെയ്യാതെയും, സർവാത്മനാ പൂർണ്ണതൃപ്തിയോടെ അംഗീകരിക്കുകയും ചെയ്യുമ്പോഴാണ് പ്രമാണങ്ങളുടെ പ്രയോഗസിദ്ധി സാക്ഷാത്കരിക്കപ്പെടുന്നത്.

അല്ലാഹു പറയുന്നു:

﴿فَلَا وَرَبِّكَ لَا يُؤْمِنُونَ حَتَّىٰ يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لَا يَجِدُوا فِي أَنفُسِهِمْ حَرَجًا مِّمَّا قَضَيْتَ وَيُسَلِّمُوا تَسْلِيمًا ﴿٦٥﴾﴾ [النساء]

«നിന്റെ റബ്ബ് തന്നെയാണ! അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ താങ്കളെ വിധികർത്താവാക്കുകയും, താങ്കൾ തീർപ്പുകൽപിച്ചതിൽ അവരുടെ മനസ്സിൽ യാതൊരു വിഷമവും തോന്നാതിരിക്കുകയും, അതിന് പൂർണ്ണമായി കീഴൊതുങ്ങുകയും ചെയ്യുന്നത് വരെ അവർ വിശ്വാസികളാവുകയില്ല.» [നിസാഅ്: 65]

മനുഷ്യർക്ക് സന്മാർഗവും സത്യാസത്യ വിവേചനവും കാണിക്കാനാണ് അല്ലാഹു ദൂതരെ നിയോഗിച്ചത്. അവരിൽ അവസാനത്തെ നബിയാണ് മുഹമ്മദ് ﷺ. അക്കാലത്ത് മക്കാ നിവാസികളിൽ നിലനിന്നിരുന്ന വിശ്വാസപരവും കർമപരവുമായ മുഴുവൻ വൈകൃതങ്ങളും ഇല്ലായ്മ ചെയ്യുകയും, അവരിൽ വിശ്വാസവിമലീകരണത്തിന്റെ പുതിയ അധ്യായങ്ങൾ തുന്നിച്ചേർക്കുകയും ചെയ്തു അദ്ദേഹം. ഇരുപത്തിമൂന്ന് കൊല്ലക്കാലത്തെ സ്വജീവിതത്തിലൂടെ ലോകചരിത്രത്തിൽ തുല്യതയില്ലാത്ത ഒരു മാനവ സംസ്കൃതിക്ക് നാന്ദി കുറിച്ചാണ് നബി ﷺ ഇഹലോകവാസം വെടിഞ്ഞത്.

നബി ﷺ യുടെ വിയോഗത്തോട് കൂടി ഇസ്‌ലാം ദീൻ പൂർത്തീകരിക്കപ്പെട്ടു. ഇനി എന്തെങ്കിലും ഒരു കാര്യം ഇസ്‌ലാം ദീനിലേക്ക് കൂട്ടിച്ചേർക്കേണ്ടതായിട്ടോ, അതിൽനിന്ന് വല്ലതും ഒഴിവാക്കേണ്ടതായിട്ടോ ഇല്ലെന്നു സാരം.

**അല്ലാഹു പറയുന്നു:**

﴿الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الْإِسْلَامَ دِينًا.. ﴿٣﴾﴾ [المائدة]

**«ഇന്നേ ദിവസം ഞാൻ നിങ്ങൾക്ക് നിങ്ങളുടെ ദീൻ പൂർത്തീകരിക്കുകയും എന്റെ അനുഗ്രഹം ഞാൻ നിങ്ങളിൽ സമ്പൂർണ്ണമാക്കുകയും, ഇസ്‌ലാമിനെ ദീനായി നിങ്ങൾക്ക് തൃപ്തിപ്പെട്ടുതരികയും ചെയ്തിരിക്കുന്നു..» [മാഇദഃ: 3]**

# 3

## സുന്നത്ത് അഥവാ നബിചര്യ

**ഇസ്‌ലാമിക ശരീഅത്തിന്റെ സ്രോതസുകളിൽ ഒന്നാണ് സുന്നത്ത് അഥവാ നബിചര്യ. ഖുർആൻ പോലെ, സമമൂല്യം കൽപിച്ചു സ്വീകരിക്കപ്പെടേണ്ട മതവിധികളുടെ സമാഹാര സമുച്ചയമാണത്. ചെറുതും വലുതുമായ ആയിരക്കണക്കിന് ഹദീസ് ഗ്രന്ഥങ്ങളിലായി അവ ക്രോഡീകരിക്കപ്പെട്ടിരിക്കുന്നു. ഖുർആനിൽ പരാമർശിക്കപ്പെട്ട 'ഹിക്മത്' എന്ന പദം കൊണ്ട് വിവക്ഷിക്കുന്നതും അതു തന്നെ.**

عن المقدام بن معدي كرب عن رسول الله صلى الله عليه وعلى آله وسلم أنه قال: «ألا إني أوتيت الكتاب ومثله معه» (أبو داود في سننه وصححه الألباني)

**മിഖ്ദാം ബിൻ മഅ്ദീ കരിബ് ﵁ നിവേദനം. നബി ﷺ പറയുന്നു: «അറിയുക! തീർച്ചയായും എനിക്ക് ഗ്രന്ഥം നൽകപ്പെട്ടിരിക്കുന്നു; അതോടൊപ്പം തത്തുല്യമായ മറ്റൊന്നും.» (സുനനു അബീ ദാവൂദ്)**

**ഹദീസിൽ പറഞ്ഞ 'തത്തുല്യമായ മറ്റൊന്ന്' എന്നതു കൊണ്ടുദ്ദേശിക്കുന്നത് നബിചര്യയാണ്. സുന്നത്ത് ദീനിന്റെ ആധികാരിക**

രേഖയാണ്. പ്രാമാണികതയുടെ കാര്യത്തിൽ ഖുർആനിനോട് തികച്ചും ഒട്ടി നിൽക്കുന്ന, പരസ്പരപൂരകങ്ങളായ പ്രമാണവാക്യങ്ങളാണവ. ഖുർആനിൽ സംക്ഷിപ്തമായി പറഞ്ഞ വിഷയങ്ങൾ സുന്നത്ത് സവിസ്തരം പ്രതിപാദിക്കുന്നു. ഖുർആൻ സൂചനകൾ നൽകുമ്പോൾ സുന്നത്ത് വിശദാംശങ്ങൾ കൊണ്ട് സമന്വയിപ്പിക്കുന്നു.

മൗലികമായ വിശ്വാസകാര്യങ്ങൾ, ആരാധനാ കർമ്മങ്ങൾ, മുൻകാല നബിമാരുടെയും കഴിഞ്ഞുപോയ ജനസമൂഹങ്ങളുടെയും ജീവിതയാഥാർത്ഥ്യങ്ങൾ, ചരിത്ര സത്യങ്ങൾ പോലുള്ളവ ഖുർആൻ പലയിടങ്ങളിലായി പ്രതിപാദിച്ച് വരുന്നു. വിശ്വാസം, ഇബാദത്ത്, കർമ്മാനുഷ്ഠാനങ്ങൾ, ഇടപാടുകൾ, പരസ്പരബന്ധങ്ങൾ, ദൂതൻമാർ, രാജാക്കന്മാർ, ബഹുദൈവവിശ്വാസികൾ, മലക്കുകൾ, ശൈത്വാൻ, അല്ലാഹുവിന്റെ കൽപനകൾക്ക് കീഴൊതുങ്ങിയവർ, ധിക്കരിച്ചവർ തുടങ്ങി ഒട്ടനേകം കാര്യങ്ങളും ഖുർആനിന്റെ പ്രതിപാദ്യങ്ങളിൽപെട്ടതാണ്. എന്നാൽ നബിചര്യയിലാണ് അവയിൽ പലതും സമഗ്രമായും വിശദമായും പ്രതിപാദിച്ചിരിക്കുന്നത്.

ചുരുക്കത്തിൽ, ഖുർആനിലും സുന്നത്തിലും വന്നിട്ടുള്ള ആജ്ഞാനിർദ്ദേശങ്ങളും കൽപനാവിലക്കുകളും മുൻവിധികളില്ലാതെ സർവ്വാത്മനാ സ്വീകരിക്കേണ്ടത് അനിവാര്യമാണ്.

ഒരാളുടെ ശരാശരി ബുദ്ധിയും യുക്തിയും പ്രവർത്തിക്കുന്നത് പഞ്ചേന്ദ്രിയങ്ങളിലൂടെ തനിക്ക് അനുഭവവേദ്യമാകുന്ന കാര്യങ്ങളിലൂന്നിയാണ്. അതിനപ്പുറമുള്ളതിന്റെ ശരിതെറ്റുകളും നന്മതിന്മകളും തീരുമാനിക്കുന്നത് ഇന്ദ്രിയജ്ഞാനത്തിലുടെ സ്വായത്തമാക്കാൻ കഴിയാത്ത അദൃശ്യമായ ആത്യന്തിക അറിവുകളിലൂടെയാണ്. ആ അറിവിന്റെ സ്രോതസുകൾ വഹ്‌യ് മാത്രവും.

ഖുർആനും സുന്നത്തും പ്രമാണങ്ങളായി അംഗീകരിക്കുന്ന ഒരാളെ സംബന്ധിച്ചിടത്തോളം, അവ ജീവിതത്തിൽ ഉൾക്കൊള്ളുകയും പ്രയോഗവൽക്കരിക്കുകയും ചെയ്യുന്നതിൽ, തന്റെ യുക്തിയോ അഭീഷ്ടമോ സ്വാധീനിക്കാൻ പാടില്ല. സത്യവിശ്വാസികൾക്ക് മാത്രം

അവകാശപ്പെടാനാകുന്ന 'അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുന്നവർ' എന്ന വിശേഷണത്തിനു അപ്പോൾ മാത്രമേ അവർ അർഹാരാകുന്നുള്ളൂ.

ഖുർആനും സുന്നത്തും അല്ലാഹുവിൽ നിന്നുള്ള വഹ്‌യാണ്. അവയിലെ വിധികൾ തുല്യ പ്രാധാന്യത്തോടെ സ്വീകരിക്കേണ്ടതും പ്രയോഗവൽക്കരിക്കേണ്ടതുമാണ്. ഖുർആനിന് പ്രഥമപരിഗണന നൽകുകയും ഖുർആനിൽ കാണാത്തപക്ഷം മാത്രം 'രണ്ടാം പ്രമാണമായ' സുന്നത്തിലേക്ക് തിരിയുകയും ചെയ്യുക എന്ന രീതി പ്രാമാണികമല്ല.

അല്ലാഹു പറയുന്നു:

﴿وَمَا يَنطِقُ عَنِ الْهَوَىٰ ۝٣ إِنْ هُوَ إِلَّا وَحْيٌ يُوحَىٰ ۝٤﴾ [النجم]

«അവിടുന്ന് അഭീഷ്ടമനുസരിച്ചല്ല സംസാരിക്കുന്നത്. അത് ബോധനം ചെയ്യപ്പെടുന്ന വഹ്‌യല്ലാതെ മറ്റൊന്നുമല്ല.» [നജ്മ്: 3-4]

പ്രമാണം എന്ന നിലയിലും നിയമസംഹിതയെന്ന നിലയിലും ഖുർആനിനും സുന്നത്തിനും ഒരേ സ്ഥാനമാണ്.

വസ്തുത ഇതായിരിക്കെ, ഖുർആനും സുന്നത്തും പിൻപറ്റുന്നവർ എന്ന് സ്വയം അവകാശപ്പെടുന്ന പലർക്കും നബിചര്യ പിൻപറ്റുന്നതിൽ പലതരത്തിലുള്ള മുൻവിധികളുമുണ്ട്.

ഖുർആനും സുന്നത്തും പിൻപറ്റുക എന്നത് കേവലം ഒരു 'ട്രേഡ് മാർക്ക്' ആവുകയും അതിന്റെ ബാനറിൽ, തങ്ങൾക്കു ഇഷ്ടമില്ലാത്തതോ ബുദ്ധിക്കു യോജിക്കാത്തതെന്നു സ്വയം കരുതുന്നതോ ആയ പല സുന്നത്തുകളെയും നിഷേധിക്കുകയും, അതിനു പ്രമാണത്തിന്റെ പിൻബലം കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്നവരാണ് പലരും.

നബി ﷺ യിൽ നിന്ന് സ്ഥിരപ്പെട്ടു വന്ന പല സുന്നത്തുകളെയും ഇന്ന് ചിലർ പുച്ഛത്തോടെയാണ് കാണുന്നത്. അവ സൂക്ഷ്മമായി

പ്രയോഗവൽകരിക്കുന്നതിനെ അക്ഷര പൂജയായും അനുഷ്ഠാന തീവ്രതയായും ചിത്രീകരിക്കുക എന്നത് പുരോഗമന വാദമായിട്ടാണ് പലരും കൊണ്ടുനടക്കുന്നതും. ഇത്തരം വാദക്കാർക്ക്, ഓരോരുത്തർക്കും അവരവരുടെ ന്യായങ്ങൾ പറയാനുണ്ടാവുമെങ്കിലും അവ ഒരിക്കലും സ്വീകാര്യയോഗ്യമായ ന്യായമല്ല, വസ്തുതകൾക്ക് നിരക്കുന്ന കാര്യവുമല്ല എന്നതാണ് യാഥാർത്ഥ്യം.

സാധുക്കളായ മുസ്‌ലിം ബഹുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയും, ഞങ്ങൾ ഖുർആനിലേക്കും സുന്നത്തിലേക്കുമാണ് ക്ഷണിക്കുന്നത് എന്ന വ്യാജേന അവരെ കൂടെക്കൂട്ടുകയും, അവരിലുള്ള പാരമ്പര്യമായ ഇസ്‌ലാമിക ബോധത്തെ ഇവർ മുതലെടുക്കുകയും ചെയ്യുന്നു. ഇതു വഴി യഥാർത്ഥത്തിൽ അവരെ വഴിപിഴപ്പിക്കുകയാണവർ ചെയ്യുന്നത്.

മതപരമായ ഏതൊരു കാര്യത്തിനും പരിഹാരം തേടേണ്ടത് ഖുർആനിലും സ്വഹീഹായ സുന്നത്തിലുമാണ്. മനുഷ്യ ജീവിതവുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങൾക്കുമുള്ള പരിഹാരം അവ രണ്ടിലും പരാമർശിക്കപ്പെട്ടിരിക്കുന്നു. ഒരു കാര്യം ഖുർആനിൽ സംക്ഷിപ്തമായിട്ടാണ് പറഞ്ഞതെങ്കിൽ സുന്നത്തിൽ അതിന്റെ വിശദാംശങ്ങൾ കണ്ടെത്താൻ കഴിയും. ഈ ഭൂമുഖത്ത് വെച്ച് മനുഷ്യൻ അനുഷ്ഠിക്കുന്ന മുഴുവൻ ഇബാദത്തുകളും അതിന്റെ വിശദാംശങ്ങളും അവ രണ്ടിലുമായി വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. കൂടാതെ വൈവിധ്യമാർന്ന ജീവിത സാഹചര്യങ്ങളെയും പുതുതായി ഉയർന്നുവരുന്ന സംഭവവികാസങ്ങളെയും ക്രമവൽക്കരിക്കുകയും അവയെ ദീനിന്റെ ചട്ടക്കൂടിനകത്ത് ഒതുക്കി നിർത്തുകയും ചെയ്യാനാവശ്യമായ പൊതുവായ തത്വങ്ങളും നിർദ്ദേശങ്ങളും കൂടി പൂർണ്ണവും വിശദവുമായ നിലയിൽ അവയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മതവിധികളെന്ന നിലയിൽ ഖുർആനിനുള്ള അതേ സ്ഥാനം തന്നെയാണ് സുന്നത്തിനുമുള്ളത്.

നബിചര്യയിൽ സ്ഥിരപ്പെട്ടുവന്ന കൽപനാ വിലക്കുകളും ആജ്ഞാ നിർദ്ദേശങ്ങളും സർവ്വാത്മനാ സ്വീകരിക്കൽ നിർബന്ധമാണ്.

സുന്നത്തുകൾ സാർവ്വകാലികവും സാർവ്വജനീനവുമാണ്. ഇബാദത്തുകളുമായി ബന്ധപ്പെട്ട കാര്യങ്ങളിലായാലും മനുഷ്യ ജീവിതത്തിന്റെ ദൈനംദിനകാര്യങ്ങളിലായാലും മതപരമായ തീർപ്പുകൾക്ക് സുന്നത്തുകൾ അത്യന്താപേക്ഷിതമാണ്. ഏത് സാഹചര്യത്തിലായാലും നബിചര്യക്ക് എതിരായ തീരുമാനങ്ങൾക്ക് ചെവികൊടുക്കാൻ പാടില്ല.

സലഫുകൾ സുന്നത്ത് പിൻപറ്റുന്നതിൽ അതീവ ജാഗ്രത പുലർത്തിയിരുന്നു. സുന്നത്തിനു വിരുദ്ധമായ നിലപാടുകളെ അവർ ശക്തമായി വിമർശിക്കുകയും അത് മൂലമുണ്ടാകുന്ന അപകടത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിലുള്ള അവരുടെ സൂക്ഷ്മമായ നിലപാടുകളിലേക്ക് വിരൽ ചൂണ്ടുന്ന ഏതാനും ഉദ്ധരണികൾ വായിക്കാം.

قال الزهري رحمه اللهُ: "كان من مضى من علمائنا يقولون: الاعتصام بالسنة نجاة." (سننُ الدارمي)

ഇമാം സുഹ്'രി ﵀ പറയുന്നു: "മുൻഗാമികളായ നമ്മുടെ ഉലമാക്കൾ പറയാറുണ്ടായിരുന്നു, സുന്നത്ത് മുറുകെപ്പിടിക്കലാണ് രക്ഷ." (സുനനുദ്ദാരിമി)

ഇമാം മാലിക് ﵀ പറയുന്നു:

قال الإمام مالك رحمه الله: "السنة سفينة نوح، مَنْ ركبها نجا، ومَن تخلَّف عنها غرق." [ذم الكلام للهروي]

"സുന്നത്ത് നൂഹ് നബിയുടെ കപ്പലാണ്. ആരാണോ അതിൽ കയറിയത് അവൻ രക്ഷ പ്രാപിച്ചു. ആര് അതിൽ നിന്ന് പിന്തിരിഞ്ഞുവോ അവൻ മുങ്ങിയത് തന്നെ." (ഹറവി | ദമ്മുൽ കലാം)

ഇമാം അബൂ ഹനീഫഃ ﵀ പറയുന്നു:

"إذا صح الحديث فهو مذهبي." (ابن عابدين في حاشيته)

"ഹദീസ് സ്വഹീഹായി വന്നാൽ അതാണ് എന്റെ മദ്ഹബ്." (ഹാശിയതു ഇബ്നി ആബിദീൻ)

അബൂ ഹനീഫഃ തന്നെ പറയുന്നു:

"إذا قلت قولا يخالف كتاب الله تعالى وخبر الرسول صلى الله عليه وسلم فاتركوا قولي." [صالح بن محمد الفلاني في الإيقاظ]

"ഞാൻ പറഞ്ഞ ഏതൊരു വാക്ക് അല്ലാഹുവിന്റെ ഗ്രന്ഥത്തിനും റസൂലിന്റെ ചര്യക്കും എതിരായാൽ എന്റെ വാക്ക് നിങ്ങൾ വിട്ടേക്കൂ." (സ്വാലിഹ് ബിൻ മുഹമ്മദ് അൽ ഫുല്ലാനി | അൽ ഈഖാള്)

ഖുർആനും നബിചര്യയും പിൻപറ്റിക്കൊണ്ടാണ് സലഫുകൾ ജീവിച്ചത്. മതപരമായ കാര്യങ്ങളിൽ അവരുടെ കാലത്ത് അഭിപ്രായ വ്യത്യാസം വളരെ വിരളമായിരുന്നു. അവയൊന്നും തന്നെ അടിസ്ഥാനപരമായ വിഷയങ്ങളിലായിരുന്നില്ല താനും. കൂടാതെ അവയൊന്നും അവർക്കിടയിൽ ഭിന്നിപ്പിനും കക്ഷിത്വത്തിനും കാരണമായിത്തീർന്നിട്ടുമില്ല. നാല് ഖലീഫമാരും മറ്റു പ്രമുഖ സ്വഹാബികളും അടങ്ങുന്ന വൈജ്ഞാനിക സമൂഹം ജനങ്ങൾക്ക് വെളിച്ചം നൽകിക്കൊണ്ടേയിരുന്നു. പക്ഷെ കാലം പിന്നിടുന്നതിനനുസരിച്ച് മതപരമായ വിഷയങ്ങളിൽ അഭിപ്രായഭിന്നതകളും വീക്ഷണ വ്യത്യാസങ്ങളും രൂപപ്പെട്ടു വന്നു. പ്രത്യേകിച്ച് ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ അതിർത്തികൾ വിശാലമാവുകയും അനറബികളായ സമൂഹങ്ങൾ ഇസ്‌ലാം മതത്തിലേക്ക് പ്രവേശിക്കുകയും ചെയ്തപ്പോൾ പല രൂപത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങളും അന്തഃഛിദ്രതകളും തലപൊക്കി.

സ്വഹാബികളുടെ കാലത്തു തന്നെ ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ അതിരുകൾ ഹിജാസിനപ്പുറത്തേക്ക് നീണ്ടു കഴിഞ്ഞിരുന്നു. ഇസ്‌ലാമിന്റെ പ്രബോധനവും പ്രചാരവും അതിശക്തമായി മുന്നേറിയ ഒരു കാലഘട്ടം കൂടിയായിരുന്നു അത്. അന്ന് അറിയപ്പെട്ടിരുന്ന മാനവനാഗരികതകളുടെ കേന്ദ്ര പ്രദേശങ്ങളിൽ ഏതാണ്ടെല്ലാം

ഇസ്ലാമിക വ്യാപനം നടന്നു കഴിഞ്ഞിരുന്നു. ഇത് ആർക്കും നിഷേധിക്കാനാവാത്ത ഒരു ചരിത്ര യാഥാർത്ഥ്യമാണ്. തൽഫലമായി ശാം (Levant), ഇറാഖ്, യമൻ, ഈജിപ്ത്, റോമാ-പേർഷ്യൻ സാമ്രാജ്യങ്ങളുടെ കുറെയധികം ഭാഗങ്ങൾ തുടങ്ങിയ ഭൂപ്രദേശങ്ങളെല്ലാം മുസ്ലിം ആധിപത്യത്തിനു കീഴിൽ അണിനിരന്നു.

അതോടൊപ്പം തന്നെ ഇസ്ലാമിന്റെ വിശ്വാസാചാരങ്ങളും ആരാധനാനുഷ്ഠാനങ്ങളും അവിടങ്ങളിലെല്ലാം വേരുപിടിക്കാനും തുടങ്ങി. അത് സ്വാഭാവികമായും ഇസ്ലാമിക വിശ്വാസ സംഹിതകളെയും അനുഷ്ഠാനമുറകളെയും സംബന്ധിച്ചുള്ള പഠന ഗവേഷണങ്ങളെ ത്വരിപ്പിച്ചു. അതിന്റെ ഭാഗമായിട്ടാണ് ഇന്ന് അറിയപ്പെടുന്ന പ്രശസ്തമായ നാലു മദ്ഹബുകൾ വരെ രൂപപ്പെടുകയുണ്ടായത്. മാറിയ സാഹചര്യങ്ങൾ ഇസ്ലാമിലെ വിശ്വാസസംഹിതകളുടെയും അനുഷ്ഠാനമുറകളുടെയും വ്യവഹാരക്രമങ്ങളുടെയും സമഗ്രമായ ക്രോഡീകരണത്തിലേക്ക് വഴിതെളിയിച്ചു. അതിന് പ്രമാണരേഖകളുടെ പിന്തുണ അനിവാര്യമാണെന്ന കാര്യം പ്രത്യേകം എടുത്ത് പറയേണ്ടതില്ലല്ലോ.

ഖുർആനിന്റെ അവതരണം നബി ﷺ യുടെ നിര്യാണത്തോടെ പൂർത്തീകരിക്കപ്പെട്ടു. അല്ലാഹുവിന്റെ ആജ്ഞയാൽ, ജിബ്രീൽ عليه السلام പഠിപ്പിച്ചതു പ്രകാരം, അതിലെ അധ്യായങ്ങളുടെ ക്രമങ്ങളും, അതേ പോലെ ഓരോ അധ്യായത്തിലെ സൂക്തികളുടെ ക്രമങ്ങളും അവിടുന്ന് അനുചരന്മാർക്ക് കൈമാറി. അത് അനുചരഹൃദയങ്ങളിലും ലിഖിത രൂപത്തിലും അവശേഷിപ്പിച്ചു കൊണ്ടാണ് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞത്. അനന്തരം ഒന്നാം ഖലീഫഃ അബൂബക്ർ رضي الله عنه ആണ് സൈദ് ബിൻ ഥാബിത് رضي الله عنه നെ മേൽ പറഞ്ഞ മനഃപാഠങ്ങളും ലിഖിതങ്ങളും ഒത്ത് നോക്കി ഖുർആൻ ക്രോഡീകരണം പൂർത്തീകരിക്കാനുള്ള ദൗത്യം ഏൽപിച്ചത്. സാങ്കേതികമായി പറഞ്ഞാൽ ഒന്നാം ഖലീഫഃ അബൂബക്ർ رضي الله عنه ന്റെ കാലത്താണ് ഖുർആൻ ക്രോഡീകരിക്കപ്പെട്ടത്. മൂന്നാം ഖലീഫഃ ഉസ്മാൻ ബിൻ അഫ്ഫാൻ رضي الله عنه ന്റെ ഭരണ കാലത്ത് അതിന്റെ ഏഴു

പകർപ്പുകൾ തയ്യാറാക്കപ്പെടുകയും ഓരോ പ്രതികൾ വിവിധ പ്രവിശ്യാ തലസ്ഥാനങ്ങളിലേക്ക് അയച്ചു കൊടുക്കുകയും ചെയ്തു. ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണമായ ഖുർആൻ ഇവ്വിധം പൂർണ്ണമായും സംശയങ്ങൾക്കതീതമായും എല്ലായിടങ്ങളിലും ലഭ്യമാക്കിത്തീർത്തു എന്ന് സാരം.

എന്നാൽ പ്രമാണങ്ങളിലൊന്നായ നബിചര്യ, നബി ﷺ യുടെ അനുചരന്മാരുടെയും രണ്ടാം തലമുറക്കാരായ താബിഉകളുടെയും ഹൃദയങ്ങളിൽ ചിതറിക്കിടക്കുകയായിരുന്നു. അവയെ കുറിച്ചുള്ള സമഗ്രമായ അന്വേഷണത്തിനും ക്രോഡീകരണത്തിനും ഇതോടെ ആരംഭം കുറിക്കേണ്ടിവന്നു.

വൈയക്തികമായ ഇഷ്ടാനിഷ്ടങ്ങൾ, അഭീഷ്ടങ്ങളിൽ അഭിരമിക്കാനുള്ള അഭിവാഞ്ഛകൾ, ഗുരുവര്യന്മാരോടുള്ള അതിരുവിട്ട ആദരവുകൾ, മദ്ഹബ് പക്ഷപാതങ്ങൾ പോലുള്ള തെറ്റായ പ്രവണതകളും ഇതോടെ തലപൊക്കാൻ തുടങ്ങി. അത് ഹദീസുകളിൽ കൃത്രിമം കാണിക്കുന്നതിലേക്കും, നബി ﷺ യുടെ പേരിൽ കൃതിപ്പ് നടത്തുന്നതിലേക്കും വരെ കാര്യങ്ങൾ കൊണ്ടെത്തിച്ചു. സ്ഥാപിത താൽപര്യക്കാർ ഇത്തരം തെറ്റായ പ്രവണതകൾ ഏറ്റുപിടിക്കുകയും അവ പാമരജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു.

അല്ലാഹു പറയുന്നു:

﴿إِنَّا نَحْنُ نَزَّلْنَا الذِّكْرَ وَإِنَّا لَهُ لَحَافِظُونَ ۝٩﴾ [الحجر]

«ഈ ദിക്ർ അവതരിപ്പിച്ചത് നാമാണ്, നാം തന്നെ അത് സംരക്ഷിക്കുകയും ചെയ്യും.» [ഹിജ്ർ: 9]

മേൽ സൂക്തത്തിന്റെ പരിധിയിൽ ഹദീസും ഉൾപ്പെടുമെന്നത് എടുത്തു പറയേണ്ട കാര്യമാണ്. അതിനാൽ, നബിചര്യയെ കൃത്രിമങ്ങളിൽനിന്നും കൃതിപ്പുകളിൽനിന്നും സംരക്ഷിക്കാനുള്ള സംവിധാനം അല്ലാഹു തന്നെ ഒരുക്കുമെന്നതിൽ ഒട്ടും സംശയം വേണ്ട.

നബി ﷺ യുടെ യഥാർത്ഥ അനന്തരവകാശികളായ പണ്ഡിതന്മാരുടെ കൈകളിലൂടെയാണ് അക്കാര്യം അല്ലാഹു പൂർത്തീകരിച്ചത്. അക്കാലത്തു ജീവിച്ച ഇമാമുകളും പണ്ഡിതന്മാരും ഹദീസ് ക്രോഡീകരണത്തിന്ന തുടക്കം കുറിച്ചു. അങ്ങനെ പലവിധത്തിലുള്ള ഹദീസ് സമാഹാരങ്ങൾ രൂപം കൊണ്ടു. വിഷയാധിഷ്ഠിതമായവ, നിവേദക കേന്ദ്രീകൃതമായവ, സവിശേഷമായ നിബന്ധനകൾ പൂർത്തീകരിക്കപ്പെട്ടവ.. ഇങ്ങനെ വ്യത്യസ്ത രൂപത്തിലുള്ള ഹദീസ് സമാഹാരങ്ങൾ വിരചിതമായി. ചില മുഹദ്ദിസുകൾ സ്വഹീഹായ ഹദീസുകൾ ശേഖരിക്കുന്നതിൽ മാത്രം ശ്രദ്ധയൂന്നിയപ്പോൾ മറ്റു ചിലർ അത്തരം കണിശതകൾ ഒഴിവാക്കുകയും ലഭ്യമായവ മുഴുവൻ ശേഖരിക്കുകയും ചെയ്തു. അതു കൊണ്ടാണ് ചില ഹദീസ് ഗ്രന്ഥങ്ങളിൽ ദുർബലമായ ഹദീസുകൾ സ്ഥാനം പിടിച്ചത്.

നടേ സൂചിപ്പിച്ചതു പോലെ, ചില തൽപര കക്ഷികൾ ഹദീസുകളിൽ കൃത്രിമം കാണിക്കാനും മറ്റു ചിലർ കൃതിപ്പ് നടത്താനും മുതിർന്നു എന്നതൊരു യാഥാർത്ഥ്യമാണ്. എന്നാൽ ഈ സാഹചര്യം മറികടക്കാനും, ഇസ്‌ലാമിന്റെ പ്രമാണങ്ങളിലൊന്നായ ഹദീസ് സംരക്ഷിക്കാനമുള്ള മാർഗ്ഗം അല്ലാഹു തന്നെ നിർദ്ദേശിച്ചു കഴിഞ്ഞതാണ്. താഴെ കൊടുക്കുന്ന ഖുർആൻ സൂക്തം ഇക്കാര്യത്തിലേക്ക് വെളിച്ചം വീശുന്നു:

﴿يَا أَيُّهَا الَّذِينَ آمَنُوا إِن جَاءَكُمْ فَاسِقٌ بِنَبَإٍ فَتَبَيَّنُوا أَن تُصِيبُوا قَوْمًا بِجَهَالَةٍ فَتُصْبِحُوا عَلَىٰ مَا فَعَلْتُمْ نَادِمِينَ ۝٦﴾ [الحجرات]

«വിശ്വാസികളേ! ഒരു അധർമ്മകാരി വല്ല വാർത്തയും കൊണ്ട് നിങ്ങളെ സമീപിച്ചാൽ നിങ്ങളത് വ്യക്തമായി അന്വേഷിച്ച് ഉറപ്പ് വരുത്തണം. നിജസ്ഥിതിയറിയാതെ ഒരു ജനതക്ക് നിങ്ങൾ വല്ല ആപത്തും വരുത്തിവെക്കുകയും, എന്നിട്ട് ആ ചെയ്തതിന്റെ പേരിൽ നിങ്ങൾ തന്നെ ഖേദിക്കുകയും ചെയ്യാതിരിക്കാനാണ് ഇത്.» [ഹുജുറാത്: 6]

മേൽ പറഞ്ഞ ഖുർആനിക വചനത്തിന്റെ പ്രയോഗമെന്ന രീ

തിയിലും പ്രമാണങ്ങളിലൊന്നായ സുന്നത്തിന്റെ വിശുദ്ധി കാത്ത് സൂക്ഷിക്കുന്നതിന്റെ ഭാഗമായും മഹാന്മാരായ പണ്ഡിതന്മാരിലൂടെ ഉദ്ധരിക്കപ്പെടുന്ന നബിവചനങ്ങൾ കൃത്യവും കണിശവുമായ പരി ശോധനകൾക്ക് വിധേയമാക്കി. വിവരങ്ങളുടെയും വാർത്തകളുടെ യും സുരക്ഷ ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ നിഷ്കൃഷ്ടമായ വ്യവസ്ഥകളും നിബന്ധനകളും അവർ നിശ്ചയിച്ചു.

അത് കൃത്യമായി പ്രയോഗവൽകരിക്കാനും, നബിചര്യയെ കള ങ്കങ്ങളിൽ നിന്നും കൃതിപ്പുകളിൽനിന്നും സംരക്ഷിക്കുവാനും വേ ണ്ടിയാണ് ചരിത്രത്തിൽ തുല്യതയില്ലാത്ത ഇസ്നാദ് എന്ന സംവി ധാനം തന്നെ നിലവിൽ വന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് റിപ്പോർട്ടുകൾ സ്വീകാര്യയോഗ്യമായ ഹദീസുകളെന്നും ദുർബല രിവായത്തുകളെന്നും വേർതിരിക്കപ്പെട്ടത്.

ഓരോ റിപ്പോർട്ടറെക്കുറിച്ചും, അവരുടെ പേരും, ജനിച്ച നാടും ജീവിതപശ്ചാത്തലവും ഹദീസുമായുള്ള ബന്ധവും ആരിൽ നിന്നാ ണ് ഹദീസ് കേട്ടത്, അദ്ദേഹവുമായി റിപ്പോർട്ടർ സന്ധിച്ചിട്ടുണ്ടോ, സ്ഥാപിത താല്പര്യക്കാരനാണോ കളവ് പറയാനുള്ള സാധ്യത ഉണ്ടോ തുടങ്ങിയ കർശനമായ ഉപാധികൾ ഹദീസിന്റെ വിശുദ്ധി യും സ്വീകാര്യതയും ഉറപ്പു വരുത്താൻ ഉൾക്കാഴ്ചയുള്ള ഹദീസ് പണ്ഡിതന്മാർ നിശ്ചയിച്ചതാണ്.

പ്രസിദ്ധ താബിഈ വര്യനായ ഇബ്നു സീരീൻ ﵀ പറയുന്നു:

عَنْ مُحَمَّدِ بْنِ سِيرِينَ قَالَ: "إِنَّ هَذَا الْعِلْمَ دِينٌ، فَانْظُرُوا عَمَّنْ تَأْخُذُونَ دِينَكُمْ." (مسلم في مقدمة صحيحه)

"തീർച്ചയായും ഈ അറിവ് ദീനാകുന്നു. അതുകൊണ്ട് ഓരോരുത്ത രും ആരിൽ നിന്നാണ് അവരുടെ ദീൻ സ്വീകരിക്കുന്നത് എന്ന് നോ ക്കിക്കൊള്ളട്ടെ." (സ്വഹീഹു മുസ്‌ലിമിന്റെ മുഖവുര)

അദ്ദേഹം തുടർന്ന് പറയുന്നു:

عَنِ ابْنِ سِيرِينَ قَالَ: "لَمْ يَكُونُوا يَسْأَلُونَ عَنِ الْإِسْنَادِ، فَلَمَّا وَقَعَتِ الْفِتْنَةُ قَالُوا سَمُّوا لَنَا رِجَالَكُمْ، فَيُنْظَرُ إِلَى أَهْلِ السُّنَّةِ فَيُؤْخَذُ حَدِيثُهُمْ، وَيُنْظَرُ إِلَى أَهْلِ الْبِدَعِ فَلَا يُؤْخَذُ حَدِيثُهُمْ." (مسلم في مقدمة صحيحه)

"അവർ (മുൻകാലക്കാരായ മുഹദ്ദിസുകൾ) സനദുകളെക്കുറിച്ചു ചോദിക്കാറുണ്ടായിരുന്നില്ല. എന്നാൽ (നിർമ്മിത ഹദീസുകളുടെ കടന്നു കയറ്റം പോലുള്ള) ഫിത്നഃ സംഭവിച്ചപ്പോൾ, 'നിങ്ങളുടെ നിവേദകരുടെ പേരുകൾ ഞങ്ങളോട് പറയൂ' എന്ന് അവർ പറഞ്ഞു. എന്നിട്ട് അഹ് ലുസ്സുന്നഃയുടെ ഹദീസുകൾ സ്വീകരിക്കപ്പെടുകയും അഹ്ലുൽ ബിദ്അഃ ആരെന്ന് പരിശോധനാ വിധേയമാക്കപ്പെടുകയും അവരുടെ ഹദീസുകൾ നിരാകരിക്കുകയും ചെയ്യുമായിരുന്നു." (സ്വഹീഹു മുസ്‌ലിമിന്റെ മുഖവുര)

കാര്യങ്ങൾ അങ്ങനെയൊക്കെയാണെങ്കിലും ഹദീസ് ഗ്രന്ഥങ്ങളിൽ നബിയിലേക്കു ചേർത്ത് കൊണ്ട്, നബി ﷺ പറയാത്ത ചിലതെല്ലാം കടന്നു കൂടിയിട്ടുണ്ട്. സൂക്ഷ്മാലുക്കളായ മുഹദ്ദിസുകൾ ഇക്കാര്യത്തിൽ അതീവ ജാഗ്രത പുലർത്തുകയും പരമാവധി കുറ്റമറ്റതാക്കാൻ പരിശ്രമിച്ചു കൊണ്ടിരിക്കുകയും ചെയ്തു.

ഇന്ന് ജനങ്ങളിൽ സാർവ്വത്രികമായി കണ്ടു വരുന്ന പല ബിദ്അത്തുകളും ദുർബല ഹദീസുകളുടെ സ്വാധീനഫലമായി ഉടലെടുത്തവയാണ്. മൗലികവും മൗലികേതരവുമായ പല വിഷയങ്ങളിലും അവ വ്യാപിച്ചു കിടക്കുന്നു.

ഹദീസുകളിലെ സ്ഥിരപ്പെട്ടവയും അല്ലാത്തവയുമായവ നിർണ്ണയിക്കുകയും ഓരോന്നിന്റെയും ദുർബലത ചൂണ്ടിക്കാണിക്കുകയും ചെയ്യുകയെന്നത് വളരെ ശ്രമകരമായ ദൗത്യമാണ്. ഹദീസുകളെക്കുറിച്ചുള്ള അറിവും പാടവവും ഉള്ളതോടൊപ്പം അതിന്റെ നിവേദകരെക്കുറിച്ച് കൃത്യവും വ്യക്തവുമായ ധാരണയും ഉൾക്കാഴ്ചയും അനിതര സാധാരണമായ നിരീക്ഷണ വൈഭവവും കൈമുതലാക്കിയവർക്കു മാത്രമേ അതിനു സാധിക്കുകയുള്ളൂ.

പലപ്പോഴും പല ഹദീസുകൾക്കും മുൻകാലക്കാരായ മുഹദ്ദിസുകൾ നൽകിയ നിരീക്ഷണങ്ങൾക്ക് വ്യത്യസ്തമായി, സൂക്ഷ്മദൃക്കുകളായ പിൽക്കാലക്കാരായ മുഹദ്ദിസുകൾ ചില വിധികൾ നൽകിയതായി കാണാം. ഹദീസുകളുടെ പാഠഭേദങ്ങളും, സനദുകളിലെ വൈവിധ്യവും, കൈവഴികളിലെ ആധിക്യവും, അവ ഓരോന്നിന്റെയും സുഖമമായ ലഭ്യതയും വിഷയവുമായി ബന്ധപ്പെട്ടുള്ള പഠനത്തിന്റെയും അന്വേഷണത്തിന്റെയും ആഴവും, ഓരോരുത്തർക്കും ഇൽമുൽ ഹദീസിലുള്ള അവഗാഹവുമൊക്കെ പരിഗണിക്കുമ്പോൾ അത് സ്വാഭാവികമാണുതാനും.

ഇൽമുൽ ഹദീസിന്റെ നിശിതമായ നിബന്ധനകൾ പ്രകാരം, സ്വീകാര്യത നിരാകരിക്കാൻ കഴിയാത്ത ഒരു ഹദീസിനെക്കുറിച്ച് ചില കോണുകളിൽ നിന്നുണ്ടായ വിമർശനങ്ങളും വിയോജിപ്പുകളും സൂക്ഷ്മവും സത്യസന്ധവുമായ ഒരു വിശകലനത്തിന് വിധേയമാക്കുകയാണിവിടെ.

ഏതൊരു ഹദീസിലെയും വിധി സ്ഥിരപ്പെടണമെങ്കിൽ, അവയെക്കുറിച്ച് മുഹദ്ദിസുകൾ നടത്തിയിട്ടുള്ള നിരീക്ഷണങ്ങൾ പരിശോധിക്കൽ അനിവാര്യമാണ്. ഹദീസിന്റെ സനദ്, അതിലെ നിവേദകർ, അവരുടെ സ്വീകാര്യതയും സത്യസന്ധതയും ഉറപ്പുവരുത്തൽ, തുടങ്ങി, ഹദീസ് സ്വീകരിക്കാൻ നിശ്ചയിക്കപ്പെട്ടിട്ടുള്ള സവിശേഷതകൾ അവയിൽ സമ്മേളിച്ചിട്ടുണ്ടെന്നും, അതോടൊപ്പം, ഒരു ഹദീസ് നിരാകരിക്കാൻ കാരണമായ അടിസ്ഥാന ന്യൂനതകളിൽ നിന്ന് അവ മുക്തമായതാണെന്ന് ബോധ്യപ്പെടുകയും വേണം.

അല്ലാഹുവിന്റെ ദീനിനോടും നബി ﷺ യുടെ സുന്നത്തിനോടുമുള്ള ബാധ്യത എന്ന നിലയിൽ സത്യസന്ധരും വിശ്വസ്തരുമായ മുഹദ്ദിസുകൾ ആ മഹത്തായ ഉത്തരവാദിത്തം നിർവ്വഹിക്കുന്നു.

# 4

## ഫഹ്മുസ്സ്വഹാബഃ
## അഥവാ സലഫുകളുടെ നടപടി

പ്രമാണവാക്യങ്ങൾ സ്വീകരിക്കുന്നതിലും വ്യാഖ്യാനിക്കുന്നതിലും അമൽ ചെയ്യുന്നതിലും പ്രബോധനം നടത്തുന്നതിലും സ്വഹാബികളുടെ ഫഹ്മിനെയാണ് അഹ്‌ലു സുന്നത്തിവൽ ജമാഅഃ അവലംബിക്കുന്നത്. സ്വന്തം നിരീക്ഷണങ്ങളും വ്യാഖ്യാനങ്ങളും ബുദ്ധിപരമായ സമർത്ഥനങ്ങളും സാഹചര്യത്തിന്റെ താൽപര്യങ്ങളും മുൻനിർത്തി ഖുർആനും ഹദീസും വ്യാഖ്യാനിക്കുന്ന രീതി അവർ തെറ്റായി കണക്കാക്കുകയും അതിനെതിരിൽ ശക്തമായ പ്രതിരോധം തീർക്കുകയും ചെയ്തിരുന്നു.

കാരണം, സലഫുകൾ അഥവാ സ്വഹാബത്താണ് നബി ﷺ യുടെ പ്രഥമ സംബോധിതർ. അവരാണ് വഹ്‌യിന്റെ സാക്ഷികളും അതിന്റെ സത്യസന്ധരായ വാഹകരും. മത വിഷയങ്ങളിൽ അവരുടെ ധാരണയും ഗ്രാഹ്യതയും മറ്റാർക്കുമില്ല. മുസ്‌ലിം ഉമ്മത്തിന്റെ സുരക്ഷിതത്വം അവരെ നന്മയിൽ പിന്തുടരുന്നതിലാണ്. അതാണ് സ്വർഗ്ഗപ്രവേശത്തിനുള്ള ഏക വഴി. അല്ലാഹു പറയുന്നു:

﴿فَإِنْ آمَنُوا بِمِثْلِ مَا آمَنْتُمْ بِهِ فَقَدِ اهْتَدَوْا وَإِنْ تَوَلَّوْا فَإِنَّمَا هُمْ فِي شِقَاقٍ

فَسَيَكْفِيكَهُمُ اللَّهُ وَهُوَ السَّمِيعُ الْعَلِيمُ ﴿١٣٧﴾ [البقرة]

«നിങ്ങൾ വിശ്വസിച്ചതിനു തത്തുല്യമായത് അവരും വിശ്വസിക്കുന്നുവെങ്കിൽ അവർ സന്മാർഗം പ്രാപിച്ചു. മറിച്ച് അവർ പിന്തിരിയുന്നപക്ഷം തീർച്ചയായും അവർ വിരുദ്ധ ചേരിയിലാണ്. അവരുടെ കാര്യത്തിൽ നിനക്ക് അല്ലാഹു മതി. അവൻ എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനുമാകുന്നു. [അൽ ബഖറ: 137]

അല്ലാഹു പറയുന്നു:

﴿وَمَنْ يُشَاقِقِ الرَّسُولَ مِنْ بَعْدِ مَا تَبَيَّنَ لَهُ الْهُدَى وَيَتَّبِعْ غَيْرَ سَبِيلِ الْمُؤْمِنِينَ نُوَلِّهِ مَا تَوَلَّى وَنُصْلِهِ جَهَنَّمَ وَسَاءَتْ مَصِيرًا ﴿١١٥﴾ [النساء]

«തനിക്ക് സന്മാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷം ആരെങ്കിലും റസൂലിനോട് വിഘടിച്ചു നിൽക്കുകയും, സത്യവിശ്വാസികളുടേതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവൻ തിരിഞ്ഞ വഴിക്കു തന്നെ നാം അവനെ തിരിച്ചുവിടുന്നതും നരകത്തിൽ വെച്ച് നാം അവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം.» [നിസാഅ്: 115]

ഈ ആയത്തിൽ പരാമർശിച്ച 'സത്യവിശ്വാസികളുടെ മാർഗ്ഗം' എന്നതിന്റെ വിവക്ഷ സ്വഹാബത്തിന്റെ ധാരണയാണ്.

നബി ﷺ പറയുന്നു:

عَنْ عَبْدِ اللَّهِ بْنِ عَمْرٍو قَالَ : قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: «لَيَأْتِيَنَّ عَلَى أُمَّتِي مَا أَتَى عَلَى بَنِي إِسْرَائِيلَ حَذْوَ النَّعْلِ بِالنَّعْلِ، حَتَّى إِنْ كَانَ مِنْهُمْ مَنْ أَتَى أُمَّهُ عَلَانِيَةً لَكَانَ فِي أُمَّتِي مَنْ يَصْنَعُ ذَلِكَ، وَإِنَّ بَنِي إِسْرَائِيلَ تَفَرَّقَتْ عَلَى ثِنْتَيْنِ وَسَبْعِينَ مِلَّةً، وَتَفْتَرِقُ أُمَّتِي عَلَى ثَلَاثٍ وَسَبْعِينَ مِلَّةً، كُلُّهُمْ فِي النَّارِ، إِلَّا مِلَّةً وَاحِدَةً» قَالُوا: وَمَنْ هِيَ يَا رَسُولَ اللَّهِ؟ قَالَ: «مَا أَنَا عَلَيْهِ وَأَصْحَابِي» هَذَا

حَدِيثٌ مُفَسَّرٌ غَرِيبٌ لَا نَعْرِفُهُ مِثْلَ هَذَا، إِلَّا مِنْ هَذَا الْوَجْهِ.

[الترمذي في سننه]

അബ്ദുല്ലാ ബിൻ അംറ് ﵁ നിവേദനം. നബി ﷺ പറയുന്നു: «ബനൂ ഇസ്റാഈലിന് വന്നുഭവിച്ചത്, ചെരുപ്പിന് ചെരുപ്പ് എന്ന പോലെ എന്റെ ഉമ്മത്തിനും വന്നുചേരുക തന്നെ ചെയ്യും. ഏതു വരെയെന്നു വെച്ചാൽ, അവരിലൊരുവൻ തന്റെ മാതാവുമായി പരസ്യമായി ലൈംഗിക ബന്ധത്തിലേർപ്പെട്ടിട്ടുണ്ടെങ്കിൽ, അത് പോലെയുള്ളത് എന്റെ സമുദായത്തിലുള്ളവനും ചെയ്യുന്നത് വരെ. തീർച്ചയായും ഇസ്റാഈൽ സന്തതികൾ എഴുപത്തിരണ്ട് വിഭാഗമായി വേർപിരിഞ്ഞിട്ടുണ്ട്. എന്റെ ഉമ്മത്ത് എഴുപത്തിമൂന്ന് വിഭാഗമായി വേർപിരിയും. എല്ലാം നരകത്തിലാണ്; ഒരു വിഭാഗമൊഴികെ.» അവർ ചോദിച്ചു: "അല്ലാഹുവിന്റെ റസൂലേ, ആരാണവർ?" അവിടുന്ന് പറഞ്ഞു: «ഞാനും എന്റെ സ്വഹാബത്തും ഏതൊന്നിലാണോ ഉള്ളത് അതിൽ നിലകൊള്ളുന്നവർ.» ഇത് സ്വതസ്പഷ്ടവും എന്നാൽ ഒറ്റ നിവേദകനിൽ അധിഷ്ഠിതവുമായ ഹദീസാണ്. ഈയൊരു നിവേദക ശൃംഖലയിലൂടെയല്ലാതെ ഇത് ഉദ്ധരിക്കപ്പെട്ടതായി നമുക്കറിവില്ല. (സുനനുത്തിർമുദി)

ആകയാൽ നബി ﷺ ജീവിച്ചിരിക്കെ, അദ്ദേഹവും സ്വഹാബത്തും ഏതൊരു മില്ലത്തിലായിരുന്നോ ആ മാർഗ്ഗത്തിലുള്ളവരാണ് സ്വർഗ്ഗത്തിൽ പ്രവേശിക്കുന്ന വിഭാഗം. അവരുടെ വിശ്വാസവും ആചാരവും അനുഷ്ഠാന മുറകളും നിലപാടുകളും അതേപടി സ്വീകരിക്കുകയും, കർമ്മപഥത്തിൽ കൊണ്ട് വരികയും ചെയ്യുന്നവരാണ് രക്ഷപ്പെട്ട കക്ഷി.

പ്രമാണവാക്യങ്ങൾ തെറ്റായ നിലയിൽ മനസ്സിലാക്കപ്പെടുകയും വ്യവഹരിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥ ഉണ്ടാകാൻ പാടില്ല. അതിനുള്ള സുരക്ഷാ കവചമാണ് സ്വഹാബത്തിന്റെ ഫഹ്മ്, അഥവാ അവരുടെ നടപടിക്രമം.

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യഃ ﷺ പറയുന്നു:

"فَهُمْ أَعْلَمُ الْأُمَّةِ بِحَدِيثِ الرَّسُولِ وَسِيرَتِهِ وَمَقَاصِدِهِ وَأَحْوَالِهِ، وَنَحْنُ لَا نَعْنِي بِأَهْلِ الْحَدِيثِ الْمُقْتَصِرِينَ عَلَى سَمَاعِهِ أَوْ كِتَابَتِهِ أَوْ رِوَايَتِهِ بَلْ نَعْنِي بِهِمْ: كُلَّ مَنْ كَانَ أَحَقَّ بِحِفْظِهِ وَمَعْرِفَتِهِ وَفَهْمِهِ ظَاهِرًا وَبَاطِنًا وَاتِّبَاعِهِ بَاطِنًا وَظَاهِرًا." (ابن تيمية في مجموع فتاويه)

"നബി ﷺ യുടെ ഹദീസുകൾ, ചരിതങ്ങൾ, അവസ്ഥാ വിശേഷങ്ങൾ, ഉദ്ദേശ്യലക്ഷ്യങ്ങൾ എന്നിവയെ കുറിച്ച് ഈ സമുദായത്തിൽ ഏറ്റവും സൂക്ഷ്മമായി അറിവുള്ളവർ അഹ്‌ലുൽ ഹദീസുകാരാണ്. അഹ്‌ലുൽ ഹദീസ് എന്നതു കൊണ്ട് വിവക്ഷിക്കുന്നത് ഹദീസ് കേൾക്കുക, രേഖപ്പെടുത്തുക, നിവേദനം ചെയ്യുക എന്നിത്യാദി കാര്യങ്ങളിൽ ഏർപ്പെടുന്നവരെ മാത്രമല്ല. മറിച്ച്, അത് സംരക്ഷിക്കുന്നതിലും ഗ്രഹിക്കുന്നതിലും മനസ്സിലാക്കുന്നതിലും പ്രത്യക്ഷമായോ പരോക്ഷമായോ പങ്കുള്ള എല്ലാവരും അതിന്റെ വിവക്ഷയിലുൾപ്പെടുന്നു." (ഫതാവാ ഇബ്നി തൈമിയ്യഃ)

ശൈഖ് റബീഅ് ബിൻ ഹാദി അൽ മദ്ഖലി ﷺ പറയുന്നു:

"فإن سنة رسول الله ﷺ محفوظة، وإذا وهم أحد على رسول الله في كلمة، أو أخطأ في حرف فإن الله قد هيأ من هذه الأمة رجالا يبينون هذه الأخطاء، كما قال ابن حبان، فلا يخطئ أحد على رسول الله في كلمة، أو حرف، إلا وقد بين ذلك، ألف، أو واو، أو ياء، إلا وقد بين الله ذلك." (عون الباري ببيان ما تضمنه شرح السنة للإمام البربهاري)

"നബി ﷺ യുടെ സുന്നത്ത് തീർച്ചയായും സംരക്ഷിക്കപ്പെടുന്നതു തന്നെയാണ്. റസൂലുല്ലാഹി ﷺ യിൽ നിന്നുള്ള ഏതെങ്കിലും ഒരു വാക്കിൽ ഒരാൾ സംശയിച്ചാൽ, അല്ലെങ്കിൽ ഒരു അക്ഷരത്തിൽ ആർക്കെങ്കിലും അബദ്ധം പിണഞ്ഞാൽ, അതിലെ ശരിതെറ്റുകൾ വ്യക്തമാക്കാൻ പ്രാപ്തരായ ആളുകളെ അല്ലാഹു സജ്ജമാക്കിയിട്ടു

ണ്ട്. ഇബ്ന ഹിബ്ബാൻ ﵀ പറഞ്ഞത് പോലെ –നബി ﷺ യുടെ വചനത്തിൽ ഒരു വാക്കിലോ, അലിഫ്, വാവ്, യാഅ് പോലുള്ള ഒരക്ഷരത്തിലോ ഒരാൾ അബദ്ധം വരുത്തിയാൽ അത് പോലും വ്യക്തമാക്കപ്പെടാതെ പോവില്ല." (റബീഅ് അൽമദ്ഖലി | ഔനൽബാരി)

അതേപോലെ, അല്ലാഹുവിന്റെ ദീൻ സംരക്ഷിച്ചു നിലനിർത്തുന്നതിനായി യോഗ്യരും പ്രാപ്തരുമായ ഉലമാക്കളെയും മുഹദ്ദിസുകളെയും അല്ലാഹു നിശ്ചയിച്ചിരിക്കുന്നു.

ഈ പശ്ചാത്തലത്തിലാണ് ശൈഖ് നാസ്വിറുദ്ദീൻ അൽബാനി ﵀ യുടെ ഇടപെടൽ പ്രസക്തമാകുന്നത്. ഹദീസുകളെ കുറിച്ചുള്ള നിരന്തരവായന, പഠനം, ഗവേഷണം എന്നിവയിലൂടെ ചുരുങ്ങിയ കാലം കൊണ്ട് അടുത്തവർക്കും അകന്നവർക്കുമിടയിൽ അഗ്രേസരനായ ഒരു മുഹദ്ദിസായി ചിരപ്രതിഷ്ഠ നേടാൻ അദ്ദേഹത്തിന സാധിച്ചിട്ടുണ്ട്. കമ്യൂണിസ്റ്റ് അൽബേനിയയിൽ ജനിച്ച്, ബാല്യകാലത്തു തന്നെ പിതാവിനോടൊപ്പം സിറിയയിലേക്ക് പലായനം നടത്തി, തലസ്ഥാനമായ ഡമാസ്കസിൽ താമസമാക്കിയ അദ്ദേഹം ഹദീസ് വിജ്ഞാനീയങ്ങളിൽ കിടയറ്റ പണ്ഡിതനും നിരൂപകനുമാണ്.

അദ്ദേഹം കൈവെക്കാത്ത ഒരു മേഖലയും ഹദീസുമായി ബന്ധപ്പെട്ട വിജ്ഞാന ശാഖകളിലില്ല. ഹദീസ് സമാഹരണം, സംശോധന, നിരൂപണം, രചന എന്നീ മേഖലകളിലെല്ലാം അദ്ദേഹം തന്റേതായ വ്യക്തിമുദ്ര ചാർത്തി. കിടയറ്റ നിരവധി ഹദീസ് സമാഹാരങ്ങളുടെ ഉടമയായ ശൈഖ് അൽബാനി ﵀ തെളിമയാർന്ന നിരീക്ഷണപാടവം കൊണ്ട് സഹചാരികളെയെല്ലാം അത്ഭുതപ്പെടുത്തി. അദ്ദേഹത്തിന്റെ സമകാലീനനും സൗദി അറേബ്യയിലെ ഗ്രാൻഡ് മുഫ്തിയുമായിരുന്ന ശൈഖ് അബ്ദുൽ അസീസ് ഇബ്ന ബാസ് ﵀ അദ്ദേഹത്തെ കുറിച്ച് നടത്തിയ നിരീക്ഷണം തന്നെ മേൽ കാര്യത്തെ സാക്ഷീകരിക്കുന്നു:

"ما رأيت تحت أديم السماء عالما بالحديث في العصر الحديث مثل العلامة محمد ناصر الدين الألباني." (حياة الألباني لمحمد بن إبراهيم الشيباني)

"ആധുനിക ലോകത്ത് മുഹമ്മദ് നാസിറുദ്ദീൻ അൽബാനിയോളം ഹദീസിൽ വ്യുൽപത്തിയുള്ള മറ്റൊരു ഹദീസ് പണ്ഡിതനെ ആകാശത്തിനു കീഴിൽ ഞാൻ കണ്ടിട്ടില്ല." (മുഹമ്മദ് ഇബ്റാഹീം ശൈബാനി | ഹയാത്തുൽ അൽബാനി)

അക്കാലത്ത് ജീവിച്ച അഹ്‌ലുസുന്നഃയുടെ മറ്റു ഉലമാക്കളും അദ്ദേഹത്തെക്കുറിച്ച് നടത്തിയ ഇത്തരം പ്രശംസാവചനങ്ങൾ നിരവധിയാണ്. വിസ്താരഭയത്താൽ തൽക്കാലം ഒന്നു കൊണ്ട് മതിയാക്കുകയാണ്.

നാം വിശകലനം ചെയ്യുന്ന വിഷയം ഗ്രഹിക്കാൻ ഹദീസിനെ കുറിച്ചുള്ള സമാന്യധാരണ കൂടി അനിവാര്യമാണ്. അതിനാൽ ഏതൊരു വായനക്കാരനും അറിഞ്ഞിരിക്കേണ്ട പ്രാഥമികമായ ചില കാര്യങ്ങൾ കൂടി ചുവടെ കുറിക്കാം.

ഒരു ഹദീസിന് പ്രധാനമായും രണ്ട് ഭാഗങ്ങളാണുണ്ടായിരിക്കുക. ഒന്ന്: നബി ﷺ യിൽ നിന്ന് ഹദീസ് നേരിട്ട് കേട്ട സ്വഹാബി മുതൽ ഹദീസ് ക്രോഡീകരിക്കുന്ന മുഹദ്ദിസ് വരെ നീളുന്ന നിവേദക പരമ്പര. അതിനാണ് സാമാന്യമായി സനദ് അല്ലെങ്കിൽ ഇസ്നാദ് (سند أو إسناد) എന്ന് പറയുന്നത്. ഏതൊരു ഹദീസും സ്വീകരിക്കപ്പെടാനുള്ള പ്രാഥമികമായ നിബന്ധന അതിനു ഇടമുറിയാത്ത സനദ് ഉണ്ടായിരിക്കുകയും, അതിലെ നിവേദകന്മാർ ഹദീസ് നിവേദനത്തിന് നിശ്ചയിക്കപ്പെട്ട യോഗ്യത തെളിയിക്കപ്പെട്ടവരുമായിരിക്കണം എന്നുള്ളതാണ്.

രണ്ട്: നബി ﷺ യിൽനിന്ന് ഉദ്ധരിക്കപ്പെടുന്ന ചര്യ അഥവാ ഉള്ളടക്കം, സാങ്കേതികമായി (متن) എന്ന് പറയുന്ന ഭാഗം. അത് മുഖ്യമായും നബി ﷺ യുടെ വാക്കോ, പ്രവൃത്തിയോ, അംഗീകാരമോ ആയിരിക്കും.

ഒരു ഹദീസിന്റെ സനദിലുള്ള നിവേദകരെക്കുറിച്ചുള്ള നിരീക്ഷണവും പരിശോധനയും അതീവ പ്രാധാന്യമുള്ളതും, നമ്മുടെ സവി

ശേഷ ശ്രദ്ധ പതിയേണ്ടതുമായ കാര്യമാണ്. ഹദീസിനെക്കുറിച്ച് അറിവുള്ളവരെല്ലാം അതിന്റെ നിവേദക പരമ്പരയിലെ റിപ്പോർട്ടർ മാരെക്കുറിച്ച് മതിയായ ഗ്രാഹ്യമോ, അവരെ കുറിച്ച് നിരൂപണം നടത്താൻ കഴിവുള്ളവരോ ആയിക്കൊള്ളണമെന്നില്ല. അതായത് ഹദീസിനെക്കുറിച്ചുള്ള അറിവ് വേറെയും അതിന്റെ നിവേദകപ രമ്പരയിലെ റിപ്പോർട്ടർമാരെക്കുറിച്ചുള്ള അറിവ് വേറെയുമാണ്. അതിൽ തന്നെയും, പ്രത്യക്ഷത്തിൽ സ്വഹീഹാണെന്ന് തോന്നി പ്പിക്കുകയും എന്നാൽ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ സൂ ക്ഷ്മദൃക്കുകൾക്ക് മാത്രം കണ്ടെത്താൻ കഴിയുകയും ചെയ്യുന്ന ഒരു വൈജ്ഞാനികശാഖ വേറെയുണ്ട്. അതിനെയാണ് 'ഇലലുൽ ഹദീ സ്' എന്ന് വിളിക്കുന്നത്. ഹദീസ് നിരൂപണ വിജ്ഞാനീയങ്ങളിൽ ഏറെ ശ്രമകരമായതും, അതേ സമയം ഹദീസിന്റെ സ്വീകാര്യതയെ ബാധിക്കുന്നതുമായ ഒരു ഇനമാണിത്. ഗോപ്യവും അതിസൂക്ഷ്മ വുമായ ഈ വിജ്ഞാനശാഖയിൽ കൈവെക്കാൻ മാത്രം യോഗ്യത നേടിയ മുഹദ്ദിസാണ് ശൈഖ് നാസിറുദ്ദീൻ അൽബാനി ﵀. ഇമാം ബൈഹഖീ, ദാറഖുത്വ്നി, അലിയ്യു ബിൻ അൽ മദീനി തുടങ്ങിയ പൗരാണിക മുഹദ്ദിസുകളുടെ ശ്രേണിയിൽ ഇടം പിടിക്കാൻ മാത്രം പരിണിതപ്രജ്ഞനായിരുന്നു അദ്ദേഹം എന്ന് കൂടി ഇത് അർത്ഥമാ ക്കുന്നു. അറബികളിലും അനറബികളിലും അൽബാനിയെ തിരിച്ച റിയുകയും അദ്ദേഹത്തിന്റെ വൈജ്ഞാനിക വ്യാപ്തി ഉൾക്കൊള്ളു കയും ചെയ്തവർ വിരളമാണ്. "ഇമാം ഇബ്ന ഹജർ ﵀ ക്കു ശേഷം അൽബാനിയെപ്പോലെ ഒരാളെ ഒരു സ്ത്രീയും പ്രസവിച്ചിട്ടില്ല" എന്ന പ്രസ്താവത്തിൽ ഒട്ടും അതിശയോക്തിയില്ല. അദ്ദേഹത്തി ന്റെ ഇരു സിൽസിലകളും, ഇർവാഉം, മിശ്കാതും, തമാമുൽ മിന്നഃ യുമൊക്കെ അതിലേക്കുള്ള ചില ചൂണ്ടുപലകകൾ മാത്രമാണ്.

ഓരോ ഹദീസിനെയും സൂക്ഷ്മമായി പരിശോധിക്കാനും അതി ന്റെ നിവേദകപരമ്പരയിലെ റിപ്പോർട്ടർമാരെക്കുറിച്ച് ആധികാരി കമായി വിധി പറയാനും അൽബാനിക്കുള്ള പാടവം അനിതരസാ ധാരണമാണ്.

ഇവിടെ ചർച്ച ചെയ്യുന്ന ഹദീസിനെക്കുറിച്ച് ഗഹനമായ ചർച്ച യുടേയും നിരീക്ഷണത്തിന്റേയും കൂലങ്കഷമായ പഠനത്തിന്റേയും അടിസ്ഥാനത്തിൽ ഇമാം അൽബാനി ﵀ സ്വീകരിച്ചിട്ടുള്ള നിലപാട് ആരേയും ഇരുത്തിച്ചിന്തിപ്പിക്കാൻ മാത്രം വൈജ്ഞാനികവും ആശ യസമ്പുഷ്ടവുമാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല.

ശനിയാഴ്ച ദിവസത്തിലുള്ള സുന്നത്ത് നോമ്പിനെ വിലക്കുന്ന ഹദീസിനെക്കുറിച്ച് സൂക്ഷ്മ പരിശോധന നടത്തുകയും, ആ ഹദീ സിന്റെ സ്വീകാര്യതയിൽ സംശയം പ്രകടിപ്പിക്കുന്നവരെ, ശക്തമായ തെളിവുകൾ കൊണ്ട് ഖണ്ഡിക്കുകയും ചെയ്ത പ്രഗത്ഭരായ പണ്ഡി തരിൽ ഒരാളാണ് ഹദീസ് നിരൂപണ വിജ്ഞാനീയങ്ങളിൽ അഗ്രേ സരനും ആധുനിക മുഹദ്ദിസുകളിൽ അദ്വിതീയനുമായ ശൈഖ് മുഹമ്മദ് നാസിറുദ്ദീൻ അൽബാനി ﵀.

ശനിയാഴ്ചയിലെ സുന്നത് നോമ്പുമായി ബന്ധപ്പെട്ട വിശദ മായ പഠനവും ചർച്ചയുമാണ് തുടർന്ന് വരുന്നത്.

# 5

## ശനിയാഴ്ച സുന്നത്ത് നോമ്പ് പാടില്ല
## ഹദീസിന്റെ പൂർണ്ണരൂപം

حَدَّثَنَا حُمَيْدُ بْنُ مَسْعَدَةَ، حَدَّثَنَا سُفْيَانُ بْنُ حَبِيبٍ ح وَحَدَّثَنَا يَزِيدُ بْنُ قُبَيْسٍ مِنْ أَهْلِ جَبَلَةَ، حَدَّثَنَا الْوَلِيدُ، جَمِيعًا عَنْ ثَوْرِ ابْنِ يَزِيدَ، عَنْ خَالِدِ بْنِ مَعْدَانَ، عَنْ عَبْدِ اللهِ بْنِ بُسْرٍ السُّلَمِيِّ، عَنْ أُخْتِهِ - وَقَالَ يَزِيدُ: الصَّمَّاءِ - أَنَّ النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ: «لَا تَصُومُوا يَوْمَ السَّبْتِ إِلَّا فِي مَا افْتُرِضَ عَلَيْكُمْ، وَإِنْ لَمْ يَجِدْ أَحَدُكُمْ إِلَّا لِحَاءَ عِنَبَةٍ أَوْ عُودَ شَجَرَةٍ فَلْيَمْضَغْهُ»

(سنن أبي داود، باب النهي أن يخص يوم السبت بصوم)

# 6

## ഹദീസിന്റെ അർത്ഥം

ഇമാം അബൂ ദാവൂദ് ﵀ പറയുന്നു: ഹുമൈദ് ബിൻ മസ്അദഃ യാണ് ഇത് നമ്മോട് പറഞ്ഞത്. അദ്ദേഹം പറയുന്നു, തന്നോട് പറഞ്ഞത് സുഫ്യാൻ ബിൻ ഹബീബാണ്. (മറ്റൊരു കൈവഴി) ഇമാം അബൂ ദാവൂദ് പറയുന്നു: യസീദ് ബിൻ ഖൈസും ഇത് നമ്മോട് പറഞ്ഞിരിക്കുന്നു. അദ്ദേഹം പറയുന്നു, തന്നോട് പറഞ്ഞത് വലീദാണ്. അവരെല്ലാം ഥൗർ ബിൻ യസീദിൽ നിന്നും, അദ്ദേഹം ഖാലിദ് ബിൻ മഅ്ദാനിൽ നിന്നും, അദ്ദേഹം അബ്ദുല്ലാഹിബിൻ ബുസ്ർ അസ്സുലമിയിൽ നിന്നും, അദ്ദേഹം തന്റെ സഹോദരിയിൽ നിന്നും. – യസീദ് ഇങ്ങനെ കൂടി പറഞ്ഞു: അബ്ദുല്ലാഹി ബിൻ ബുസ്ർ തന്റെ സഹോദരിയായ സ്വമ്മാഇൽ നിന്ന് – നിശ്ചയമായും നബി ﷺ പറയുന്നു:

«ശനിയാഴ്ച ദിവസം നിങ്ങളുടെ മേൽ നിർബന്ധമാക്കപ്പെട്ടതല്ലാത്ത ഒരു നോമ്പും നിങ്ങൾ എടുക്കരുത്. നിങ്ങളിലൊരാൾക്ക് ഒരു മുന്തിരിയുടെ തൊലിയോ, ഒരു മരക്കമ്പോ അല്ലാതെ മറ്റൊന്നും കിട്ടിയില്ലെങ്കിൽ, അതെങ്കിലും ചവക്കട്ടെ.»

(ശനിയാഴ്ച ദിവസം പ്രത്യേകമായി നോമ്പെടുക്കുന്നതിന്റെ

വിലക്ക് സംബന്ധിച്ച അദ്ധ്യായം - സുനനു അബീ ദാവൂദ്)

തിർമുദി, അഹ്മദ്, ഇബ്നു മാജഃ, ദാരിമി, ഹാകിം തുടങ്ങിയവരും ഈ ഹദീസ് രിവായത്ത് ചെയ്തിട്ടുണ്ട്.

ഇമാം ബുഖാരിയുടെ നിബന്ധനക്കൊത്ത ഹദീസാണിതെന്ന് ഹാകിം മുസ്തദ്റകിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ദഹബി അത് അംഗീകരിക്കുകയും കാര്യം അപ്രകാരം തന്നെയാണെന്ന് ശൈഖ് അൽബാനി പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ട്. (വിശദാംശങ്ങൾക്കായി ഇമാം അൽബാനി ﵀ യുടെ ഇർവാഉൽ ഗലീൽ കാണുക)

# 7

## ഹദീസിന്റെ ഉള്ളടക്കം

നോമ്പുകളെ നിർബന്ധം ഐച്ഛികം എന്നിങ്ങനെ രണ്ടായി വിഭജിക്കാം. റമദാൻ മാസത്തിലെ നോമ്പ്, നേർച്ചയുടെ നോമ്പ്, പ്രായശ്ചിത്ത നോമ്പ് തുടങ്ങിയവ നിർബന്ധ നോമ്പിനുള്ള ഉദാഹരണങ്ങളാണ്. അറഫാ നോമ്പ്, മുഹറം ഒമ്പതും പത്തും ദിവസങ്ങളിലെ നോമ്പ്, ശവ്വാലിലെ ആറ് നോമ്പ് തുടങ്ങിയവ ഐഛികമായവക്കുള്ള ഉദാഹരണങ്ങളാണ്.

നോമ്പ് നിഷിദ്ധമായ ദിവസങ്ങളുണ്ട്. രണ്ട് പെരുന്നാളുകൾ, റമദാനാണോ അല്ലേ എന്ന് സംശയിക്കുന്ന ദിവസം (يوم الشك), വെള്ളിയാഴ്ച ദിവസം തനിച്ച് നോമ്പനുഷ്ഠിക്കൽ തുടങ്ങിയവ ഉദാഹരണം. അതുപോലെ ശനിയാഴ്ച ദിവസം സുന്നത്തായ ഒരു നോമ്പും പാടില്ല. അന്നേ ദിവസം തനിച്ചോ തൊട്ടു മുമ്പോ ശേഷമോ ഉള്ള ദിവസത്തിലേക്ക് ചേർത്തു കൊണ്ടോ നോമ്പനുഷ്ഠിക്കുന്നതും വിലക്കപ്പെട്ടിരിക്കുന്നു. കാരണം, മേൽ ഹദീസിലെ പ്രതിപാദ്യം ശനിയാഴ്ച ദിവസം എടുക്കുന്ന സുന്നത്തായ മുഴുവൻ നോമ്പുകളെയും കുറിച്ചാണ്.

ശനിയാഴ്ച സുന്നത്ത് നോമ്പെടുക്കുന്നത് വിലക്കപ്പെട്ടതാ

ണെന്ന മേൽ ഹദീസിന്റെ അടിസ്ഥാനത്തിൽ സലഫുകൾ അമൽ ചെയ്തിട്ടുണ്ടോ എന്നാണ് ഇനി പരിശോധിക്കാനുള്ളത്.

ഈ ഹദീസ് രിവായത് ചെയ്ത സ്വഹാബിവര്യനായ അബ്ദുല്ലാഹ് ബിൻ ബുസ്റും നബി ﷺ യുടെ പരിചാരകനായ ഥൗബാനും ؓ അക്കാര്യം സ്ഥിരീകരിച്ചിട്ടുണ്ട്. അത് ഇപ്രകാരം വായിക്കാം:

عن ثَوْبَانَ، مَوْلَى النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ سُئِلَ عَنْ صِيَامِ يَوْمِ السَّبْتِ، قَالَ: سَلُوا عَبْدَ اللهِ بْنَ بُسرٍ، قَالَ: فَسُئِلَ، فَقَالَ: "صِيَامُ يَوْمِ السَّبْتِ لَا لَكَ وَلَا عَلَيْكَ." (سنن النسائي)

നബി ﷺ യുടെ മൗലയായ ഥൗബാൻ ؓ നിവേദനം. ശനിയാഴ്ച ദിവസത്തിലെ നോമ്പിനെക്കുറിച്ച് അദ്ദേഹം ചോദിക്കപ്പെട്ടു. അപ്പോൾ അദ്ദേഹം അബ്ദുല്ലാഹ് ബിൻ ബുസ്റിനോട് ചോദിക്കാൻ പറഞ്ഞു. അങ്ങനെ അദ്ദേഹത്തോട് ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: "ശനിയാഴ്ചയിലെ നോമ്പിൽ നിനക്ക് (പ്രതിഫലം) ഇല്ല, അത് (ഉപേക്ഷിക്കുന്നതിൽ) നിനക്ക് കുറ്റവുമില്ല." (സുനനുന്നസാഈ)

പ്രതിഫലം പ്രതീക്ഷിച്ചു കൊണ്ടാണല്ലോ എല്ലാവരും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുന്നത്. ശനിയാഴ്ചയിലെ സുന്നത്ത് നോമ്പ് അനുഷ്ഠിക്കുന്നതും അല്ലാഹുവിൽ നിന്നുള്ള പ്രതിഫലം ആഗ്രഹിച്ചു കൊണ്ട് തന്നെയാണ്. പ്രതിഫലമാഗ്രഹിച്ച് കൊണ്ട് ആരെങ്കിലും ശനിയാഴ്ച ദിവസം സുന്നത്ത് നോമ്പനുഷ്ഠിക്കുന്നുവെങ്കിൽ, അതിന് പ്രതിഫലം ലഭിക്കില്ല എന്നാണ് മേൽവചനം നൽകുന്ന പാഠം. കൂടാതെ, ശനിയാഴ്ച സുന്നത്ത് നോമ്പെടുത്താൽ നബി ﷺ യുടെ വിലക്ക് മറികടന്നുവെന്ന കുറ്റവും അവനുമേൽ ചുമത്തപ്പെടും.

ഈ വചനം വിശദീകരിച്ചു കൊണ്ട് ഇമാം അൽബാനി ؒ പറയുന്നത് കാണുക:

"...لكن المسلم حينما يعرف المسألة من الناحية الفقهية لا يصومه؛ لا يتجرأ على صيامه، ولئن فعل فهو كما قال عليه السلام في صوم آخر ألا وهو صوم الدهر «من صام الدهر لا صام ولا أفطر»، هذا على هذا تمامًا.

«...من صام الدهر لا صام ولا أفطر»، هذا ما فيه نهي، لكن فيه إخبار أنه ضيع وقته وعطشه وجوعه سدى، فهو ما صام، لكن في الواقع أيضا ما أفطر، لأنه استمر ممسكًا عن الطعام والشراب، إذًا هذا إضاعة للوقت وإضاعة للجهود، وأخيرًا يأتي ابتداع في الدين... فهذا الحديث الموقوف ينفعنا نحن من الشطر الأول "صيام يوم السبت لا لك" ما يضرنا آخره "لا عليك"، لأننا نحن نأخذ من الكلام الموقوف ما يوافق الكلام المرفوع إلى الرسول عليه السلام." (سلسلة الهدى والنور، شريط رقم ١٨٢)

**"...എന്നാൽ ഒരു മുസ്‌ലിം, വിഷയത്തെ വൈജ്ഞാനിക കോണിലൂടെ മനസ്സിലാക്കുമ്പോൾ അന്നേ ദിവസം നോമ്പെടുക്കുകയോ നോമ്പെടുക്കാൻ ധൃഷ്ടനാവുകയോ ചെയ്യില്ല. ഇനി അങ്ങനെ ചെയ്യുകയാണെങ്കിൽ തന്നെ, കാലം മുഴുവൻ നോമ്പനുഷ്ഠിക്കുന്നവനെക്കുറിച്ച് മറ്റൊരു ഹദീസിൽ പറഞ്ഞ പോലെയാണ് അവൻ ആയിത്തീരുക. «ആരാണോ കാലം മുഴുവൻ നോമ്പെടുത്തത് അവൻ നോമ്പെടുത്തിട്ടില്ല, നോമ്പ് മുറിച്ചിട്ടുമില്ല.» അതു തന്നെയാണ് തീർത്തും ഈ വചനത്തിലുമുള്ളത്.**

**«...ആരാണോ കാലം മുഴുവൻ നോമ്പെടുക്കുന്നത് അവൻ നോമ്പെടുത്തിട്ടില്ല, നോമ്പ് മുറിച്ചിട്ടുമില്ല.» ഇതിൽ വിലക്ക് വന്നിട്ടില്ലെങ്കിലും, അവൻ അവന്റെ സമയം, വിശപ്പ്, ദാഹം എല്ലാം വെറുതെ പാഴാക്കിക്കളഞ്ഞു എന്ന് അറിയിപ്പുണ്ട്. അവൻ യഥാർത്ഥത്തിൽ നോമ്പെടുത്തിട്ടില്ല. എന്നാൽ ഭക്ഷണപാനീയങ്ങൾ കഴിച്ച് അവൻ നോമ്പ് മുറിച്ചിട്ടുമില്ല. അങ്ങനെ അവൻ അവന്റെ സമയവും അദ്ധ്വാനവും പാഴാക്കിക്കളഞ്ഞു. എന്നല്ല, അവസാനം മതത്തിൽ പുതി**

യൊരു കാര്യം കൊണ്ട് വരികയും ചെയ്തു. അപ്പോൾ മൗഖൂഫായ ഈ വചനത്തിലെ "ശനിയാഴ്ചയിലെ നോമ്പ് നിനക്കുള്ളതല്ല" എന്ന ആദ്യഭാഗം നമുക്ക് ഏറെ സഹായകരമായി വർത്തിക്കുന്നു. "അതിൽ നിനക്ക് എതിരായി ഒന്നുമില്ല" എന്ന അവസാന ഭാഗം നമുക്ക് ദോഷകരമായിത്തീരുന്നുമില്ല. കാരണം, നമ്മൾ മൗഖൂഫായതിൽ നിന്ന് എടുക്കുന്നത് നബി ﷺ യിലേക്ക് ചേർക്കപ്പെടുന്ന മർഫൂആയ ഹദീസുമായി യോജിച്ചു വരുന്ന ഭാഗം മാത്രമാണ്. (സിൽസിലതുൽ ഹുദാ വന്നൂർ, കാസറ്റ് നമ്പർ: 182)

"...فهل يجوز أن يصوم الدهر ما دام هو لا صام ولا أفطر؟ لا صام شرعا ولا أفطر واقعا؛ فإذا في ماذا يتعب الإنسان نفسه، فيجوعها بالامتناع عن الشراب والطعام وكل الملذات المباحة إلا طمعا بالثواب، والرسول يقول: «ما صام» إذا لا يشرع بشهادة راوي الحديث صيام يوم السبت." (سلسلة الهدى والنور، شريط رقم ١٨٢)

"...വാസ്തവത്തിൽ ഒരാൾ നോമ്പ് മുറിച്ചിട്ടുമില്ല, നോമ്പെടുത്തിട്ടുമില്ല. അതായത്, നോമ്പെടുത്തതിന്റെ പ്രതിഫലം ലഭിക്കാതിരിക്കുകയും, നോമ്പ് മുറിച്ച അവസ്ഥ ഇല്ലാതിരിക്കുകയുമാണെങ്കിൽ, ആരെങ്കിലും കാലം മുഴുവൻ നോമ്പെടുക്കുമോ? അങ്ങനെയാണെങ്കിൽ ഒരാൾ എന്തിന് വേണ്ടിയായിരിക്കും തന്റെ ശരീരത്തെ ക്ഷീണിപ്പിക്കുന്നത്? അയാൾ ഭക്ഷണപാനീയങ്ങൾ ത്യജിച്ച് വിശപ്പ് അനുഭവിക്കുന്നതും, അനുവദനീയമായ മറ്റ് സുഖങ്ങൾ വെടിയുന്നതും പ്രതിഫലേഛ കൊണ്ട് മാത്രമാണ്. നബി ﷺ പറഞ്ഞത് «അവന് നോമ്പിന്റെ പ്രതിഫലം ഇല്ല» എന്നാണ്. അപ്പോൾ, ഹദീസ് നിവേദകനായ സ്വഹാബി സാക്ഷ്യപ്പെടുത്തുന്നതു പോലെ ശനിയാഴ്ച ദിവസത്തെ നോമ്പ് ശർഇലുള്ളതല്ല." (സിൽസിലതുൽ ഹുദാ വന്നൂർ, കാസറ്റ് നമ്പർ: 182)

ശനിയാഴ്ച ദിവസം സുന്നത്തായ നോമ്പ് പാടില്ലെന്ന് ഒരു

**വിഭാഗം പറഞ്ഞതായി ഇമാം ത്വഹാവി ﷀ പറഞ്ഞിട്ടുണ്ട്. അദ്ദേഹം പറയുന്നത് നോക്കൂ:**

"فذهب قوم إلى هذا الحديث فكرهوا صوم يوم السبت تطوعا." [شرح معاني الآثار ٢/٨٠]

**"ഈ ഹദീസിന്റെ അടിസ്ഥാനത്തിൽ ഒരു വിഭാഗം ആളുകൾ, ശനിയാഴ്ച ദിവസം ഐച്ഛികമായ നോമ്പുകൾ വിലക്കപ്പെട്ടതാണെന്ന പക്ഷമാണ് സ്വീകരിച്ചിരിക്കുന്നത്." (ശർഹു മആനിൽ ആസാർ 2/80)**

ഇവിടെ ഒരു വിഭാഗം എന്നത് കൊണ്ടുദ്ദേശിക്കുന്നത് ഇമാം മുജാഹിദ്, ത്വാഊസ് ബിൻ കൈസാൻ, ഇബ്റാഹീം അൽ നഖഈ, ഖാലിദ് ബിൻ മഅ്ദാൻ തുടങ്ങിയ അറിയപ്പെട്ട താബിഉകളെയാണ്. വിശദാംശങ്ങൾക്കായി ബദ്റുദ്ദീൻ അൽ ഐനിയുടെ നഖബ് കാണുക.

തന്നെയുമല്ല, ഇത് സംശയരഹിതമായും സ്ഥിരപ്പെട്ട ഒരു ഹദീസാണ്. വ്യാഖ്യാനങ്ങൾ ആവശ്യമില്ലാത്ത വിധം അത് സ്വതഃസ്പഷ്ടവുമാണ്. ഒരു വിഷയത്തിൽ അത്തരം ഒരു പ്രമാണരേഖയുണ്ടെങ്കിൽ അതു സ്വയം തന്നെ മതിയായ തെളിവാണ്. ഒരു നിലയിലും അതിനെ മറികടക്കാനോ നിരാകരിക്കാനോ പാടില്ലെന്നതാണ് അടിസ്ഥാന തത്വം.

ശനിയാഴ്ച ദിവസം സുന്നത്തായ ഒരു നോമ്പും എടുക്കാൻ പാടില്ലെന്നും, വിലക്ക് അറിയാതെ ആരെങ്കിലും അന്നേ ദിവസം നോമ്പെടുത്താൽ, തനിക്ക് സാധ്യമായ നിലക്ക് നോമ്പ് മുറിക്കണമെന്നും, കഴിക്കാൻ ഭക്ഷണം കിട്ടിയില്ലെങ്കിൽ മുന്തിരിയുടെ തൊലിയോ മരക്കമ്പോ കടിച്ചു ചവച്ചിട്ടെങ്കിലും ശനിയാഴ്ച ദിവസം നോമ്പ് നോൽക്കുക എന്ന വിലക്കിൽ നിന്നും രക്ഷ തേടണമെന്നുമാണ് നബി ﷺ ഈ ഹദീസിലൂടെ നമ്മെ ബോധ്യപ്പെടുത്തുന്നത്.

# 8

## ഹദീസിൽ അടങ്ങിയിരിക്കുന്ന പാഠങ്ങൾ

ഈ ഹദീസ് ഉൾക്കൊള്ളുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ താഴെ സംഗ്രഹിക്കുന്നു.

1. «ശനിയാഴ്ച ദിവസം നിങ്ങൾ നോമ്പെടുക്കരുത്» എന്ന വിലക്ക്, അന്നേ ദിവസം ഐച്ഛികമായ എല്ലാ നോമ്പും നിഷിദ്ധമാണെന്നാണ് അറിയിക്കുന്നത്.

2. «നിങ്ങൾക്ക് നിർബന്ധമാക്കപ്പെട്ടത് ഒഴികെ» എന്ന വാചകത്തിൽ, റമദാനിലെ നോമ്പ്, റമദാനിൽ നിന്ന് കടമുള്ളത് മറ്റു മാസങ്ങളിൽ നോറ്റു വീട്ടുന്നത്, പ്രായശ്ചിത്തം, നേർച്ചയുള്ള നോമ്പുകൾ തുടങ്ങി നിർബന്ധ നോമ്പുകൾ മാത്രമേ ശനിയാഴ്ച ദിവസം ആകാവൂ എന്ന് പരിമിതപ്പെടുത്തുന്നു.

3. «നിങ്ങളിലൊരാൾക്ക് മുന്തിരിയുടെ തൊലിയോ ഒരു മരക്കമ്പോ അല്ലാതെ മറ്റൊന്നും കിട്ടിയില്ലെങ്കിൽ, അതെങ്കിലും ചവക്കട്ടെ» എന്നത് വിലക്കിന്റെ ഗൗരവത്തെ സൂചിപ്പിക്കുന്നു. ശനിയാഴ്ച ദിവസം നോമ്പെടുക്കുന്നത് നിഷിദ്ധമായതിനാൽ അന്നേ ദിവസം ഭക്ഷണം കഴിക്കണമെന്ന്

അല്ലാഹു നിശ്ചയിച്ചു. മുന്തിരിയുടെ തൊലിയോ മരക്കമ്പോ ഒന്നും വിശപ്പടക്കാൻ പര്യാപ്തമല്ല എന്ന കാര്യം പറയേണ്ടതില്ലല്ലോ. എന്നിട്ടും ഭക്ഷണമായി തന്റെ പക്കൽ ഒന്നുമില്ലാത്തവനോട് പോലും, മുന്തിരിയുടെ തൊലിയോ മരക്കമ്പോ ചവച്ചിട്ടെങ്കിലും നോമ്പുകാരനല്ലായെന്നു സ്വയം ഉറപ്പു വരുത്താൻ കൽപ്പിച്ചിട്ടുണ്ടെങ്കിൽ വിലക്ക് എത്ര ശക്തമാണെന്ന് മനസ്സിലാക്കാവുന്നതേയുള്ളൂ.

ചുരുക്കത്തിൽ അറഫ നോമ്പ്, മുഹറം ഒമ്പത് പത്ത്, ശവ്വാലിലെ ആറ് നോമ്പ് തുടങ്ങിയവയടക്കം ശനിയാഴ്ച ദിവസം സുന്നത്തായ ഒരു നോമ്പും പാടില്ല. ഒറ്റയായ നിലക്കോ മറ്റു ദിവസത്തിലേക്ക് ചേർത്തു കൊണ്ടോ ആയാൽ പോലും ശനിയാഴ്ച ദിവസത്തെ ഐച്ഛിക നോമ്പ് മുകളിലെ ഹദീസിന്റെ അടിസ്ഥാനത്തിൽ നിരുപാധികം നിഷിദ്ധമാണ്.

ഒരു കാര്യം നബി ﷺ അനുഷ്ഠിച്ച് കാണിച്ചു തന്നിട്ടുണ്ടെങ്കിൽ ആ പ്രവർത്തനം സുന്നത്താണ് (سنة فعلية). അതു പോലെ, ഒരു കാര്യം ചെയ്യാനുള്ള സാഹചര്യം ഉണ്ടായിരുന്നിട്ടും അവിടുന്ന് വർജ്ജിച്ചിട്ടുണ്ടെങ്കിൽ ആ പരിവർജ്ജനവും സുന്നത്താണ് (سنّة تَركية). ഇതിനഭിമുഖമായി, നബി ﷺ ചെയ്തു കാണിച്ച ഒരു കാര്യം പുണ്യമാണെന്നു കരുതി വർജ്ജിക്കുന്നത് ബിദ്അത്തായിത്തീരും. അതേപോലെ, അവിടുന്ന് ഉപേക്ഷിച്ച കാര്യം പുണ്യമാണെന്ന് കരുതി ചെയ്താൽ അതും ബിദ്അത്തു തന്നെ. ഇക്കാര്യത്തെ കുറിച്ച് ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യഃ رحمه الله പറയുന്നത് കൂടി കാണുക:

"وَالتَّرْكُ الرَّاتِبُ سُنَّةٌ كَمَا أَنَّ الْفِعْلَ الرَّاتِبَ سُنَّةٌ." (ابن تيمية في مجموع فتاويه)

"ഒരു കാര്യം ക്രമമായും പതിവായും ചെയ്യുന്നത് സുന്നത്താകുമെന്നതു പോലെ, ഒരു കാര്യം ക്രമമായും പതിവായും ഉപേക്ഷിക്കുന്നതും സുന്നത്താണ്." (ഫതാവാ ഇബ്നി തൈമിയ്യഃ)

മറ്റു ദിവസങ്ങളിൽ നോമ്പെടുക്കുന്നത് സുന്നത്താകുമ്പോൾ, ശനിയായ ദിവസം ഫർളല്ലാത്ത നോമ്പ് ഉപേക്ഷിക്കുന്നതും അതേ അളവിൽ സുന്നത്തായിത്തീരുമെന്നതിൽ സംശയം വേണ്ട. പ്രമാണരേഖകളിലുള്ള അവഗാഹമില്ലെങ്കിലും സാമാന്യ ധാരണയുള്ളവർക്ക് പോലും ഉണ്ടായിരിക്കേണ്ട ഒരു തിരിച്ചറിവ് കൂടിയാണിത്.

# 9

## വിമർശനങ്ങളും ആക്ഷേപങ്ങളും

ശനിയാഴ്ചകളിലെ സുന്നത്ത് നോമ്പ് വിലക്കുന്ന സ്വമ്മാഇന്റെ ഹദീസിനെ കുറിച്ച് മുമ്പും ചില ആക്ഷേപങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. ആ ഹദീസ് സ്വീകാര്യമല്ലെന്ന് സ്ഥാപിക്കാൻ പല കാരണങ്ങളാണ് ഉന്നയിക്കപ്പെടാറുള്ളത്. അത്തരം ആക്ഷേപങ്ങളെയും വിമർശനങ്ങളെയും സംബന്ധിച്ച് നടന്ന ചർച്ചകളും പഠനങ്ങളും തുഛമാണ് താനും. ആകയാൽ വിമർശകരുടെ ആക്ഷേപങ്ങളെ കുറിച്ചുള്ള ഒരു വിശകലനം ഇവിടെ അനിവാര്യമായിത്തീരുന്നു.

ആദ്യമായി മേൽ ഹദീസിനെ കുറിച്ച് വിമർശകർ ഉന്നയിക്കാറുള്ള ആക്ഷേപങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിക്കാം. അത് ദുർബ്ബലപ്പെടുത്തപ്പെട്ട 'മൻസൂഖായ' ഹദീസാണ്, 'മുദ്ത്വരിബ്' ആയ ചഞ്ചല ഹദീസാണ്, വ്യാജവാദികൾ നിർമ്മിച്ചുണ്ടാക്കിയ കള്ള ഹദീസാണ്, കൂടുതൽ ബലമുള്ള ഹദീസുകൾക്ക് എതിരായ 'ശാദ്ദ്' ആണ്... ഇങ്ങനെ പോകുന്നു വിമർശകരുടെ ആക്ഷേപങ്ങൾ. ഇത്തരം ആക്ഷേപങ്ങളെ വേണ്ടത്ര പുനഃപരിശോധനക്ക് വിധേയമാക്കാതെ അതേപടി പിൽക്കാലക്കാരായ ചിലർ പിന്തുടർന്ന കാരണത്താൽ ഈ ഹദീസ് ദുർബലമാണ് എന്ന പൊതു ധാരണ സമൂഹത്തിൽ പ്രചരിക്കാൻ ഇടയായി. എന്നല്ല, ചില പണ്ഡി

തന്മാർക്കിടയിൽ പോലും ഈ ധാരണ നിലനിൽക്കുന്നു എന്നതാണ് സത്യം. അത്കൊണ്ട് തന്നെ ഈ ഹദീസിനെക്കുറിച്ച് വന്നിട്ടുള്ള ആക്ഷേപങ്ങളും അതിന്റെ സത്യാവസ്ഥയും സൂക്ഷ്മമായി പരിശോധിക്കേണ്ടത് അനിവാര്യമായിത്തീരുന്നു.

# 10

## ദുർബലപ്പെടുത്തപ്പെട്ട (مَنْسُوخٌ) ഹദീസ്

ഈ ഹദീസിനെക്കുറിച്ചുള്ള ഒരാക്ഷേപം, ഇത് മൻസൂഖ് ആയ ഹദീസാണ് എന്നതാണ്. ഇതിന് സാധാരണ കൊണ്ടു വരാറുള്ള തെളിവ്, ഇമാം അബൂ ദാവൂദ് അങ്ങനെ പറഞ്ഞിട്ടുണ്ട് എന്ന ന്യായം മാത്രമാണ്.

ആദ്യം വന്ന ഒരു മതവിധിയെ ശേഷം വന്ന മറ്റൊരു മതവിധി കൊണ്ട് ദുർബലപ്പെടുത്തുന്നതിനാണ് നസ്ഖ് ചെയ്യുകയെന്ന് പറയുന്നത്. ഒരു വിധി مَنْسُوخٌ അഥവാ ദുർബലപ്പെടുത്തപ്പെട്ടത് ആകണമെങ്കിൽ അതിന് വ്യക്തമായ ഒരു نَاسِخٌ അഥവാ ദുർബലപ്പെടുത്തുന്നതായ ഒരു വിധി ഉണ്ടാകണം. ശനിയാഴ്ച ദിവസം നോമ്പെടുക്കൽ നിഷിദ്ധമാണെന്ന വിധി ദുർബലപ്പെടുത്തപ്പെട്ടതാണെങ്കിൽ അതിന്റെ നാസിഖ് ഏതാണ്? ആ ആക്ഷേപം ഉന്നയിച്ച അബൂ ദാവൂദിനോ മറ്റാർക്കെങ്കിലുമോ അക്കാര്യം ഒരിടത്തും വ്യക്തമാക്കാനായിട്ടില്ല.

അത് കൊണ്ട് തന്നെയാണ് അബൂ ദാവൂദിന്റെ ഈ അഭിപ്രായത്തെക്കുറിച്ച് ഇമാം നാസ്വിറുദ്ദീൻ അൽബാനി ﵀ ഇങ്ങനെ പറഞ്ഞത്:

"....ولعل دليل النسخ عنده حديث كريب مولى ابن عباس..." (إرواء الغليل في تخريج أحاديث منار السبيل ١٢٤/٤)

"ഈ ഹദീസ് മൻസൂഖാണ് എന്നതിന് അദ്ദേഹത്തിനുള്ള തെളിവ്, ഒരു പക്ഷെ ഇബ്നു അബ്ബാസ് ﵄ വിന്റെ സേവകനായ കുറൈബിൽ നിന്നുള്ള ഹദീസാകാം." (അൽബാനി | ഇർവാഉൽ ഗലീൽ)

കുറൈബിന്റെ ഹദീസുമായി ബന്ധപ്പെട്ട ചർച്ച വഴിയെ വരുന്നുണ്ട്.

## മൻസൂഖ് എന്നാൽ...

ഒരു മതനിയമമോ പ്രമാണരേഖയോ നസ്ഖ് ചെയ്തു എന്ന് പറയണമെങ്കിൽ  രണ്ടു കാര്യങ്ങൾ അനിവാര്യമാണ്.

1. രണ്ടു മതനിയമങ്ങൾ തമ്മിലോ, രണ്ടു പ്രമാണരേഖകൾ തമ്മിലോ യാതൊരുവിധത്തിലും യോജിപ്പിക്കാൻ കഴിയാത്തവിധം പരസ്പരവിരുദ്ധമായിരിക്കുക
2. ഇവയിൽ ഏത് നിയമമാണ് ആദ്യം വന്നതെന്നും ഏതാണ് പിന്നീട് വന്നതെന്നും വ്യക്തമായി തെളിയിക്കപ്പെടുക. പിന്നീട് വന്ന നിയമത്തിനു മാത്രമേ (نَاسِخٌ) ആദ്യം വന്ന നിയമത്തെ (مَنْسُوخٌ)  ദുർബലപ്പെടുത്താൻ സാധിക്കൂ.

ഈ രണ്ടു നിബന്ധനകളും ചർച്ചയിലിരിക്കുന്ന ഹദീസിന്റെ കാര്യത്തിൽ പാലിക്കപ്പെട്ടിട്ടില്ല. അതിനാൽ, സ്വമ്മാഉന്റെ ഹദീസ് ദുർബ്ബലപ്പെടുത്തപ്പെട്ടു എന്ന് ഒരു നിലയിലും പറയാനാവില്ല. ഈ ആക്ഷേപം ഉന്നയിച്ച അബൂ ദാവൂദിനോ മറ്റാർക്കെങ്കിലുമോ ഇന്നോളം അത് ചൂണ്ടിക്കാണിക്കാൻ  സാധിച്ചിട്ടുമില്ല. ഇക്കാര്യം ഇമാം അൽബാനി ﵀  തന്നെ വ്യക്തമാക്കിയിട്ടുള്ളതുമാണ്.

അബൂദാവൂദ് പറഞ്ഞു എന്നത് അദ്ദേഹത്തിന്റെ ഒരു അഭി

പ്രായം മാത്രമാണ്, അത് തെളിവല്ല. അഭിപ്രായം വേറെ, തെളിവു വേറെ. അവ രണ്ടും രണ്ടു തന്നെ.

പണ്ഡിതന്മാരുടെ വാക്കുകളെ നിരുപാധികം തെളിവുകളായി ഗണിക്കാനാവില്ല. മറിച്ച്, അവയ്ക്ക് തെളിവുണ്ടോ എന്ന് നോക്കുകയാണ് വേണ്ടത്. ഇസ്‌ലാമിന്റെ ഇത്തരം ബാലപാഠങ്ങളറിയാത്ത ഇളമക്കാർ മാത്രമേ ഇതു പോലുള്ള അഭിപ്രായങ്ങൾ കേൾക്കുമ്പോൾ ആശയക്കുഴപ്പത്തിലാവുകയുള്ളു.

# 11

## കള്ളം പറഞ്ഞത് (كَذِب)

ഇതിനെതിരെ ഉന്നയിക്കപ്പെട്ടിട്ടുള്ള മറ്റൊരു ആരോപണം, അത് കളവാണ് എന്നുള്ളതാണ്.

ഈ ഹദീസ് കളവാണെന്ന് ഇമാം മാലിക് ﵀ പറഞ്ഞതായി അബൂ ദാവൂദ് തന്റെ സുനനിൽ രേഖപ്പെടുത്തിയെന്നല്ലാതെ, ഇമാം മാലികിന്റെ കിതാബുകളിലൊന്നിലും അങ്ങനെ ഒരു ഉദ്ധരണി കാണാൻ കഴിയുന്നില്ല. അത് കൊണ്ട് തന്നെ ഇമാം മാലിക് അങ്ങനെ പറഞ്ഞുവെന്ന് തെളിയിക്കാൻ നമ്മുടെ മുമ്പിൽ രേഖകളൊന്നുമില്ല. ആറോളം സ്വഹാബികളിൽ നിന്ന് രിവായത് വന്നിട്ടുള്ള ഒരു ഹദീസിനെക്കുറിച്ച് കളവാണെന്ന് പറയണമെങ്കിൽ അതിനെ പിന്തുണക്കുന്ന ആധികാരിക രേഖകൾ സമർപ്പിക്കണം. അങ്ങനെ യാതൊരു രേഖയും ലഭ്യമല്ലാത്ത സ്ഥിതിക്ക് ഇമാം മാലികിന്റെ മേൽ ചാർത്തപ്പെടുന്ന വെറുമൊരു ആരോപണം എന്നേ അതിനെക്കുറിച്ച് കരുതാനൊക്കൂ. ഇനി, അബൂ ദാവൂദ് അങ്ങനെ പറഞ്ഞാൽ തന്നെ, ഈ ഹദീസുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന് ലഭിച്ച അറിവിന്റെ അടിസ്ഥാനത്തിൽ നടത്തിയ ഒരു പ്രസ്താവന എന്ന് പറഞ്ഞവസാനിപ്പിക്കുകയല്ലാതെ, അതിന് ഉപോൽബലകമായ തെളിവ് പറയാത്ത

കാലത്തോളം, അത് സ്വീകാര്യയോഗ്യമാവുകയില്ല തന്നെ.

ഇമാം മാലികിന്റെ അഭിപ്രായത്തെക്കുറിച്ച് നവവി ﷺ പറയുന്നത് ഇങ്ങനെയാണ്:

"وَهَذَا الْقَوْلُ لَا يُقْبَلُ فَقَدْ صَحَّحَهُ الْأَئِمَّةُ." (مجموع شرح المهذب للنووي ٧/٧١٠)

"ഈ പ്രസ്താവന അസ്വീകാര്യമാണ്. നിശ്ചയമായും പ്രാമാണികരായ ഇമാമുമാർ ഇതിനെ ശരിവെച്ചിട്ടുണ്ട്." (നവവി | മജ്മൂഉ ശർഹിൽ മുഹദ്ദബ്)

നിരൂപകന്മാരായ മുഹദ്ദിസുകൾ ഹദീസിലെ ഒരു നിവേദകനെ കുറിച്ച് ആക്ഷേപം ഉന്നയിച്ചാൽ അത് വിലപ്പോകണമെങ്കിൽ പോലും ആ നിരൂപണം കാര്യകാരണ സഹിതം വിശദമാക്കപ്പെടേണ്ടതാണ്. നിരൂപകന്മാരുടെ വിശദീകരിക്കപ്പെടാത്ത നിരൂപണങ്ങൾ (جَرْحٌ غَيْرُ مُفَسَّر) സ്വീകരിക്കപ്പെടില്ലെന്ന കാര്യം അനുവാചകർ ഇതിനോടൊപ്പം ചേർത്തു വായിക്കേണ്ടതാണ്. എന്നിട്ടല്ലേ ഒരു ഹദീസിനെ കാരണം വിശദീകരിക്കാതെ മൊത്തമായി തള്ളുന്നത്?!

# 12

## ഇത് ചഞ്ചല ഹദീസ് (مُضْطَرِب)

ഈ ഹദീസിന് എതിരിൽ ഉന്നയിക്കപ്പെട്ട മറ്റൊരു ആരോപണം ഇത് മുദ്ത്വരിബാണ് എന്നതത്രെ.

ഹദീസിന്റെ നിദാന തത്വമനുസരിച്ച് (أُصولُ الحديث) ഹദീസിന്റെ സ്വീകാര്യതക്ക് ഭംഗം വരുത്തുന്ന ന്യൂനതകളിൽ ഒന്നാണ് ചാഞ്ചല്യം (اضْطِرَاب) എന്നത്.

ഒരേ ഹദീസ് വ്യത്യസ്ത വഴികളിലൂടെ, പരസ്പരവിരുദ്ധമായ രൂപങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതിനാണ് ഹദീസ് വിജ്ഞാനീയങ്ങളിൽ മുദ്ത്വരിബ് എന്ന് പറയുന്നത്.

ഇദ്ത്വിറാബ് എന്നതിന്റെ ഭാഷാർത്ഥം അസ്ഥിരത, ചാഞ്ചല്യം എന്നൊക്കെയാണ്. ഒരു ഹദീസിനെ കുറിച്ച് മുദ്ത്വരിബ് എന്ന് പറയുമ്പോൾ ആ ഹദീസിന് ചാഞ്ചല്യവും അസ്ഥിരതയും ഉണ്ടെന്നാണ് അർത്ഥമാക്കുന്നത്.

ഒരു ഹദീസിന് ഇദ്ത്വിറാബ് സംഭവിക്കുന്നത് അതിന്റെ നിവേദക പരമ്പരയിലോ ഉള്ളടക്കത്തിലോ ആയിരിക്കാം. ഇദ്ത്വിറാബ് തന്നെ രണ്ടു വിധമുണ്ട്.

ഒന്ന്: തുല്യ ബലമുള്ള ഇദ്ത്വിറാബ് (متساوية القوة):

ഇദ്ത്വിറാബ് സംഭവിക്കാൻ കാരണമായിട്ടുള്ള പരസ്പര വിരുദ്ധമായ എല്ലാ റിപ്പോർട്ടുകൾക്കും തുല്യബലമാണുള്ളതെങ്കിൽ അത്തരം ഹദീസുകളാണ് ഈ ഇനത്തിൽ ഉൾപ്പെടുന്നത്.

ഇവിടെ 'തുല്യ ബലം' (متساوية القوة) എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്, പരസ്പര വിരുദ്ധമായ ആ റിപ്പോർട്ടുകൾക്ക് തുല്യമായ സ്വീകാര്യത കല്പിക്കപ്പെടുന്നു എന്നാണ്.

ഇത് സംഭവിക്കുന്നത്, എല്ലാ റിപ്പോർട്ടുകളുടെയും നിവേദക പരമ്പരയിൽ വിശ്വാസയോഗ്യരായ നിവേദകർ ഉൾപ്പെട്ടിരിക്കുകയും, അവയിലൊന്നിനും മറ്റൊന്നിനേക്കാൾ മുൻഗണന നൽകാൻ കഴിയാതിരിക്കുകയും ചെയ്യുന്നതിനാലാണ്.

ഈ അവസ്ഥയിൽ, ഏതെങ്കിലുമൊരു റിപ്പോർട്ട് സ്വീകരിച്ച് മറ്റുള്ളവയെ തള്ളിക്കളയാൻ സാധിക്കാതെ വരുന്നു. അതിനാൽ, ഈ ഹദീസിനെ ദുർബലമായ ഹദീസുകളുടെ (ضعيف) ഗണത്തിൽ ഉൾപ്പെടുത്തേണ്ടി വരുന്നു.

രണ്ട്: വ്യത്യസ്ത ശക്തിയുള്ള ഇദ്ത്വിറാബ് (متباينة القوة)

ഒരു ഹദീസിനെക്കുറിച്ച് വന്ന പരസ്പര വിരുദ്ധമായ റിപ്പോർട്ടുകളിൽ ഏതെങ്കിലും ഒന്നിന് മറ്റുള്ളവയെക്കാൾ ശക്തി കൂടുതലായിരിക്കുക എന്നതിനെയാണ് 'വ്യത്യസ്ത ശക്തിയുള്ള ഇദ്ത്വിറാബ്' (متباينة القوة) എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

ഈ അവസ്ഥയിൽ, ശക്തി കുറഞ്ഞ റിപ്പോർട്ടുകൾ തള്ളുകയും കൂടുതൽ ശക്തിയുള്ള റിപ്പോർട്ട് സ്വീകാര്യമായ ഹദീസ് ആയി പരിഗണിക്കുകയും ചെയ്യുന്നു.

ഇവിടെ, ഹദീസിന്റെ സ്വീകാര്യതക്ക് ദോഷം ചെയ്യുന്ന ഇദ്ത്വിറാബ് സംഭവിച്ചു എന്ന് പറയാൻ കഴിയില്ല. കാരണം, ഏതാണ് ശരിയായ രൂപമെന്ന് നിർണ്ണയിക്കാൻ സാധിക്കുന്നു. അപ്പോൾ കൂ

ടുതൽ വിശ്വാസയോഗ്യരായവരുടെ റിപ്പോർട്ട് സ്വീകരിക്കുകയും മറ്റുള്ളവയെ തള്ളിക്കളയുകയും ചെയ്യാം. അതുകൊണ്ട് തന്നെ ഈ ഇനം മുദ്ത്വരിബിനെ ദുർബ്ബല ഹദീസുകളിൽ പെടുത്തുകയുമില്ല.

ചർച്ചയിലിരിക്കുന്ന ശനിയാഴ്ചയിലെ സുന്നത്ത് നോമ്പിന്റെ ഹദീസ് മുദ്ത്വരിബ് ആണെന്ന് ഇമാം നസാഇയും മറ്റുചിലരും ആരോപണമുന്നയിച്ചിട്ടുണ്ട്. ഈ ആരോപണത്തിന് യാതൊരു അടിസ്ഥാനവുമില്ല. കാരണം ഇതിന്റെ രിവായത്ത് വന്നിട്ടുള്ളത്, അബ്ദുല്ലാഹിബിൻ ബുസ്ർ ﵁, അദ്ദേഹത്തിന്റെ സഹോദരി സ്വമ്മാഉ ﵁ , അവരുടെ ഉമ്മ ബുസ്റാ, അദ്ദേഹത്തിന്റെ പിതാവ് ബുസ്ർ ഇബ്ന അബീ ബുസ്ർ ﵁, അബൂ ഉമാമ അൽ ബാഹിലി ﵁ ആഇശഃ ﵁ തുടങ്ങി ആറ് സ്വഹാബിമാരിൽ നിന്നാണ്. സ്വഹാബികൾ എല്ലാവരും നീതിമാന്മാരും സത്യസന്ധരുമാണ്. സ്വഹാബികൾ നബി ﷺ യിൽ നിന്ന് നേരിട്ട് രിവായത് ചെയ്യുന്നവ ആയാലും മറ്റു സ്വഹാബികൾ വഴി ആയാലും അത്തരം ഹദീസുകൾക്ക് യാതൊരു ദോഷവുമില്ല. ഈ ഹദീസ് അബ്ദുല്ലാഹിബ്ന ബുസ്ർ ﵁ നബി ﷺ യിൽ നിന്ന് നേരിട്ടും അല്ലാതെയും ഉദ്ധരിച്ചിട്ടുണ്ട്. ആ നിലയിൽ ഇതിന് ഇദ്ത്വിറാബ് ആരോപിക്കുന്നതിൽ യാതൊരടിസ്ഥാനവുമില്ല.

ഈ ഹദീസ് രിവായത് ചെയ്യുന്ന 'സ്വമ്മാഉ' ആരാണ് എന്ന കാര്യത്തിൽ സംശയം ജനിപ്പിക്കാനാണ് വിമർശകർ ശ്രമിക്കാറുള്ളത്. അവർ അബ്ദുള്ളാഹി ബിൻ ബുസ്റി ﵁ ന്റെ സഹോദരി ആണോ, പിതൃ സഹോദരിയാണോ, അതല്ല മാതൃ സഹോദരിയാണോ എന്നൊക്കെയവർ ചോദിക്കാറുണ്ട്. ആര് തന്നെയായാലും സ്വമ്മാഉ സ്വഹാബിയ്യത് ആയ നിലക്ക് അത് ഹദീസിന്റെ സ്വീകാര്യതയെ ഒരു വിധത്തിലും പ്രതികൂലമായി ബാധിക്കുന്നതല്ല തന്നെ.

ഈ ഹദീസിനെ സൂക്ഷ്മ പരിശോധനക്കും പഠനത്തിനും വിധേയമാക്കിയാൽ, ഇതിലുള്ള ഇദ്ത്വിറാബ്, സമന്വയം സാധ്യമാകുന്ന തരത്തിലുള്ളതാണെന്ന് ബോധ്യമാകും. ഇത്തരം ഇദ്ത്വി

റാബ് ഹദീസിന്റെ സ്വീകാര്യതക്ക് ദോഷം വരുത്തുന്നതല്ല. ഹദീസിന്റെ സ്വീകാര്യതക്ക് ദോഷം വരുത്തുന്നത് തുല്യബലമുള്ളതായ ഇദ്ത്വിറാബാണ്. ഈ ഹദീസിന്റെ ഒന്നാമത് പറഞ്ഞ വജ്ഹ്, അതായത് അബ്ദുല്ലാഹിബിൻ ബുസ്ർ തന്റെ സഹോദരി സ്വമ്മാഇൽ നിന്നുള്ളത് മൂന്ന് വിശ്വസ്തരായ കൈവഴികളിലൂടെ വന്നതാണ്. അത് കൊണ്ട് അതിന് മുൻഗണന നൽകൽ നിർബന്ധവുമാണ്.

മേൽ ഹദീസ് ഥൗറിൽ നിന്ന് വ്യത്യസ്ത കൈവഴികളിലൂടെ അബൂ ദാവൂദ് (സുനൻ 2421), തിർമിദി (ജാമിഅ് 1/143), ദാരിമി (സുനൻ 2/19), ഇബ്നു മാജഃ (സുനൻ 172), ത്വഹാവി ( ശർഹു മആനിൽ ആഥാർ 1/339), ഇബ്നു ഖുസൈമഃ (സ്വഹീഹ് 2164), ഹാകിം (മുസ്തദ്റക് 1/435), ബൈഹഖീ (സുനനുൽ കുബ്റാ 4/302), അഹ്മദ് (മുസ്നദ് 6/368), ദിയാഉൽ മഖ്ദിസീ (അൽ മുഖ്താറഃ 1/114) എന്നിവർ അവരുടെ ഹദീസ് സമാഹാരങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ശനിയാഴ്ച സുന്നത്ത് നോമ്പ് അനുഷ്ഠിക്കരുതെന്ന് പറയുന്ന പ്രസ്തുത ഹദീസ് ഒരു ഒറ്റപ്പെട്ട രിവായത്തല്ലായെന്ന് സാരം. അത് നബി ﷺ ൽനിന്ന് ഒന്നിലധികം സ്വഹാബിമാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ചുരുങ്ങിയത്, ആറു സ്വഹാബിമാരിൽ നിന്നെങ്കിലും അത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് ഹദീസ് പഠിതാക്കൾക്ക് അനായാസം കണ്ടെത്താവുന്നതേയുള്ളു. അവരുടെ പേരുകൾ താഴെ കൊടുക്കാം:

1. ഉമ്മുൽ മുഅ്മിനീൻ ആയിശഃ رضي الله عنها
2. അബൂ ഉമാമഃ സ്വുദയ്യ് ബിൻ അജ്‌ലാൻ അൽബാഹിലി رضي الله عنه
3. ബുസ്ർ ബിൻ അബീ ബുസ്ർ അൽമാസിനി رضي الله عنه
4. അബ്ദുല്ലാ ബിൻ ബുസ്ർ അൽമാസിനി رضي الله عنه അഥവാ ബുസ്റിന്റെ മകൻ

5. ബഹിയ്യഃ/ബഹീമഃ അസ്സ്വമ്മാഅ് ബിൻത് ബുസ്ർ അൽ മാസിനിയ്യഃ ﵂

6. ബുസ്റഃ ബിൻത് സ്വഫ്വാൻ അൽമാസിനിയ്യഃ (സ്വമ്മാഇന്റെ മാതാവ്) ﵂

മുകളിൽ പറഞ്ഞതിൽ നിന്ന് സുതരാം മനസ്സിലാക്കിയെടുക്കാവുന്ന കാര്യങ്ങൾ ഇവയാണ്:

ഈ ഹദീസ് രിവായത് ചെയ്ത സ്വഹാബിമാരിൽ നാലു പേർ ഒരു തറവാട്ടിൽ നിന്നുള്ളവരാണ്. കൂടാതെ, നബി ﷺ യുടെ പത്നിയും വിശ്വാസികളുടെ മാതാവുമായ ആയിശഃ ﵂ യും അത് റിപ്പോർട്ട് ചെയ്തവരിൽ ഉൾപ്പെടുന്നു. അവരിലൊന്നും പെടാത്ത അബൂ ഉമാമഃ ﵁ എന്ന സ്വഹാബിവര്യനം ഈ ഹദീസ് രിവായത് ചെയ്തിട്ടുണ്ട്. ഈ ബഹുത്വവും വൈവിധ്യവും ചർച്ചയിലിരിക്കുന്ന ഹദീസിന്റെ നിവേദക പരമ്പരയുടെ ശക്തി വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്.

കൂടാതെ, ഈ ഹദീസിന്റെ സനദിന് മറ്റൊരു സവിശേഷതയുണ്ട്. ഹദീസ് പഠിതാക്കളുടെ കൗതുകത്തിന് വേണ്ടിയെങ്കിലും അത് കൂടി പരാമർശിക്കാം. സ്വഹാബിയായ അബ്ദുല്ലാ ബിൻ ബുസ്ർ അൽമാസിനി ﵁ ഈ ഹദീസ് ബഹുമുഖമായി, നാലു വ്യത്യസ്ത മാർഗ്ഗങ്ങളിലൂടെ (وُجُوه) യാണ് ഉദ്ധരിച്ചിരിക്കുന്നത് എന്നുള്ളതാണത്. അഥവാ അദ്ദേഹം അത് നബി ﷺ ൽനിന്ന് നേരിട്ട് ഉദ്ധരിക്കുന്നതിനു പുറമെ, മൂന്ന് വ്യത്യസ്ത സ്വഹാബികളിൽ നിന്ന് കൂടി ഉദ്ധരിച്ചിരിക്കുന്നു. ആ മാർഗ്ഗങ്ങൾ (وُجُوه) കൂടി താഴെ കൊടുക്കാം:

i അബ്ദുല്ലാ ബിൻ ബുസ്ർ ﵁ എന്ന സ്വഹാബിവര്യൻ ഈ ഹദീസ് നബി ﷺ യിൽനിന്ന് നേരിട്ട് ഉദ്ധരിക്കുന്നു.

ii അദ്ദേഹം തന്നെ സ്വഹാബിവര്യയായ തന്റെ സഹോദരി ബഹിയ്യഃ അസ്സ്വമ്മാഅ് ﵂ ൽനിന്നും, അവർ നബി ﷺ യിൽ നിന്നും ഈ ഹദീസ് ഉദ്ധരിക്കുന്നു.

iii അദ്ദേഹം തന്നെ അത് സ്വഹാബിവര്യയായ തന്റെ സഹോദരി അസ്സ്വമ്മാഅ് ﵂ ൽ നിന്നും അവർ സ്വഹാബിവര്യയായ അവരുടെ മാതാവ് ബുസ്റഃ ബിൻത് സ്വഫ്വാൻ അൽമാസിനിയ്യഃയി ﵂ ൽ നിന്നും അവർ നബി ﷺ യിൽനിന്നും ഉദ്ധരിക്കുന്നു

iv അദ്ദേഹം തന്നെ സ്വഹാബിവര്യയായ തന്റെ സഹോദരി സ്വമ്മാഅ് ﵂ ൽ നിന്നും അവർ ഉമ്മുൽ മുഅ്മിനീൻ ആയിശഃ ﵂ യിൽനിന്നും അവർ നബി ﷺ ൽനിന്നും ഉദ്ധരിക്കുന്നു.

(ഈ പറഞ്ഞ നാലാമത്തെ പരമ്പര നിരൂപണ വിധേയമാക്കാൻ ഇമാം അൽബാനി ﵀ ക്ക് സാധിച്ചിട്ടില്ല എന്ന കാര്യം അദ്ദേഹം തന്നെ എടുത്തു പറഞ്ഞിട്ടുള്ളതാണ്.)

മുകളിൽ കൊടുത്ത വസ്തുത പരാമൃഷ്ട ഹദീസിന്റെ നിവേദക പരമ്പര പരസ്പര ബന്ധിതവും സുഘടിതവും സുശക്തവുമാണെന്ന കാര്യത്തിന് അടിവരയിടുന്നു. അത് ഇദ്ത്വിറാബ് വരുത്തുകയല്ല, കൂടുതൽ ബലം വർദ്ധിപ്പിക്കുകയേ ഉള്ളൂ.

കൂടാതെ, അസ്സമ്മാഅ് എന്ന പേരിൽ അറിയപ്പെടുന്ന ബഹിയ്യഃ ബിൻത് ബുസ്ർ അൽമാസിനിയ്യഃ ﵂ യിൽ നിന്നുള്ള നിവേദക പരമ്പരക്ക് (وَجْه) മാത്രം നാലു കൈവഴികൾ (طُرُق) വേറെയുണ്ട്. അവ കൂടി താഴെ ഉദ്ധരിക്കാം:

സ്വമ്മാഅ് ﵂ ൽ നിന്ന് സഹോദരനായ അബ്ദുല്ലാഹ് ബിൻ ബുസ്ർ ﵁ ഉദ്ധരിക്കുന്നു. അദ്ദേഹത്തിൽ നിന്ന് ഖാലിദ് ബിൻ മഅ്ദാൻ ഉദ്ധരിക്കുന്നു. അദ്ദേഹത്തിൽ നിന്ന് ഥൗർ ബിൻ യസീദ് ഉദ്ധരിക്കുന്നു.

1) ഥൗർ ബിൻ യസീദിൽ നിന്ന് സുഫ്യാൻ ബിൻ ഹബീബ് മുഖേനയുള്ള ഒന്നാമത്തെ കൈവഴി.

2) ഥൗർ ബിൻ യസീദിൽ നിന്ന് വലീദ് ബിൻ മുസ്ലിം മുഖേന യുള്ള രണ്ടാമത്തെ കൈവഴി.

3) ഥൗർ ബിൻ യസീദിൽ നിന്ന് അബൂ ആസ്വിം മുഖേനയുള്ള മൂന്നാമത്തെ കൈവഴി.

4) ഥൗർ ബിൻ യസീദിൽ നിന്ന് യഹ്‌യാ ബിൻ നസ്വ്ർ മുഖേനയുള്ള നാലാമത്തെ കൈവഴി.

ചുരുക്കത്തിൽ, ഈ ഹദീസ് ആറു സ്വഹാബിമാരിൽ നിന്നെങ്കിലും രിവായത്ത് ചെയ്യപ്പെട്ടിട്ടുള്ളതാണ്. അബ്ദുല്ലാ ബിൻ ബുസ്ർ ﷺ തന്നെ ഇത് നബി ﷺ യിൽ നിന്ന് നേരിട്ടും, അതിനു പുറമെ വ്യത്യസ്തരായ മൂന്ന് സ്വഹാബികളിലൂടെ വേറെയും ഇത് ഉദ്ധരിച്ചിരിക്കുന്നു. കൂടാതെ, അസ്സമ്മാഅ് ﷺ ൽ നിന്നുള്ള രിവായത്ത് ഥൗർ ബിൻ യസീദിൽ നിന്ന് നാലു വ്യത്യസ്ത കൈവഴികളിലായി നിവേദനം ചെയ്യപ്പെട്ടിട്ടുള്ളതുമാണ് ഈ പ്രശസ്ത നബിവചനം.

13

# മറ്റു ചില ആരോപണങ്ങൾ

## ഹിംസ്വുകാരുടെ ഹദീസ്

ഈ ഹദീസുമായി ബന്ധപ്പെട്ട് വേറെ ചില ആരോപണങ്ങൾ കൂടി ഉന്നയിക്കപ്പെടാറുണ്ട്. അതിലൊന്നാണ്, ഇബ്‌നു ശിഹാബ് സുഹ്‌രിയോട് ശനിയാഴ്ചയിലെ സുന്നത്ത് നോമ്പ് വിലക്കുന്ന ഹദീസിനെക്കുറിച്ച് ചോദിച്ചാൽ അദ്ദേഹം, "അത് ഹിംസ്വുകാരുടെ (സിറിയയിലെ 'ഹൊംസ്' എന്ന് പറയപ്പെടുന്ന നഗരം) ഹദീസാണ്"എന്ന് പറയാറുണ്ടായിരുന്നു എന്നത്. അതായത് ഹിംസ്വുകാർക്കിടയിൽ മാത്രം പ്രചാരമുള്ള, മറ്റാരും ഹദീസായി പരിഗണിക്കാത്തത് എന്ന നിലയിലാണ് അദ്ദേഹം ഈ ഹദീസിനെ കണ്ടത് എന്നർത്ഥം.

വാസ്തവത്തിൽ, ഉസൂലുൽ ഹദീസിന്റെ ചർച്ചയിൽ വരാൻ യാതൊരു അർഹതയുമില്ലാത്ത വെറും ഒരു ആരോപണം എന്നതിൽ കവിഞ്ഞ്, മറ്റൊരു വൈജ്ഞാനികപ്രാധാന്യവുമില്ലാത്ത ഒരു പദപ്രയോഗമാണിത്. ഏതെങ്കിലും നാട്ടുകാരുടെ ഹദീസുകൾ സ്വീകരിക്കാൻ പാടില്ലെന്നോ, ഏതെങ്കിലും നാട്ടുകാർക്ക് പ്രത്യേകത കൽപിച്ച് അവരുടെ ഹദീസുകൾക്ക് മുൻഗണന നൽകാമെന്നോ

ഒന്നും ഇല്ല. ശാമുകാരും മക്കക്കാരും ബസ്വറക്കാരുമായ നിരവധിയ നവധി നിവേദകരിലൂടെ സ്വഹീഹായ ഒട്ടനേകം ഹദീസുകൾ രിവായത് ചെയ്യപ്പെട്ടിട്ടുണ്ട്. ഏതെങ്കിലും നാട്ടുകാരായതിന്റെ പേരിൽ മുഹദ്ദിസുകൾ ഏതെങ്കിലും ഹദീസ് തള്ളിക്കളയുകയോ അതിന്റെ പേരിൽ ഹദീസിന് ന്യൂനത ആരോപിക്കുകയോ ചെയ്തതായി കാണുക സാധ്യമല്ല. അത് കൊണ്ട് തന്നെ ഇമാം സുഹ്‌രിയുടെ ആക്ഷേപം പരിഗണനാർഹമോ നിലനിൽക്കുന്നതോ അല്ല.

ഇമാം ഇബ്നു ശിഹാബ് അൽ സുഹ്‌രി ﷺ താബിഉകളിൽ പെട്ട ആളാണ്. അദ്ദേഹത്തെപ്പോലെ വിശ്വസ്തനും സത്യസന്ധനുമായ ഒരാളിൽ നിന്ന്, ഒരു ഹദീസിനെക്കുറിച്ച് ഇതുപോലുള്ള വിമർശനം ഉണ്ടായതിന്റെ കാരണം വ്യക്തമല്ല. അദ്ദേഹം ഈ ഹദീസിനെ ദുർബലപ്പെടുത്തുക മാത്രമല്ല ഇതിനെ, ഒരു ഹദീസായി പരിഗണിക്കുക പോലും ചെയ്തില്ലായെന്ന് ത്വഹാവി പറയുന്നുണ്ട്. എങ്കിലും, ഈ ഹദീസിനെക്കുറിച്ച് അദ്ദേഹത്തിന് ലഭിച്ച അറിവിന്റെ പരിമിതി മാത്രമാണ് പ്രസ്തുത പ്രസ്താവനക്ക് ആധാരമെന്ന് മനസ്സിലാക്കാനേ നമുക്ക് നിർവ്വാഹമുള്ളൂ.

# 13

## മറ്റു ചില ആരോപണങ്ങൾ

### ശാദ്ദ്, തആറുദ്, തലവ്വുൻ
### (വൈരുധ്യവും പകർച്ചയും)

ഈ ഹദീസിന് നേരെ, 'ശാദ്ദ്', 'വൈരുധ്യമുള്ളത്', 'പകർച്ച സംഭവിച്ചത്' തുടങ്ങിയ ആക്ഷേപങ്ങളും പല കോണുകളിൽ നിന്നായി ഉന്നയിക്കപ്പെടാറുണ്ട്. വസ്തുതാപരമായി വിഷയത്തെ അപഗ്രഥിക്കുമ്പോൾ അത്തരം ആരോപണങ്ങൾക്കൊന്നും സ്ഥിരീകരണമില്ലെന്ന് ബോധ്യപ്പെടും.

സ്വമ്മാഇന്റെ ഹദീസിനെ കുറിച്ചുള്ള മറ്റൊരാക്ഷേപം അത് شَاذٌّ - ശാദ്ദ് - ആയ രിവായത്താണ് എന്നതത്രെ. ആദ്യമായി എന്താണ് ശാദ്ദ് എന്ന് പരിശോധിക്കേണ്ടതുണ്ട്.

വിശ്വാസ്യത അംഗീകരിക്കപ്പെട്ട ഒരു നിവേദകൻ (رَاوِي الحَدِيث) ഒരു വിഷയത്തിൽ ഒരു ഹദീസ് ഉദ്ധരിക്കുകയും, അത് തന്നെക്കാൾ കൂടുതൽ വിശ്വസനീയരായ നിവേദകർ ഉദ്ധരിക്കുന്ന ഹദീസിന് വിരുദ്ധമായി വരികയും ചെയ്താൽ അതിനാണ് ശാദ്ദ് എന്ന് പറയുക.

ഇവിടെ നിവേദകൻ വിശ്വസനീയനായ വ്യക്തിതന്നെ. പക്ഷെ, താൻ ഉദ്ധരിക്കുന്നത് അതേ വിഷയത്തിൽ കൂടുതൽ വിശ്വസനീ

യരായ നിവേദകന്മാരുടേതിന് വിരുദ്ധമായി വരുന്നു എന്നതാണ് പ്രശ്നം.

എന്നാൽ സ്വമ്മാഇന്റെ ഹദീസ് ഈ ഇനത്തിൽ പെട്ടതല്ല. കൂടുതൽ വിശ്വസനീയരായ റാവിമാർ ഉദ്ധരിച്ചതിനോട് അത് എതിരായി വരുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

ശനിയാഴ്ചയിലെ സുന്നത്ത് നോമ്പ് സംബന്ധിച്ച് ആശയപരമായ സമന്വയം സാധ്യമല്ലാത്ത വിധം രിവായത്തുകൾ പരസ്പര വിരുദ്ധമാണെന്ന് ചൂണ്ടിക്കാണിക്കാൻ ഒരു ഹദീസ് നിരൂപകനും ഇന്നോളം സാധിച്ചിട്ടില്ലെന്നതാണ് വസ്തുത. എന്നല്ല സ്വമ്മാഇന്റെ ഹദീസ് ഏതെല്ലാം സ്വഹാബിമാരിൽ നിന്ന് ഉദ്ധരിക്കപ്പെട്ടു, അതിന് എത്ര പരമ്പരകളുണ്ട്, അവയുടെ വ്യത്യസ്തങ്ങളായ കൈവഴികൾ ഏവ എന്നതൊക്കെ നാം നടേ വിശദീകരിച്ചതാണ്. അതിനെക്കാൾ വിശ്വസനീയരായവർ ശനിയാഴ്ച സുന്നത്ത് നോമ്പെടുക്കാം എന്ന് പറയുന്ന ഒരു ഹദീസും അഹ്ലുസ്സുന്നഃ അവലംബമാക്കാറുള്ള ഹദീസ് ഗ്രന്ഥങ്ങളിലെവിടെയുമില്ല.

ശനിയാഴ്ചയിലെ നോമ്പ് വിലക്കുന്ന സ്വമ്മാഇന്റെ ഹദീസിന് വൈരുദ്ധ്യം പുലർത്തുന്ന സ്വഹീഹായ ഒരു ഹദീസുമില്ല എന്നിരിക്കെ, വൈരുധ്യവും പകർച്ചയും ആരോപിക്കുന്നത് നിരർത്ഥകവും തെളിവിന്റെ പിൻബലം കൊണ്ട് സ്ഥാപിക്കാൻ കഴിയാത്തതുമാണ്.

ഇത്തരം വൈജ്ഞാനികമായ യാഥാർത്ഥ്യങ്ങളെ അഭിസംബോധന ചെയ്യാതെ, ചില കോണുകളിൽനിന്ന് ഉയർന്നു കേൾക്കുന്ന അടിസ്ഥാന രഹിതമായ ആരോപണങ്ങൾ മുൻനിർത്തി സ്ഥിരപ്പെട്ട ഒരു ഹദീസ് തള്ളിക്കളയുക സാധ്യമല്ല.

അതിനു പുറമെ, ഈ ഹദീസിന്റെ സനദിനെക്കുറിച്ച് ആരോപണം ഉന്നയിക്കാനും ചിലരൊക്കെ വൃഥാവ്യായാമം നടത്തിയിട്ടുണ്ട്. ഇമാം ബുഖാരിയുടെ റിപ്പോർട്ടർമാരിൽ ഒരാളായ, ഥൗർ ബിൻ

**യസീദ് അൽ കുലാഇൗ എന്ന വ്യക്തിയെയാണ് അവർ ലക്ഷ്യം വെച്ചത്. അദ്ദേഹം വിശ്വസ്തനും സ്ഥിരീകരണമുള്ള ആളുമാണെന്ന് ഹാഫിദ് ഇബ്നു ഹജർ, ഫത്ഹുൽ ബാരിയുടെ ആമുഖത്തിൽ പറഞ്ഞിട്ടുണ്ട്.**

"وأما ثور بن يزيد؛ فهو متفق على توثيقه أيضًا والاحتجاج بحديثه، ولم يتكلم فيه أحد بتضعيف." (هدي الساري مقدمة فتح الباري)

**"എന്നാൽ, ഥൗർ ബിൻ യസീദ്, വിശ്വസ്തനും അദ്ദേഹത്തിന്റെ ഹദീസുകൾ തെളിവ് പിടിക്കാൻ കൊള്ളുന്നതുമാണെന്ന കാര്യത്തിൽ എല്ലാവരും ഏകോപിച്ചിട്ടുണ്ട്. അദ്ദേഹത്തെ ദുർബ്ബലനാണെന്ന് ആരും ആക്ഷേപം ഉന്നയിച്ചിട്ടുമില്ല."** (മുഖദ്ദിമത്തു ഫത്ഹിൽ ബാരി)

**ഥൗർ ബിൻ യസീദിന്റെ രിവായത്തിനെ കുറിച്ച് ഇമാം ഹാകിം ﵀ പറഞ്ഞത് അൽബാനി ഉദ്ധരിക്കുന്നത് ഇപ്രകാരമാണ്:**

"صحيح على شرط البخارى" قلت: "وهو كما قال، وأقره الذهبى." (الألباني في إرواء الغليل ٤ / ١١٨ )

**"ഇമാം ബുഖാരിയുടെ നിബന്ധനയൊത്ത സ്വഹീഹായ ഹദീസാണ് ഇത്."**

*(അതിനർത്ഥം ബുഖാരി തന്റെ സ്വഹീഹിൽ ഹദീസ് സ്വീകരിച്ച നിവേദകന്മാർ മാത്രമാണ് ഈ ഹദീസിന്റെ പരമ്പരയിലുള്ളത് എന്നാണ്. ഥൗർ ബിൻ യസീദിൽനിന്നുള്ള രിവായത്ത് ഇമാം ബുഖാരി സ്വഹീഹിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന യാഥാർത്ഥ്യമാണ് ഹാകിമിന്റെ പ്രസ്താവനയിൽ അടിവരയിടുന്നത്.)*

**തുടർന്ന് അൽബാനി ﵀ പറയുന്നു:**

**"കാര്യം അദ്ദേഹം പറഞ്ഞത് പോലെയാണ്. ഇമാം ദഹബി അക്കാര്യം സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്."** (ഇർവാഉൽ ഗലീൽ 4/118)

ചുരുക്കത്തിൽ, ഥൗർ ബിൻ യസീദിന്റെ സാന്നിധ്യം കാരണം ഈ ഹദീസിന് ഏതെങ്കിലും വിധത്തിലുള്ള ദോഷമുണ്ടെന്ന് പറയുക സാധ്യമല്ല. ഇക്കാര്യം ഇതോടെ സംശയരഹിതമായും സ്ഥിരീകരിക്കപ്പെട്ടു.

ആകയാൽ, സ്വമ്മാഅ് ﵂ യിൽ നിന്ന് രിവായതു ചെയ്യപ്പെടുന്ന, ശനിയാഴ്ചയിലെ സുന്നത്ത് നോമ്പുകൾ എടുക്കാൻ പാടില്ലെന്ന ഹദീസിന്റെ സനദ് എല്ലാ നിലക്കും കുറ്റമറ്റതാണെന്നും അതിനെതിരിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള വിമർശനങ്ങൾ നിലനിൽക്കുന്നതല്ലായെന്നും ഉറപ്പിച്ചു പറയാം.

അതിന് പുറമെ, അബ്ദുല്ലാഹ് ബിൻ ബുസ്റിന്റെ ഹദീസ് ഥൗർ ബിൻ യസീദ് വഴിയല്ലാതെ വേറെ സനദിലൂടെ രിവായത് ചെയ്യപ്പെട്ടിട്ടുണ്ട്. അവയിൽനിന്നും സ്വഹീഹായ മൂന്ന് രിവായത്തുകൾ ഇവിടെ ഉദ്ധരിക്കാം.

1. സ്വഹാബിയ്യത്ത് ആയ സ്വമ്മാഅ് ﵂ യിൽ നിന്ന്, സ്വഹാബി ആയ അബ്ദുല്ലാഹ് ബിൻ ബുസ്ർ ﵁ ഉദ്ധരിക്കുന്നു. അദ്ദേഹത്തിൽ നിന്ന്, ഖാലിദ് ബിൻ മഅ്ദാനും, അദ്ദേഹത്തിൽ നിന്ന് ലുഖ്മാൻ ബിൻ ആമിറും ഉദ്ധരിക്കുന്നു. അദ്ദേഹത്തിൽ നിന്ന് മുഹമ്മദ് ബിൻ അൽ വലീദും അദ്ദേഹത്തിൽ നിന്ന് ഇസ്മാഈൽ ബിൻ അയ്യാശും ഉദ്ധരിക്കുന്നു.

   ഇമാം അഹ്മദ് തന്റെ മുസ്നദിലും (6/368-369), അബൂനുഐം മഅ്രിഫതുസ്സ്വഹാബഃയിലും (7728), ത്വബറാനി മുസ്നദ് അൽ ശാമിയ്യീനിലും (1591) ഇത് ഉദ്ധരിച്ചിരിക്കുന്നു.

   ഈ രിവായത്തിനെ സംബന്ധിച്ച് ഇമാം അൽബാനി ﵀ ഇർവാഉൽ പറയുന്നു:

"وهذا إسناد جيد رجاله كلهم ثقات، فإن إسماعيل بن عياش ثقة فى روايته عن الشاميين وهذه منها.

فهذا يؤيد الوجه الأول تأييدا قويا، ويبطل إعلال الحديث بالاضطراب إبطالا بينا، لأنه لو سلمنا أنه اضطراب معل للحديث فهذا الطريق لا مدخل للاضطراب فيه والحمد لله على توفيقه وحفظه لحديث نبيه صلى الله عليه وسلم." [إرواء الغليل للألباني ٤/١٢١-١٢٢]

"ഇത് ഭേദപ്പെട്ട സനദാണ്. ഇതിലെ നിവേദകർ മുഴുവനും വിശ്വസ്ഥരാണ്. ശാമുകാരിൽ നിന്ന് രിവായത്ത് ചെയ്യുന്നതിൽ ഇസ്മാഈൽ ബിൻ അയ്യാശ് ഏറെ വിശ്വാസയോഗ്യനാണ്. ഇത് അതിൽപെട്ടതുമാണ്.

ഇത് ഒന്നാമത്തെ രിവായത്തിനെ തികച്ചും ബലപ്പെടുത്തുന്നു. ഹദീസ് ദുർബലപ്പെടാവുന്ന അസ്ഥിരത (اضطراب) അതിന് ഇല്ലായെന്ന കാര്യം ഇത് വ്യക്തമാക്കുന്നു. ചർച്ചയിലിരിക്കുന്ന ഹദീസിന് ദോഷകരമായ അസ്ഥിരത ഉണ്ടെന്ന് സങ്കൽപിച്ചാൽ തന്നെ, അതിന്റെ ഈ നിവേദക ശൃംഖലക്ക് യാതൊരു അസ്ഥിരതയും ഇല്ല തന്നെ. അങ്ങനെ നബി ﷺ യുടെ ഹദീസിനെ സംരക്ഷിക്കാനും ആരോപിക്കപ്പെട്ട ന്യൂനത പരിഹരിക്കാനും തൗഫീഖ് നൽകിയ അല്ലാഹുവിനു സ്തുതി." (അൽബാനി | ഇർവാഉൽ ഗലീൽ 4/121-122)

2. അബ്ദുല്ലാഹി ബ്നു ബുസ്റിൽ നിന്ന് ഹസ്സാൻ ബ്നു നൂഹും അദ്ദേഹത്തിൽ നിന്ന് അലി ബ്നു അയ്യാശും ഉദ്ധരിക്കുന്നത്.

ഇത്, ഇമാം അഹ്മദ് മുസ്നദിലും (4/189), ദിയാഉൽ മഖ്ദസി മുഖ്താറഃയിലും (1/141) രിവായത്ത് ചെയ്തിട്ടുണ്ട്.

വിശ്വസ്ഥരായ നിവേദകരോടു കൂടിയ സ്വഹീഹായ സനദാണ് ഇതെന്ന് ഇമാം അൽബാനി ﵀ ഇർവാഇൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ ഹദീസിന്റെ സനദിന് യഹ്യ ബ്നു ഹസ്സാനിനു പുറമെ

ഹസ്സാൻ ഇബ്നു നൂഹ് വഴി താഴെ വന്നിട്ടുള്ള മറ്റൊരു കൈ വഴിയുമുണ്ട്.

3. മുബഷിർ ബ്നു ഇസ്മാഈൽ, ഹസ്സാൻ ബ്നു നൂഹിൽ നിന്നും അദ്ദേഹം അബ്ദുല്ലാഹി ബ്നു ബുസ്റിൽ നിന്നും ഉദ്ധരിക്കുന്നത്.

ഇമാം അഹ്മദ്, മുസ്നദിലും (4/189) ദൂലാബി അൽ കുനായിലും (2/118), ഇബ്നു ഹിബ്ബാൻ സ്വഹീഹിലും (940), ഇബ്നു അസാകിർ, താരീഖ് ദിമശ്ഖിലും (1/4/9), ദിയാഉൽ മഖ്ദസി മുഖ്താറഃയിലും (1-2/106) ഈ രണ്ട് രിവായത്തുകളും ഹസ്സാൻ ബ്നു നൂഹിൽ നിന്ന് ഉദ്ധരിച്ചിട്ടുണ്ട്.

ചുരുക്കത്തിൽ, മേൽ വസ്തുതകളുടെ വെളിച്ചത്തിൽ ശനിയാഴ്ചയിലെ സുന്നത്ത് നോമ്പ് വിലക്കപ്പെട്ടതാണെന്ന ഹദീസ് എല്ലാ വിധത്തിലുള്ള ആരോപണങ്ങളിൽ നിന്നും സുരക്ഷിതവും, ഹദീസിൽ വന്നിട്ടുള്ള വിലക്ക് ഇസ്ലാം ദീനിൽ സ്ഥിരപ്പെട്ടതുമാണെന്ന് നിസ്സംശയം പറയാം. ഹദീസിന്റെ ഉള്ളടക്കം (مَتْنٌ) പ്രാമാണികവും, അതിന്റെ സനദും അതിലെ നിവേദകരും സ്വീകാര്യയോഗ്യരുമാണ്. പ്രസ്തുത ഹദീസിന് നേരെ ആരോപിക്കപ്പെടാറുള്ള വിമർശനങ്ങളെല്ലാം അടിസ്ഥാനരഹിതവും നിലനില്പില്ലാത്തതുമാണെന്ന് മുകളിലെ സൂക്ഷ്മമായ വിശകലനത്തിൽ നിന്ന് ഏതൊരു സത്യാന്വേഷിക്കും ബോധ്യപ്പെടുകയും ചെയ്യും.

# 14

## ശനിയാഴ്ച സുന്നത്ത് നോമ്പ് പാടില്ല എന്ന ഹദീസും മറ്റു ഹദീസുകളും തമ്മിൽ

ശനിയാഴ്ച സുന്നത്ത് നോമ്പ് പാടില്ല എന്ന ഹദീസ് സ്വഹീഹാ യതാണെന്ന് അംഗീകരിക്കുമ്പോൾ തന്നെ, സ്ഥിരപ്പെട്ട മറ്റു ചില ഹദീസുകളിൽ വന്ന ചില പരാമർശങ്ങൾ അതിന് എതിരായി കാ ണുന്നുവെന്ന് ചിലർ വ്യാഖ്യാനിക്കാറുണ്ട്. എന്താണ് അവയുടെ നിജസ്ഥിതി? ആ കാര്യം കൂടി നമുക്കൊന്ന് പരിശോധിക്കാം.

### ജുവൈരിയഃ ﷺ യുടെ ഹദീസ്

ശനിയാഴ്ചയിലെ സുന്നത്ത് നോമ്പുമായി ബന്ധപ്പെട്ട ചർച്ച യിൽ ഏറെ തെറ്റിദ്ധരിപ്പിക്കാറുള്ള ഒന്നാണ് ജുവൈരിയഃ ﷺ യിൽ നിന്ന് ഇമാം ബുഖാരി റിപ്പോർട്ട് ചെയ്യുന്ന ഹദീസ്. ശനിയാഴ്ച സു ന്നത്ത് നോമ്പ് വിലക്കുന്ന ഹദീസിന് വിരുദ്ധമായി (معارضة) വരുന്ന ഒരു ഹദീസാണ് ഇതെന്ന് ചിലർ വാദിക്കാറുണ്ട്.

ആ ഹദീസുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ നമുക്കൊന്ന് പരി ശോധിക്കാം.

عَنْ جُوَيْرِيَةَ بِنْتِ الْحَارِثِ رَضِيَ اللَّهُ عَنْهَا أَنَّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ

دَخَلَ عَلَيْهَا يَوْمَ الْجُمُعَةِ وَهِيَ صَائِمَةٌ، فَقَالَ: «أَصُمْتِ أَمْسِ؟» قَالَتْ: لا، قَالَ: «تُرِيدِينَ أَنْ تَصُومِي غَدًا؟» قَالَتْ: لا، قَالَ: «فَأَفْطِرِي» (صحيح البخاري)

**ജുവൈരിയഃ ﵂ നിവേദനം. ഒരു വെള്ളിയാഴ്ച ദിവസം അവർ നോമ്പിലായിരിക്കെ നബി ﷺ അവരുടെ അടുത്ത് വന്നു. അപ്പോൾ അവിടുന്ന് ചോദിച്ചു: «ഇന്നലെ നിങ്ങൾ നോമ്പുകാരിയായിരുന്നോ?» അവർ പറഞ്ഞു: "ഇല്ല." അവിടുന്ന് ചോദിച്ചു: «നാളെ നിങ്ങൾ നോമ്പെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?» അവർ പറഞ്ഞു: "ഇല്ല." അപ്പോൾ അവിടുന്ന് പറഞ്ഞു: «എന്നാൽ നിങ്ങൾ നോമ്പ് മുറിക്കുക.» (സ്വഹീഹുൽ ബുഖാരി)**

ശനിയാഴ്ചയോട് ഒരു ദിവസം മുമ്പോ ശേഷമോ ചേർത്തുകൊണ്ട് സുന്നത്ത് നോമ്പെടുക്കുകയാണെങ്കിൽ അതിന് വിരോധമില്ല എന്ന് ഈ ഹദീസിന്റെ അടിസ്ഥാനത്തിൽ ചിലരൊക്കെ വാദിക്കാറുണ്ട്. പ്രഥമദൃഷ്ട്യാ അത് ശരിയായി തോന്നുമെങ്കിലും, സൂക്ഷ്മ വിശകലനത്തിൽ അത് വസ്തുതയുമായി പൊരുത്തപ്പെടില്ല എന്ന് ബോധ്യപ്പെടും.

സൂക്ഷിച്ച് നോക്കൂ. ജുവൈരിയഃ ﵂ യുടെ ഹദീസ് വെള്ളിയാഴ്ച നോമ്പെടുക്കുന്നതിനെ കുറിച്ചുള്ളതാണ്, ശനിയാഴ്ച നോമ്പെടുക്കുന്നതിനെ കുറിച്ചല്ല. വെള്ളിയാഴ്ച സുന്നത്ത് നോമ്പ് എടുക്കുന്നത് സംബന്ധിച്ച വിധികൾ വേറെ; ശനിയാഴ്ച സുന്നത്ത് നോമ്പെടുക്കുന്നതു സംബന്ധിച്ച വിധികൾ വേറെ. വെള്ളിയാഴ്ച ഒറ്റക്ക് നോമ്പെടുത്താലുള്ള വിലക്കിൽനിന്ന് രക്ഷപ്പെടാൻ നിർബ്ബന്ധമായി എടുക്കേണ്ടി വരുന്ന നോമ്പിന്റെ കാര്യമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. രണ്ടും തീർത്തും വ്യത്യസ്തം തന്നെ. അവ പരസ്പരം കൂട്ടിക്കുഴക്കാവതല്ല.

വെള്ളിയാഴ്ചയിലെ നോമ്പ് എന്ന നിയ്യത്തിൽ ഒരാൾ നോമ്പെടുക്കുന്നതിനാണ് വിലക്കുള്ളത്. വെള്ളിയാഴ്ച മറ്റേതെങ്കിലും ഫർളോ സുന്നത്തോ ആയ നോമ്പ് എടുക്കുന്നതിന് വിലക്കില്ല. സ്ഥി

രമായി പിടിച്ചു വരുന്ന ഏതെങ്കിലും ഒരു സുന്നത്ത് നോമ്പ് വെള്ളിയാഴ്ചയുമായി ഒത്തു വന്നാൽ അന്ന് നോമ്പ് എടുക്കുന്നതിന് ഒരു വിലക്കും ഹദീസുകളിൽ വന്നിട്ടുമില്ല.

എന്നാൽ ഒരാൾ വെള്ളിയാഴ്ച മാത്രം സുന്നത്ത് നോമ്പെടുക്കുന്നു. അതിന് മറ്റൊരു കാരണവും പറയാനില്ല. എങ്കിൽ അയാളുടെ നടപടി സംശയാസ്പദമായിത്തീരുന്നു. അപ്പോൾ ആ സംശയം ദൂരീകരിക്കേണ്ടത് അനിവാര്യമായിത്തീരുന്നു. അതിനായി ഒരു ദിവസം മുമ്പോ പിമ്പോ നോമ്പെടുക്കുകയേ വഴിയുള്ളു. അതിന് ഉദ്ദേശ്യമില്ലെങ്കിൽ അയാൾ വെള്ളി മാത്രമായി നോമ്പെടുക്കുന്നത് ഒഴിവാക്കുക തന്നെ വേണം. ഇതാണ് വെള്ളിയാഴ്ചയുടെ കാര്യം.

എന്നാൽ ശനിയാഴ്ചയിലെ സുന്നത്ത് നോമ്പിന്റെ സ്ഥിതി - നാം നേരത്തെ മനസ്സിലാക്കിയതു പോലെ - വെള്ളിയാഴ്ചത്തേതിൽനിന്ന് തീർത്തും വ്യത്യസ്തമാണ്. ഫർളല്ലാത്ത ഒരു നോമ്പും ശനിയാഴ്ച പാടില്ല. ശനിയാഴ്ചയുടെ സവിശേഷത മുൻനിർത്തി നോമ്പെടുക്കുന്നുവോ ഇല്ലയോ എന്നതല്ല ഇവിടെ വിലക്കുന്നത്. ഇവിടെ വിലക്കുന്നത് ഫർള് അല്ലാത്ത എല്ലാ നോമ്പെടുക്കുന്നതിനെയും മൊത്തമായാണ്. ആയതിനാൽ വെള്ളിയാഴ്ചയിലെ നോമ്പും ശനിയാഴ്ചയിലെ നോമ്പും തമ്മിൽ ബന്ധിപ്പിക്കുന്നതോ താരതമ്യം ചെയ്യുന്നതോ തീർത്തും തെറ്റും മൗഢ്യവുമാണ്. ആരും ഉലക്കയും പാന്തവും തമ്മിൽ ഏച്ചുകൂട്ടാറില്ലല്ലോ.

രണ്ട് ഹദീസുകൾ തമ്മിൽ സമന്വയിപ്പിക്കുന്നതിന് (جَمْعٌ) ചെയ്യുന്നതിന് ഹദീസ് പണ്ഡിതന്മാർ അംഗീകരിച്ചിട്ടുള്ള അടിസ്ഥാന നിയമങ്ങൾ (أُصُولٌ) ഉണ്ട്. അതുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ ആനുഷംഗികമായി വിശദീകരിക്കാൻ ഉദ്ദേശിക്കുന്നു.

സ്വഹീഹായ രണ്ട് ഹദീസുകൾ പരസ്പര വിരുദ്ധമാണെന്ന് വന്നാൽ ഒരു മുസ്‌ലിം അവയെ എങ്ങനെ സമീപിക്കണം? മതപഠനം നടത്തുന്നവരെ സംബന്ധിച്ചിടത്തോളം മൗലിക പ്രാധാന്യമുള്ള ഒരു വിഷയമാണിത്. അത്തരം ഹദീസുകളെ ശരിയാംവണ്ണം നി

രൂപണം ചെയ്യാനുള്ള ആധാരങ്ങളും നിയമങ്ങളും ഹദീസിന്റെ നിദാന തത്വങ്ങൾ പ്രതിപാദിക്കുന്ന വിജ്ഞാനശാഖയായ عِلْمُ مُصْطَلَحِ الْحَدِيثِ ലാണ് വിവരിക്കപ്പെട്ടിട്ടുള്ളത്. അതിൽനിന്ന്, ശനിയാഴ്ചയിലെ സുന്നത്ത് നോമ്പുമായി ബന്ധപ്പെട്ട് വന്ന ഹദീസുകളെ വിശകലനം ചെയ്യാനാവശ്യമായ തത്വങ്ങൾ മാത്രം ഇവിടെ ലളിതമായി പരാമർശിക്കാം.

ശ്രദ്ധിക്കുക! അവയെല്ലാം തന്നെ ഇമാമുകളും പണ്ഡിതന്മാരും ഏകകണ്ഠമായി സ്വീകരിച്ചു പോന്നിട്ടുള്ളവയാണ്.

ശനിയാഴ്ച ദിവസം സുന്നത്തായ ഏതൊരു നോമ്പിനെയും വ്യക്തമായും ശക്തമായും വിലക്കുന്ന ഹദീസുകൾ ഒരു ഭാഗത്തുണ്ട്. അന്നേ ദിവസം സുന്നത്ത് നോമ്പ് അനുവദനീയമാണെന്ന് ചിലർ വ്യാഖ്യാനിക്കുന്ന കുറച്ച് ഹദീസുകൾ മറുഭാഗത്തുമുണ്ട്. രണ്ടിനം ഹദീസുകളും നിവേദക പരമ്പര വെച്ചു നോക്കുമ്പോൾ സ്വഹീഹു തന്നെ. ആയതിനാൽ, അവ രണ്ടും സൂക്ഷ്മപരിശോധന നടത്തിയേ കാര്യം തീരുമാനിക്കാൻ കഴിയൂ. അതിന് ഉപയോഗിക്കേണ്ട സങ്കേതം ഹദീസിന്റെ സ്വീകാര്യത തീരുമാനിക്കാനുള്ള നിദാനങ്ങളും ആധാരതത്വങ്ങളുമാണ്. അവയുടെ അടിസ്ഥാനത്തിൽ മേൽ ഹദീസുകളെ വിലയിരുത്തേണ്ടത് എങ്ങനെ എന്ന് കാണുക:

1. മേൽ സാഹചര്യത്തിൽ ആദ്യം വേണ്ടത് പരസ്പരവിരുദ്ധമായി വരുന്ന രണ്ടിനം ഹദീസുകളെയും ആശയപരമായി ഏകോപിപ്പിക്കാനും സമന്വയിപ്പിക്കാനുമുള്ള സാധ്യത (الْجَمْعِ) പരിശോധിക്കുകയാണ്. ഹദീസ് വിജ്ഞാനീയങ്ങളിൽ അവഗാഹമുള്ള പണ്ഡിതന്മാർക്ക് അവയെ തമ്മിൽ ഏകോപിപ്പിക്കാൻ സാധിക്കുന്നുവെങ്കിൽ പ്രശ്നം പരിഹൃതമായിത്തീരുന്നു.

    ശനിയാഴ്ചത്തെ സുന്നത്ത് നോമ്പുമായി ബന്ധപ്പെട്ടു വന്ന ഹദീസുകൾക്കിടയിൽ യഥാർത്ഥത്തിൽ വൈരുദ്ധ്യമില്ല. അവയെ മുൻഗാമികളും പിൻഗാമികളുമായ പണ്ഡിതന്മാർ ആശയപരമായി ഏകോപിപ്പിച്ചിട്ടുള്ളതാണ്. ഇക്കാര്യം നടേ വ്യക്തമാക്കി

യത് വായനക്കാരുടെ ഓർമ്മയിലുണ്ടായിരിക്കുമല്ലോ. യഥാർത്ഥത്തിൽ ഈ വിഷയം അതോടെ അവസാനിക്കുന്നു; അഥവാ മറ്റു സാധ്യതകളിലേക്ക് പോകേണ്ട കാര്യമില്ലെന്ന് സാരം.

2. അവയെ തമ്മിൽ ഏകോപിപ്പിക്കാൻ കഴിയാത്ത സാഹചര്യത്തിൽ രണ്ടാമതായി പരിശോധിക്കേണ്ടത് താഴെ പറയുന്ന കാര്യങ്ങളാണ്: അവയിൽ ഒന്ന് ദുർബ്ബലപ്പെടുത്തപ്പെട്ട ആദ്യകാല നിയമം (مَنْسُوخ) ആണോ? മറ്റേത് പിന്നീട് വന്ന പ്രാബല്യത്തിലുള്ള ഒടുവിലത്തെ (نَاسِخ) നിയമമമാണോ? ആണെന്ന് അസന്ദിഗ്ധമായും തെളിയക്കപ്പെട്ടാൽ പ്രാബല്യത്തിലുള്ള നിയമം പിന്തുടരുകയും അസാധുവാക്കപ്പെട്ടത് ഉപേക്ഷിക്കുകയും വേണം. അതോടെ പ്രശ്നം പരിഹരിക്കപ്പെടുന്നു.

എന്നാൽ ശനിയാഴ്ചയിലെ സുന്നത്ത് നോമ്പിന്റെ കാര്യത്തിൽ വന്ന ഹദീസുകളെ നാസിഖ് - മൻസൂഖുകളായി കാണാനോ വേർതിരിക്കാനോ സാധ്യമല്ല. അങ്ങനെ ആരോപിച്ചവർക്കാർക്കും അത് തെളിയിക്കാൻ സാധിച്ചിട്ടുമില്ല. ഹദീസ് നിരൂപണ ലോകത്ത് അത് കേവലം ഒരു ഉണ്ടയില്ലാ വെടിയായി അവശേഷിക്കുകയാണ്.

3. മേൽ പറഞ്ഞ രണ്ട് വഴികളും അടയുമ്പോൾ അവയിൽ ഏതെങ്കിലും ഒരു ഹദീസിന് മറ്റേതിനെക്കാൾ മുൻഗണന കൽപിക്കാൻ കഴിയുമോ എന്ന മുന്നാമത്തെ സാധ്യതയാണ് പരിശോധിക്കേണ്ടത്. സ്വഹീഹായി വന്ന രണ്ടു രിവായത്തുകളിൽ ഒന്നിന് മറ്റൊന്നിനെക്കാൾ മുൻഗണന നിശ്ചയിക്കാൻ അവലംബിക്കേണ്ട ചില മാനദണ്ഡങ്ങളുണ്ട്. ഹദീസ് നിരൂപണ രംഗത്തെ അതികായന്മാരായ ഇമാമുകൾ അവ ക്രോഡീകരിച്ചിട്ടുള്ളത് ഖുർആനിലെയും സുന്നത്തിലെയും അവിതർക്കിതമായ വചനങ്ങളുടെയും തത്വങ്ങളുടെയും അടിസ്ഥാനത്തിലാണ്. അവയെ കുറിച്ചുള്ള വിശദമായ ചർച്ചയുടെ വേദി ഇതല്ലാത്തതിനാൽ അതിലേക്ക് തൽക്കാലം പ്രവേശിക്കുന്നില്ല. മുൻഗണന നിശ്ച

യിക്കാനുള്ള മാനദണ്ഡങ്ങളിൽ മുഖ്യമായവയുടെ ഒരു സംഗ്രഹം മാത്രം താഴെ ചേർക്കാം:

* ഖുർആനിന്റെ ആശയാവലികളുമായി കൂടുതൽ ചേർന്നു നിൽക്കുന്ന ഹദീസിന് മുൻഗണന നൽകുക

* ധാർമികമായ വിശ്വാസ്യത (عَدَالَة) യുടെ കാര്യത്തിൽ ഏത് ഹദീസിന്റെ നിവേദകരാണോ (رُوَاةُ الحدِيث) മുന്നിട്ടു നിൽക്കുന്നത് അതിന് മുൻഗണന നൽകുക

* നിവേദകന്മാരുടെ വർദ്ധനവ് അഥവാ കൂടുതൽ പേർ ഉദ്ധരിച്ച ഹദീസ് ഏതാണോ അതിന് മുൻഗണന നൽകുക

* അറിവ്, സൂക്ഷ്മത, പാടവം പോലെ നിവേദകന്മാർക്ക് അവശ്യം ഉണ്ടായിരിക്കേണ്ട ഗുണങ്ങളുടെ കാര്യത്തിൽ (ضَبْطٌ) മുന്നിട്ട് നിൽക്കുന്ന ഹദീസിന് മുൻഗണന നൽകുക.

* നബി ﷺ യെ കൂടുതലായി കണ്ടും കേട്ടും ജീവിച്ച സ്വഹാബികളുടെ രിവായത്തിന് മുൻഗണന നൽകുക.

* ഹദീസുകളുടെ കാലക്രമം പരിശോധിക്കുക. നബി ﷺ തന്റെ ജീവിതത്തിന്റെ അവസാന ഘട്ടത്തിൽ പറഞ്ഞ ഹദീസിന് മുൻഗണന നൽകുക

* സ്വഹാബത്തിന്റെ നടപടികളുമായി കൂടുതൽ യോജിച്ചു വരുന്ന ഹദീസിന് മുൻഗണന നൽകുക

* സാമാന്യവും സവിശേഷവുമായ വിധികളെയും (العَامُّ والخَاصُّ), നിരുപാധികവും സോപാധികവുമായി വിധികളെയും (الْمُطْلَقُ وَالْمُقَيَّدُ) പരിശോധനാ വിധേയമാക്കുക. സവിശേഷമായതിന് സാമാന്യമായതിനെക്കാളും സോപാധികമായതിന് നിരുപാധികമായതിനെക്കാളും മുൻഗണന നൽകുക

* കാഠിന്യവും ലാളിത്യവും പരിശോധിക്കുക. ലാളിത്യം ഉൾക്കൊള്ളുന്നവക്ക് കാഠിന്യമുള്ളവയെക്കാൾ മുൻഗണന നൽകുക.

ശനിയാഴ്ചയിലെ സുന്നത്ത് നോമ്പുമായി ബന്ധപ്പെട്ടു വന്ന ഹദീസുകൾക്കിടയിൽ വൈരുദ്ധ്യമുണ്ടെന്ന് വാദത്തിനു വേണ്ടി സമ്മതിച്ചാൽ, അവയിൽ ഏത് ഹദീസിന് മുൻഗണന കൽപിക്കാം. അതാണ് ഇനി പരിശോധിക്കാനുള്ളത്. മുൻഗണന നിശ്ചയിക്കാൻ മേൽ പറഞ്ഞതും അല്ലാത്തതുമായ മാനദണ്ഡങ്ങളുടെ (عَوَامِلُ التَرْجِيحِ) അടിസ്ഥാനത്തിൽ ഹദീസ് വിജ്ഞാനീയങ്ങളിൽ അവഗാഹമുള്ള പണ്ഡിതന്മാരാണ് അവയെ വിലയിരുത്തേണ്ടത്. അത്തരം ഒരന്വേഷണം ശനിയാഴ്ചയിലെ സുന്നത്ത് നോമ്പിനെ കുറിച്ചുള്ള വിലക്ക് അരക്കിട്ട് ഉറപ്പിക്കുക മാത്രമാണ് ചെയ്യുന്നത്.

കൂടാതെ, ഈ വിഷയത്തിൽ ഇമാം അൽബാനി നടത്തിയിട്ടുള്ള അർത്ഥവത്തായ വിശകലനങ്ങളും നിരീക്ഷണങ്ങളും കൂടി കാണേണ്ടതുണ്ട്. അവ ഹദീസ് പഠിതാക്കളെ എന്നും ഹഠാദാകർഷിക്കുന്നവയാണ്. എന്നല്ല, അവ ഈ വിഷയത്തിൽ തീർപ്പ് കല്പിക്കുന്ന അവസാന വാക്കായി തന്നെ നിലകൊള്ളുന്നവയുമാണ്.

അദ്ദേഹത്തിന്റെ ചില വിശകലനങ്ങൾ താഴെ കൊടുക്കാം. അവ കൂടി ശ്രദ്ധാപൂർവ്വം നിരീക്ഷിക്കുക. അദ്ദേഹം പറയുന്നു:

"أولا: قولهم؛ إذا تعارض حاظر ومبيح قدم الحاظر على المبيح" (تمام المنة للألباني ص ٤٠٧)

"അവരുടെ അഥവാ ഹദീസ് നിരൂപകന്മാരുടെ പ്രസ്താവമാണ് ഒന്നാമത്തേത്. അതായത്: വിലക്കുന്ന ഒന്നും അനുവദിക്കുന്ന ഒന്നും വിരുദ്ധമായി വരുമ്പോൾ, വിലക്കുന്നതിന് അനുവദിക്കുന്നതിനെക്കാൾ മുൻഗണന നൽകണം". (അൽബാനി | തമാമുൽമിന്നഃ)

ഇവിടെ, ശനിയാഴ്ച സുന്നത്ത് നോമ്പെടുക്കുന്നതിനെ അസന്ദിഗ്ധമായി തന്നെ വിലക്കുന്ന ഹദീസ് വന്നിരിക്കുന്നു. മറുഭാഗത്ത് അത് അനുവദനീയമാണെന്ന് ചിലർ വ്യാഖ്യാനിക്കുന്ന ഹദീസുകളാണുള്ളത്. അപ്പോൾ വിലക്കുന്ന ഹദീസിനാണ് മുൻഗണന നൽകേണ്ടത്.

ശനിയാഴ്ച സുന്നത്ത് നോമ്പുകൾ അനുഷ്ഠിക്കുന്നതിൽ തെറ്റില്ല എന്ന് തോന്നിപ്പിക്കുന്ന ഹദീസുകളും അന്നേ ദിവസം സുന്നത്ത് നോമ്പെടുക്കാൻ അനുവാദം നൽകുന്ന ഹദീസുകളും എല്ലാം 'അനുവാദത്തെ' മാത്രമാണ് കുറിക്കുന്നത്. എന്നാൽ ശനിയാഴ്ച നിർബന്ധമല്ലാത്ത ഒരു നോമ്പും എടുക്കരുത് എന്ന് പറയുന്ന ഹദീസ് വ്യക്തമായും വിലക്കിനെയാണ് അറിയിക്കുന്നത്. ഒരു ഭാഗത്ത് അനുവാദവും മറുഭാഗത്ത് വിലക്കും വന്നാൽ വിലക്കിനെ മുന്തിക്കണം എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ വിഷയത്തെ സമീപിക്കുമ്പോൾ ശനിയാഴ്ച ദിവസം നോമ്പെടുക്കാൻ പാടില്ല എന്നത് ഖണ്ഡിതമായിത്തീരുന്നു.

ഇതോടെ, ശനിയാഴ്ച ദിവസം നോമ്പെടുക്കുന്നത് വിലക്കുന്ന സ്വമ്മാഇന്റെ ഹദീസും ഇമാം ബുഖാരി ഉദ്ധരിക്കുന്ന ജുവൈരിയഃ ﵂ യുടെ ഹദീസും തമ്മിൽ ആശയപരമായി സമന്വയം സാധിക്കാത്ത വിധമുള്ള ഒരു വൈരുദ്ധ്യവുമില്ലെന്ന കാര്യം സുതരാം വ്യക്തമാകുന്നു.

അടുത്തതായി ഇമാം അൽബാനി ﵀ പറയുന്നത് കാണുക:

"ثانيا: إذا تعارض القول مع الفعل قدم القول على الفعل." (تمام المنة في التعليق على فقه السنة، ص ٤٠٧)

"രണ്ടാമതായി, വാക്കും പ്രവൃത്തിയും പരസ്പര വിരുദ്ധമായി വന്നാൽ കർമ്മപരമായ തെളിവിനെ അപേക്ഷിച്ച് വാചികമായ തെളിവിന് മുൻഗണന നൽകണം." [അർബാനി | തമാമുൽ മിന്നഃ, പുറം 407]

ഇവിടെ, ശനിയാഴ്ചയിലെ സുന്നത്ത് നോമ്പ് വിലക്കുന്ന ഹദീസ് നബി ﷺ യുടെ വ്യക്തമായ പ്രസ്താവനയാണ്. ശനിയാഴ്ചയിലെ സുന്നത്ത് നോമ്പ് അനുവദനീയമാണെന്ന് വാദിക്കുന്നവർ ഉദ്ധരിക്കുന്ന ഹദീസുകൾ നബി ﷺ യിൽനിന്നുള്ള കർമ്മപരമായ തെളിവ് മാത്രവും. വാക്കും പ്രവർത്തിയും തമ്മിൽ വൈരുദ്ധ്യമുണ്ടാ

യാൽ വാക്കിനാണ് മുൻഗണന നൽകേണ്ടത് എന്ന മേൽ തത്വത്തി ന്റെ അടിസ്ഥാനത്തിലും ശനിയാഴ്ച ഫർളല്ലാത്ത, സുന്നത്തായ ഒരു നോമ്പും എടുക്കാവതല്ലെന്ന് വരുന്നു

ഇതിൽ നിന്ന് ശനിയാഴ്ച ദിവസം നോമ്പെടുക്കുന്നത് വില ക്കിക്കൊണ്ടുള്ള ഹദീസും ഇമാം ബുഖാരി ഉദ്ധരിച്ച ജുവൈരിയഃ ﵂ യുടെ ഹദീസും തമ്മിൽ യാതൊരു വൈരുധ്യവും നിലനിൽക്കു ന്നില്ല എന്ന് കാണാൻ സാധിക്കും.

ഇമാം അൽബാനി ﵀ തുടരുന്നു:

"ومن تأمل في تلك الأحاديث المخالفة لهذا وجدها على نوعين:

الأول: من فعله صلى الله عليه وسلم وصيامه.

الآخر: من قوله صلى الله عليه وسلم كحديث ابن عمرو المتقدم.

ومن الظاهر البين أن كلا منهما مبيح وحينئذ فالجمع بينها وبين الحديث يقتضي تقديم الحديث على هذا النوع لأنه حاظر وهي مبيحة. وكذلك قوله صلى الله عليه وسلم لجويرية: «أتريدين أن تصومي غدا» وما في معناه مبيح أيضا فيقدم الحديث عليه.

هذا ما بدا لي، فإن أصبت فمن الله وله الحمد على فضله وتوفيقه، وإن أخطأت فمن نفسي، وأستغفره من ذنبي." ( تمام المنة في التعليق على فقه السنة، ص ٤٠٨ )

"ഈ ഹദീസിന് വിരുദ്ധമായ ഹദീസുകളെ നിരീക്ഷിച്ചാൽ, അവ താഴെ പറയുന്ന രണ്ടിലേതെങ്കിലും ഒരിനത്തിൽ ഉള്ളവയാണെ ന്ന് കാണാം.

ഒന്നാമത്തെ ഇനം: നബി ﷺ യുടെ പ്രവൃത്തിയും അദ്ദേഹത്തി ന്റെ നോമ്പും.

രണ്ടാമത്തെ ഇനം: നേരത്തെ പറഞ്ഞ ഇബ്ന അംറിന്റെ ഹദീസിലേതു പോലെയുള്ള നബി ﷺ യുടെ വാക്ക്

അവ രണ്ടും (നബി ﷺ യുടെ വാക്കും, പ്രവർത്തിയും) പ്രകടമായി തന്നെ അനുവാദത്തെയാണ് അറിയിക്കുന്നത്. അപ്പോൾ, ഇവ രണ്ടും സമന്വയിപ്പിച്ചാൽ വിലക്കിനെ മുന്തിക്കുക എന്നതിന് പരിഗണന ലഭിക്കും. കാരണം അവയിലൊന്ന് അനുവാദവും മറ്റേത് വിലക്കുമാണ്. അത് പോലെത്തന്നെയാണ് ജുവൈരിയഃ ﵂ യോട് «നാളെ നിങ്ങൾ നോമ്പെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?» എന്ന ചോദ്യവും. അതും അനുവാദത്തെയാണ് സൂചിപ്പിക്കുന്നത്. അപ്പോഴും നമ്മുടെ മുമ്പിലുള്ള വിലക്കിനെ അറിയിക്കുന്ന ഹദീസിന് മുൻഗണന നൽകപ്പെടും. ഇതാണ് എനിക്ക് ബോധ്യപ്പെട്ട കാര്യം. എന്റെ പക്ഷം ശരിയാണെങ്കിൽ അത് അല്ലാഹുവിൽ നിന്നുള്ളതാണ്. അതിന് തൗഫീഖ് നൽകിയ അല്ലാഹുവിന് സ്തുതി. ഇനി തെറ്റാണെങ്കിൽ എന്നിൽ നിന്നുള്ള വീഴ്ചയാണ്, അതിൽ ഞാൻ അല്ലാഹുവിനോട് പശ്ചാത്തപിക്കുന്നു." [അർബാനി | തമാമുൽ മിന്നഃ, പുറം 408]

വെള്ളിയാഴ്ച ദിവസം നോമ്പെടുക്കൽ വിലക്കപ്പെട്ട കാര്യമാണെന്ന് അറിയാത്ത ഒരാൾ അന്നേ ദിവസം നോമ്പെടുക്കുകയും ഹറാമിൽ അകപ്പെടുകയും ചെയ്യുന്നു. അതിൽ നിന്ന് അവന് രക്ഷപ്പെടണം. അതിനുള്ള ഏക പോംവഴി ശനിയാഴ്ച നോമ്പെടുക്കലാണ്. അപ്പോൾ അയാൾക്ക് ശനിയാഴ്ച നോമ്പെടുക്കൽ നിർബന്ധമായിത്തീരുന്നു. വെള്ളിയാഴ്ച ദിവസം നോമ്പെടുത്ത ജുവൈരിയഃ ﵂ യോട് «നാളെ നിങ്ങൾ നോമ്പെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?» എന്ന നബി ﷺ യുടെ ചോദ്യം ആ അർത്ഥത്തിലാണ് മനസ്സിലാക്കേണ്ടത്.

വെള്ളിയാഴ്ച ദിവസത്തിൽ തനിച്ച് നോമ്പെടുക്കുന്നതിന്റെ വിധി അറിയുന്ന ഒരാളാണെങ്കിൽ, അയാൾ ആ വിലക്ക് മറികടക്കാൻ വ്യാഴാഴ്ച തന്നെ നോമ്പെടുക്കും. അതോട് കൂടി ആ

ഇഫ്റാദിന്റെ പ്രശ്നം അവിടെ അവസാനിച്ചു.

എന്നാൽ, വെള്ളിയാഴ്ച തനിച്ച് നോമ്പെടുക്കുന്നതിന്റെ വിധി അറിയാത്ത ഒരാൾ ആ ദിവസം നോമ്പെടുത്തു പോയാൽ, വെള്ളിയാഴ്ചയുടെ ഇഫ്റാദിനെ മറികടക്കാൻ അയാൾക്ക് ശനിയാഴ്ച കൂടി നോമ്പെടുക്കൽ നിർബന്ധമായിത്തീരുകയും ചെയ്യും. അപ്പോൾ അയാളുടെ ശനിയാഴ്ചയിലെ നോമ്പ് സുന്നത്തല്ല, മറിച്ച് വാജിബാണ്. അക്കാര്യമാണ് മുകളിലെ ജുവൈരിയഃ ﵂ യുടെ ഹദീസിൽ നിന്ന് മനസ്സിലാക്കാൻ കഴിയുക.

# 15

## ശ്രേഷ്ഠത കല്പിക്കപ്പെട്ട സുന്നത്ത് നോമ്പുകൾ ശനിയാഴ്ചയുമായി ഒത്തു വന്നാൽ

**നബി ﷺ ഐച്ഛികമായ നിലയിൽ അനുഷ്ഠിക്കാൻ കൽപിച്ചിട്ടുള്ള മറ്റു നോമ്പുകൾ ശനിയാഴ്ച ദിവസത്തിൽ വന്നു ചേർന്നാൽ എന്ത് ചെയ്യും?**

**ഈ ചോദ്യം ഇമാം അൽബാനി رحمه الله യോട് ചോദിച്ചപ്പോൾ അദ്ദേഹം നൽകിയ മറുപടി ഇപ്രകാരമാണ്:**

"وقلت بكل صراحة إن الذي يفطر مثلا يوم عاشوراء أو يوم عرفة لموافقته ليوم السبت لا يتركه كسلا ولا هملا ولا رغبة عن الفضل الوارد في صيام يوم عاشوراء وفي صيام يوم عرفة وإنما يترك ذلك لله.. فالذي يفطر يوم عرفة لموافقته ليوم السبت يكون أجره عند الله عز وجل -فيما نحسِب- أكثر من الذي يصومه لأن الذي أفطره، أفطره وتركه وترك صيامه لأمر النبي صلى الله عليه وسلم؛ أي نهيه عن صوم يوم السبت إلا فيما افترض علينا." (سلسلة الهدى والنور، شريط رقم ٣٨٠)

"വളരെ വ്യക്തമായി ഞാൻ പറയുന്നത്, മുഹറം പത്ത്, അറഫാ ദിനം തുടങ്ങിയവ ശനിയാഴ്ചയുമായി ഒത്തുവന്നാൽ ഒരാൾ നോമ്പെടുക്കാതിരിക്കുന്നത്, മടി കൊണ്ടോ അലംഭാവം കൊണ്ടോ അല്ല. ആശൂറാ-അറഫാ ദിനങ്ങളെ കുറിച്ച് വന്നിട്ടുള്ള ശ്രേഷ്ഠതയിൽ താൽപര്യമില്ലാത്തതിനാലുമല്ല. മറിച്ച് അയാൾ അത് ഉപേക്ഷിക്കുന്നത് അല്ലാഹുവിനു വേണ്ടി മാത്രമാണ്.. അതിനാൽ തന്നെ ശനിയാഴ്ച ദിവസം ആയതിനാൽ അറഫ നോമ്പ് ഉപേക്ഷിക്കുന്ന ഒരാൾക്ക്, ആ ദിവസം നോമ്പനുഷ്ഠിക്കുന്ന ആൾക്ക് ലഭിക്കുന്നതിനേക്കാൾ അധികം പ്രതിഫലം ലഭിക്കുമെന്നാണ് നാം പ്രതീക്ഷിക്കുന്നത്. കാരണം, അന്നേ ദിവസം ഒരുവൻ നോമ്പെടുക്കാതിരിക്കുന്നത്, നബി ﷺ യുടെ കൽപന സ്വീകരിച്ചു കൊണ്ടും, നിർബന്ധമായ നോമ്പൊഴികെ മറ്റൊരു നോമ്പും ആ ദിവസം പാടില്ലെന്ന അവിടുത്തെ വിലക്ക് അംഗീകരിച്ചു കൊണ്ടുമാണ്." (സിൽസിലതുൽ ഹുദാ വന്നൂർ, കാസറ്റ് നമ്പർ **380**)

മുഹറം ഒമ്പതോ പത്തോ, അതല്ലെങ്കിൽ ശവ്വാലിലെ ആറ് നോമ്പ്, അറഫാ ദിനത്തിലെ നോമ്പ് തുടങ്ങിയവ ശനിയാഴ്ചയിലാണ് വരുന്നതെങ്കിൽ, നിർബന്ധ നോമ്പുകൾ ഒഴികെ മറ്റെല്ലാം വിലക്കപ്പെട്ടതിനാൽ ആ ദിവസം, നോമ്പ് അനുഷ്ഠിക്കാതിരിക്കുകയാണ് വേണ്ടത്.

നബി ﷺ പറയുന്നു:

عن أبي قتادة رضي الله عنه: «إنك لن تدع شيئا لله عز وجل إلا بدَّلك الله به ما هو خير لك منه» ( أخرجه أحمد)

അബൂ ഖതാദഃ رضي الله عنه നിവേദനം. നബി ﷺ പറയുന്നു: «തീർച്ചയായും, ഏതൊരു കാര്യം നീ അല്ലാഹുവിന് വേണ്ടി ത്യജിച്ചാലും, അതിന് പകരമായി അല്ലാഹു അതിനേക്കാൾ നല്ലത് നിനക്ക് നൽകാതിരിക്കില്ല.» (മുസ്നദു അഹ്മദ്)

സുന്നത്ത് നോമ്പുകളിൽ എണ്ണപ്പെട്ടതാണ് ദാവൂദ് നബി ﷺ ന്റെ നോമ്പ്. അതിനെക്കുറിച്ച് അബ്ദുല്ലാഹ് ബിൻ അംറ് رضي الله عنه ൽനിന്ന് ഇമാം ബുഖാരി രിവായത്ത് ചെയ്യുന്ന ഹദീസിൽ ഇപ്രകാരം കാണാം:

عن عبد الله بن عمرو بن العاص رضي الله عنه، أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ لَهُ: «أَحَبُّ الصَّلَاةِ إِلَى اللَّهِ صَلَاةُ دَاوُدَ عَلَيْهِ السَّلَامُ، وَأَحَبُّ الصِّيَامِ إِلَى اللَّهِ صِيَامُ دَاوُدَ، وَكَانَ يَنَامُ نِصْفَ اللَّيْلِ وَيَقُومُ ثُلُثَهُ وَيَنَامُ سُدُسَهُ، وَيَصُومُ يَوْمًا وَيُفْطِرُ يَوْمًا» (صحيح البخاري)

അബ്ദുല്ലാഹ് ബിൻ അംറ് ബിൻ ആസ്വ് നിവേദനം. നബി ﷺ അദ്ദേഹത്തോട് പറഞ്ഞു: "നമസ്കാരങ്ങളിൽ, അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടത് ദാവൂദ് നബി ﷺ ന്റെ നമസ്കാരമാണ്. നോമ്പുകളിൽ അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടത് ദാവൂദ് നബി ﷺ ന്റെ നോമ്പാണ്. അദ്ദേഹം രാത്രി പകുതി ഉറങ്ങുകയും അതിന്റെ മൂന്നിലൊന്ന് നമസ്കരിക്കുകയും ആറിലൊന്ന് ഉറങ്ങുകയും ചെയ്യുമായിരുന്നു. ഒരു ദിവസം നോമ്പെടുക്കുകയും ഒരു ദിവസം നോമ്പ് ഒഴിവാക്കുകയും ചെയ്യുമായിരുന്നു." (സ്വഹീഹുൽ ബുഖാരി)

മുകളിലെ ഹദീസിൽ പ്രതിപാദിച്ച നോമ്പ് എടുക്കുന്ന ഒരാൾ, ഒന്നിടവിട്ട ദിവസങ്ങളിലായി നോമ്പനുഷ്ഠിക്കുമ്പോൾ ശനിയാഴ്ച ഇടക്കു വരികയെന്നത് സ്വാഭാവികമാണ്. അപ്പോൾ എന്ത് ചെയ്യും? ഇത്തരം സാഹചര്യങ്ങളിൽ, വിലക്കുള്ള ദിവസം എന്ന നിലയിൽ നോമ്പ് അനുഷ്ഠിക്കാതിരിക്കുകയാണ് വേണ്ടത്. രണ്ട് പെരുന്നാൾ ദിവസങ്ങളിലും, ബലി പെരുന്നാളിന് തുടർന്ന് വരുന്ന മൂന്ന് ദിവസങ്ങളിലും (أيام التشريق), അന്നേ ദിവസങ്ങളിൽ വിലക്ക് വന്നിട്ടുള്ളതിനാൽ നോമ്പ് എടുക്കാത്തത് പോലെത്തന്നെ, ഒന്നിടവിട്ട ദിവസങ്ങളിൽ ശനിയാഴ്ച ഒത്തു വന്നാലും നോമ്പെടുക്കാതിരിക്കുകയാണ് വേണ്ടത്.

മുഹറം ഒമ്പത് പത്ത്, അറഫാ നോമ്പ്, തുടങ്ങിയ സുന്നത്ത് നോമ്പുകൾ ശനിയാഴ്ച ദിവസങ്ങളിലാണ് വരുന്നതെങ്കിൽ, അപ്പോഴും ഇതേ വിധി തന്നെയാണ് പിന്തുടരേണ്ടത്. അത്തരം ദിവസങ്ങളിൽ നോമ്പനുഷ്ഠിക്കുന്നതിൽ വിലക്ക് വന്ന കാരണത്താൽ അല്ലാഹുവിന്റെ പ്രതിഫലം ആഗ്രഹിച്ചു കൊണ്ട് നമ്മളത് ഒഴിവാക്കുന്നു. സുന്നത്ത് നോമ്പുകളുടെ പ്രാധാന്യം സൂചിപ്പിക്കുന്ന ഹദീസുകൾ അംഗീകരിക്കുന്നതോടൊപ്പം ശനിയാഴ്ച ദിവസം നോമ്പെടുക്കരുതെന്ന വിലക്ക് വന്ന ഹദീസും നമ്മൾ സ്വീകരിക്കുകയാണ് ചെയ്യുന്നത്. അപ്പോൾ നബി ﷺ യിൽ നിന്ന് സ്ഥിരപ്പെട്ട് വന്ന രണ്ട് ഹദീസുകളും നമ്മൾ അംഗീകരിക്കുകയും അത് രണ്ടും അമലാക്കുകയും ചെയ്യുന്നുവെന്നർത്ഥം.

ആഴ്ചയിൽ തിങ്കളാഴ്ചയും വ്യാഴാഴ്ചയും നോമ്പെടുക്കൽ വളരെ പുണ്യകരമായ കാര്യമാണ്. എന്നാൽ, തിങ്കളാഴ്ചയോ വ്യാഴാഴ്ചയോ പെരുന്നാളാണെങ്കിൽ ആ ദിവസം നോമ്പെടുക്കൽ നിഷിദ്ധമാണ്. പെരുന്നാൾ ദിവസം നോമ്പെടുക്കുന്നത് വിലക്കപ്പെട്ടതായതിനാൽ തിങ്കൾ വ്യാഴം ദിവസങ്ങളിൽ നോമ്പെടുത്താലുള്ള പ്രതിഫലത്തിന് പ്രസക്തിയില്ല. ഏറെ പുണ്യകരമാണെന്നു പറഞ്ഞു ആരെങ്കിലും പെരുന്നാൾ ദിവസം നോമ്പെടുക്കുമോ? ഒരിക്കലുമില്ല. അതുപോലെയാണ് ശനിയാഴ്ച ദിവസം സുന്നത്ത് നോമ്പുകൾ അനുഷ്ഠിക്കുന്നതും.

അത് പോലെ, അറബി മാസത്തിലെ പതിമൂന്ന്, പതിനാല്, പതിനഞ്ച് ദിവസങ്ങളിൽ (أيام البيض) നോമ്പെടുക്കുന്നത് സുന്നത്താണ്. എന്നാൽ ദുൽഹിജ്ജ മാസത്തിലെ പതിമൂന്നിന് നോമ്പെടുക്കാൻ പാടില്ല. കാരണം അത് അയ്യാമുത്തിശ്‌രീഖിൽ ഉൾപ്പെടുന്നു. അയ്യാമുത്തശ്‌രീഖിൽ നോമ്പ് വിലക്കപ്പെട്ടിട്ടുള്ളതാണ്.

നബി ﷺ പറയുന്നു:

عَنْ نُبَيْشَةَ الْهُذَلِيِّ ، قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: «أَيَّامُ التَّشْرِيقِ

أَيَّامُ أَكْلٍ وَشُرْبٍ» [مسلم في صحيحه]

**നുബൈശഃ അൽ ഹുദലി ﵁ നിവേദനം. നബി ﷺ പറയുന്നു: «അയ്യാമുത്തശ്‌രീഖ് (ദുൽഹിജ്ജഃ പതിനൊന്ന്, പന്ത്രണ്ട്, പതിമൂന്ന്) തിന്നുവാനും കുടിക്കുവാനുമുള്ള ദിനങ്ങളാണ്.» (സ്വഹീഹു മുസ്‌ലിം)**

# 16

## നബി ﷺ ശനിയാഴ്ച സുന്നത്ത് നോമ്പ് അനുഷ്ഠിച്ചതായി സ്ഥിരപ്പെട്ടിട്ടില്ല

ശനിയാഴ്ച സുന്നത്ത് നോമ്പ് വിലക്കപ്പെട്ടതാണെന്ന് സ്വമ്മാഇൽ നിന്നും ഉദ്ധരിക്കപ്പെടുന്ന സ്വഹീഹായ ഹദീസ് കൊണ്ട് സംശയരഹിതമായും തെളിഞ്ഞു കഴിഞ്ഞതാണ്.

ശനിയാഴ്ച സുന്നത്ത് നോമ്പെടുക്കുന്നതിന് വിലക്കില്ല എന്നതിന് തെളിവായി ഉദ്ധരിക്കാറുള്ള മറ്റൊന്ന് കുറൈബിൽ നിന്നുള്ള ഹദീസാണ്. ആ ഹദീസിന്റെ നിജസ്ഥിതി കൂടി നമുക്ക് പരിശോധിക്കാം.

أخبرنا عبد الله بن محمد بن عمر بن علي عن أبيه أن كريبا مولى ابن عباس أخبره أَنَّ ابْنَ عَبَّاسٍ وَنَاسًا مِنْ أَصْحَابِ رَسُولِ اللهِ صَلى الله عَلَيه وسَلم بَعَثُونِي إِلَى أُمِّ سَلَمَةَ أَسَأَلُهَا عَنْ أَيِّ الأَيَّامِ كَانَ رَسُولُ اللهِ صَلى الله عَلَيه وسَلم أَكْثَرَ لِصِيَامِهَا؟ فَقَالَتْ: يَوْمَ السَّبْتِ وَالأَحَدِ، فَرَجَعْتُ إِلَيْهِمْ فَأَخْبَرْتُهُمْ، فَكَأَنَّهُمْ أَنْكَرُوا ذَلِكَ، فَقَامُوا بِأَجْمَعِهِمْ إِلَيْهَا، فَقَالُوا: إِنَّا بَعَثْنَا إِلَيْكِ هَذَا فِي كَذَا وَكَذَا، وَذَكَرَ أَنَّكِ قُلْتِ كَذَا، فَقَالَتْ: صَدَقَ، إِنَّ رَسُولَ اللهِ صَلى الله

عَلَيه وسَلم أَكْثَرُ مَا كَانَ يَصُومُ مِنَ الأَيَّامِ يَوْمُ السَّبْتِ وَالأَحَدِ، وَكَانَ يَقُولُ: «إِنَّهُمَا عِيدَانِ لِلْمُشْرِكِينَ، وَأَنَا أُرِيدُ أَنْ أُخَالِفَهُمْ» (أخرجه الحاكم وابن حبان واللفظ له)

ഇബ്നു അബ്ബാസ് ﵄ വിന്റെ സേവകനായ കുറൈബ് ﵁ നിവേദനം. അദ്ദേഹം പറയുന്നു: ഇബ്നു അബ്ബാസ് ﵄ യും മറ്റു ചില സ്വഹാബികളും, ഏതെല്ലാം ദിവസങ്ങളിലായിരുന്നു നബി ﷺ ഏറ്റവുമധികം നോമ്പനുഷ്ഠിക്കാറുണ്ടായിരുന്നത് എന്ന് ചോദിക്കാൻ എന്നെ ഉമ്മു സലമ ﵂ യുടെ അടുത്തേക്കയച്ചു. അപ്പോൾ അവർ പറഞ്ഞു – ശനിയും ഞായറും. അങ്ങനെ ഞാനവരുടെ അടുത്തേക്ക് മടങ്ങി വന്ന് വിവരമറിയിച്ചു. പക്ഷെ അവർക്കതിൽ അനിഷ്ടം തോന്നിയിട്ടെന്ന പോലെ, എല്ലാവരും ഒരുമിച്ച് അവിടെ നിന്നെഴുന്നേറ്റ് അവരുടെ  അടുത്തേക്ക് പോയി. എന്നിട്ട് അവരോട് പറഞ്ഞു: ഞങ്ങൾ ഇദ്ദേഹത്തെ (കുറൈബിനെ) നിങ്ങളുടെ അടുത്തേക്ക് ഇന്നയിന്ന കാര്യങ്ങൾ ചോദിക്കുന്നതിനു വേണ്ടി അയക്കുകയും നിങ്ങൾ അദ്ദേഹത്തോട് ഇപ്രകാരം പറഞ്ഞതായും അദ്ദേഹം അറിയിച്ചു. അപ്പോൾ അവർ  പറഞ്ഞു: അദ്ദേഹം പറഞ്ഞത് സത്യമാണ്. തീർച്ചയായും നബി ﷺ ഏറ്റവും കൂടുതൽ നോമ്പനുഷ്ഠിക്കാറുണ്ടായിരുന്ന ദിവസം ശനിയും ഞായറുമായിരുന്നു. അവിടുന്ന് പറയാറുണ്ടായിരുന്നു: "ഇവ രണ്ടും മുശ്രിക്കുകളുടെ ആഘോഷദിവസങ്ങളാണ്. അവരോട് എതിരാകാൻ ഞാൻ ഉദ്ദേശിക്കുന്നു." (ഹാകിം, ഇബ്നു ഹിബ്ബാൻ)

ഈ ഹദീസിനെക്കുറിച്ച് ഇമാം അൽബാനി ﵀ പറയുന്നു:

"وضعف هذا الإسناد عبد الحق الإشبيلى فى الأحكام الوسطى، وهو الراجح عندى، لأن فيه من لا يعرف حاله كما بينته فى الأحاديث الضعيفة، ولو صح لم يصلح أن يعتبر ناسخا لحديث ابن بسر ولا أن يعارض به لما ادعى الحاكم." (إرواء الغليل للألباني)

"അബ്ദുൽ ഹഖ് അൽ ഇശ്ബീലി തന്റെ 'അൽ അഹ്കാമുൽ വുസ്ത്വാ' എന്ന ഗ്രന്ഥത്തിൽ ഇതിന്റെ സനദ് ദുർബലമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഞാൻ മുൻഗണന നൽകുന്നതും ഇതേ പക്ഷത്തിനാണ്. കാരണം അതിന്റെ സനദിൽ വിശ്വാസ്യത തെളിയിക്കപ്പെടാത്ത (مجهول الحال) ഒരു നിവേദകനുണ്ട്. അക്കാര്യം ഞാൻ എന്റെ 'സിൽസിലതുൽ അഹാദീസ് ളഈഫഃയിൽ' വിശദീകരിച്ചിട്ടുണ്ട്. ഇനി ഇത് സ്വഹീഹായി വന്നാൽ തന്നെ, ഹാകിം വാദിച്ച പോലെ ഇബ്നു ബുസ്റിന്റെ ഹദീസിനെ ദുർബലപ്പെടുത്തുന്ന ناسخ ആയിട്ടോ, അതിനോട് എതിര് നിൽക്കാവുന്ന രേഖയായിട്ടോ ഇതിനെ പരിഗണിക്കാനുമാവില്ല. (അൽബാനി | ഇർവാഉൽ ഗലീൽ)

അൽബാനി ﵀ യെ വായിക്കാനറിയാത്ത ചില ഇളമക്കാർ ഒരു പക്ഷെ ഇവിടെ ഒരു സംശയം ഉന്നയിക്കാം. അൽബാനിയുടെ തന്നെ ഒരു അടിക്കുറിപ്പാണത്. അത് വിത്തും വേരും സഹിതം നാം ഇവിടെ കൊണ്ടുവരാം. അഹ്ലുസ്സുന്നഃ അങ്ങനെയാണ്. അവർ തെളിവുകൾ പരിശോധിക്കുമ്പോൾ അനുകൂലവും പ്രതികൂലവുമായത് വിശകലന വിധേയമാക്കും. അവർക്കതിൽ മുൻവിധിയോ പക്ഷപാതമോ ഉണ്ടായിരിക്കില്ല.

ഇമാം അൽബാനി ﵀ പറയുന്നു:

"وقد حسنته في تعليقي على صحيح ابن خزيمة (٢١٦٨) ولعله أقرب فيعاد النظر." (من تعليقات إرواء الغليل للألباني)

"സ്വഹീഹ് ഇബ്നു ഖുസൈമയിലെ 2168-ാം നമ്പർ ഹദീസിനു (കുറൈബിന്റെ ഹദീസ്) നൽകിയ അടിക്കുറിപ്പിൽ ഞാൻ അത് ഹസൻ ആണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അതായിരിക്കാം ശരിയോട് അടുത്ത് നിൽക്കുന്നത്. അതിനാൽ പരിശോധിക്കപ്പെടാവുന്നതുമാണ്." (അൽബാനി | ഇർവാഉൽ ഗലീലിന്റെ അടിക്കുറിപ്പ്)

കാര്യമറിയാതെ, കിട്ടിയതു പാതി കിട്ടാത്തതു പാതി എന്ന നി

ലയിൽ ആരും അതുമായി ചാടിക്കളിക്കേണ്ടതില്ല. ഇമാം അൽബാനി ﷺ തന്നെ തന്റെ ളഈഫഃയിലെ 1099-ാം ഹദീസിന്റെ വിശദീകരണത്തിൽ അത് തിരുത്തുകയും, അത് ദഈഫ് ആണെന്ന് അസന്ദിഗ്ധമായി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

അതിലെ നിവേദകരിലൊരാളായ മുഹമ്മദ് ബിൻ ഉമർ ബിൻ അലി വിശ്വാസ്യത തെളിയിക്കപ്പെടാത്ത (مجهول الحال) വ്യക്തിയാണ്.

മറ്റൊരു നിവേദകനായ അബ്ദുല്ലാഹ് ബിൻ മുഹമ്മദ് ബിൻ ഉമർ എന്ന വ്യക്തിയും പിതാവിനെ പോലെ തന്നെ വിശ്വാസ്യത തെളിയിക്കപ്പെടാത്ത വ്യക്തിയാണ്. ഇങ്ങനെ വിശ്വാസ്യതയും വിശ്വസ്തതയും അറിയപ്പെടാത്ത (مجهول الحال) നിവേദകന്മാർ ഉദ്ധരിക്കുന്ന ഹദീസ്, കൃത്യമായും സ്വഹീഹാണെന്ന് സ്ഥിരീകരിക്കപ്പെട്ട സ്വമ്മാഇന്റെ ഹദീസിനെതിരിൽ ഉയർത്തിക്കാണിക്കാവതല്ല.

ഇമാം അൽബാനി ﷺ ളഈഫഃയിൽ ഈ ചർച്ച അവസാനിപ്പിക്കുന്നത് ഇപ്രകാരമാണ്:

"ولم أكن قد تنبهت لهذه العلة في تعليقي على صحيح ابن خزيمة، فحسنت ثمة إسناده، والصواب ما اعتمدته هنا، والله أعلم." (سلسلة الأحاديث الضعيفة للألباني)

"സ്വഹീഹ് ഇബ്ന ഖുസൈമക്ക് അടിക്കുറിപ്പ് എഴുതുമ്പോൾ ഈ ന്യൂനത (عِلَّة) എന്റെ ശ്രദ്ധയിൽ പെട്ടിരുന്നില്ല. അതിനാൽ അതിന്റെ നിവേദക പരമ്പര ഹസൻ ആണെന്ന് അവിടെ ഞാൻ രേഖപ്പെടുത്തി. എന്നാൽ ശരിയായത് ഇവിടെ ഞാൻ അവലംബിച്ചതാണ്." (അൽബാനി | സിൽസിലതുൽ അഹാദീസ് അദ്ദഈഫഃ)

എന്നിട്ടും, ഇമാം അൽബാനി ﷺ സ്വഹീഹ് ഇബ്ന ഖുസൈമയിൽ ആദ്യം നൽകിയ അടിക്കുറിപ്പ്, പൊക്കിപ്പിടിച്ച് ഇപ്പോഴും വ്യാജവാദികൾ ദുഷ്പ്രചാരണം നടത്തുന്നുവെന്നത് എത്രത്തോളം അപഹാസ്യമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

# 17

## സുന്നത്ത് നോമ്പനുഷ്ഠിക്കൽ:
### വെള്ളിയാഴ്ചയും ശനിയാഴ്ചയും തമ്മിലുള്ള വ്യത്യാസം

**വെള്ളിയാഴ്ച ദിവസം, മറ്റു കാരണങ്ങളൊന്നുമില്ലാതെ തനിച്ച് പ്രത്യേകമായി നോമ്പെടുക്കുന്നത് നബി ﷺ വിലക്കിയിട്ടുണ്ട്. എന്നാൽ, അറഫാ ദിനത്തിലെ നോമ്പ്, മുഹറം ഒമ്പത്, പത്ത് ദിവസങ്ങളിലെ നോമ്പ് പോലെയുള്ള സോപാധികമായ നോമ്പുകൾ വെള്ളിയാഴ്ച ദിവസങ്ങളിൽ തനിച്ച് തന്നെ നോൽക്കുന്നതിൽ കുഴപ്പമില്ലതാനും.**

**നബി ﷺ പറയുന്നു:**

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ، قَالَ: سَمِعْتُ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ: «لَا يَصُومَنَّ أَحَدُكُمْ يَوْمَ الْجُمُعَةِ، إِلَّا يَوْمًا قَبْلَهُ أَوْ بَعْدَهُ» (صحيح البخاري)

**അബൂ ഹുറയ്റഃ رضي الله عنه നിവേദനം. അദ്ദേഹം പറയുന്നു, നബി ﷺ ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്: «നിങ്ങളിലൊരാളും വെള്ളിയാഴ്ച ദിവസം നോമ്പനുഷ്ഠിക്കരുത്, അതിനു മുമ്പോ ശേഷമോ നോമ്പനുഷ്ഠിച്ചിട്ടല്ലാതെ.» (സ്വഹീഹുൽ ബുഖാരി)**

അബൂ ഹുറയ്റഃ ﵁ വിൽ നിന്ന് തന്നെയുള്ള മറ്റൊരു ഹദീസിൽ ഇങ്ങനെ കാണാം:

عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ، عَنِ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ، قَالَ: «لَا تَخْتَصُّوا لَيْلَةَ الْجُمُعَةِ بِقِيَامٍ مِنْ بَيْنِ اللَّيَالِي، وَلَا تَخُصُّوا يَوْمَ الْجُمُعَةِ بِصِيَامٍ مِنْ بَيْنِ الْأَيَّامِ، إِلَّا أَنْ يَكُونَ فِي صَوْمٍ يَصُومُهُ أَحَدُكُمْ» (صحيح مسلم)

നബി ﷺ പറയുന്നു: «രാവുകളിൽ നിന്ന് വെള്ളിയാഴ്ച രാവിൽ മാത്രം പ്രത്യേകമായി നിങ്ങൾ നമസ്കരിക്കരുത്. പകലുകളിൽ നിന്ന് വെള്ളിയാഴ്ച പകലിനെ നോമ്പ് കൊണ്ട് നിങ്ങൾ പ്രത്യേകമാക്കരുത്. ഒരാൾ സാധാരണ ഗതിയിൽ എടുക്കുന്ന നോമ്പുകൾ ആണെങ്കിലൊഴികെ.» (സ്വഹീഹ് മുസ്‌ലിം)

ഒരാൾക്ക് വെള്ളിയാഴ്ച ദിവസം നോമ്പെടുക്കണമെങ്കിൽ ഒന്നുകിൽ, തലേ ദിവസം (വ്യാഴാഴ്ച) നോമ്പെടുക്കണം. അല്ലെങ്കിൽ വെള്ളിയാഴ്ച മാത്രമായി നോമ്പെടുത്ത വീഴ്ച പരിഹരിക്കാൻ ശനിയാഴ്ച ദിവസം നിർബന്ധ നോമ്പെടുക്കണം. ഇതാണ് വെള്ളിയാഴ്ചയുടെ കാര്യം. എന്നാൽ ശനിയാഴ്ചയുടെ കാര്യം അങ്ങനെയല്ല. ശനിയാഴ്ച ദിവസം നിങ്ങളുടെ മേൽ നിർബന്ധമാക്കപ്പെട്ടതല്ലാത്ത ഒരു നോമ്പും നിങ്ങളെടുക്കരുത് എന്നാണ് നബി ﷺ കല്പിച്ചിട്ടുള്ളത്. നിർബന്ധമാണോ അല്ലേ എന്നതാണ് കാര്യം. ഒറ്റക്കോ ഒരുമിച്ചോ എന്ന പ്രസക്തിയേ ഇല്ല. കാരണം നബി ﷺ 'ജവാമിഉൽ കലിം' (ആശയസമ്പുഷ്ടമായ പദാവലികൾ) നൽകപ്പെട്ട വ്യക്തിത്വമാണ്. ഒരു ആശയക്കുഴപ്പത്തിനും ഇട നൽകാത്ത വിധം, ശുദ്ധമായ അറബി ഭാഷയിലാണ് അക്കാര്യം വിശദീകരിച്ചിട്ടുള്ളത്.

ശനിയാഴ്ച ദിവസം ഐച്ഛികമായ നോമ്പെടുക്കരുത് എന്ന് പറയുന്ന മുകളിലെ ഹദീസിനെ വ്യാഖ്യാനിച്ചു കൊണ്ട് ഇബ്നുൽ ഖയ്യിം തന്റെ തഹ്ദീബുസ്സുനനിൽ പറയുന്നത് നോക്കൂ:

قال ابن القيم": «لا تصوموا يوم السبت إلا فيما افترض عليكم» دليل على المنع من صومه في غير الفرض مفردا أو مضافا لأن الاستثناء دليل التناول وهو يقتضي أن النهي عنه يتناول كل صور صومه إلا صورة الفرض ولو كان إنما يتناول صورة الإفراد، لقال: لا تصوموا يوم السبت إلا أن تصوموا يوما قبله أو يوما بعده كما قال في الجمعة فلما خص الصورة المأذون فيها صومها بالفريضة علم تناول النهي لما قابلها." (ابن القيم في تهذيب السنن)

"«നിങ്ങളുടെ മേൽ നിർബന്ധമാക്കപ്പെട്ട നോമ്പ് ഒഴികെ ശനിയാഴ്ച നിങ്ങൾ ഒരു നോമ്പും പിടിക്കരുത്» – നിർബന്ധമല്ലാത്ത ഒരു നോമ്പും അന്നേ ദിവസം തനിച്ചോ മറ്റൊരു ദിവസവുമായി ചേർത്തോ പിടിക്കുന്നത് വിലക്കുന്നതിനുള്ള തെളിവാണിത്. എന്തെന്നു വെച്ചാൽ, അതിൽനിന്ന് ഒഴിച്ചുനിർത്തിയത് മാത്രമേ ആകാവൂ എന്നാണത് തെളിയിക്കുന്നത്. നിർബന്ധ രൂപത്തിലുള്ളതൊഴികെ, മറ്റെല്ലാ രൂപത്തിലുള്ള നോമ്പുകളും അന്ന് വിലക്കപ്പെട്ടിരിക്കുന്നു എന്ന് തന്നെയാണതിന്റെ താൽപര്യം. ശനിയാഴ്ച തനിച്ച് നോമ്പെടുക്കുന്നത് വിലക്കാനാണെങ്കിൽ പറയേണ്ടിയിരുന്നത് – വെള്ളിയാഴ്ചയുടെ കാര്യത്തിൽ പറഞ്ഞ പോലെ – "മുമ്പോ ശേഷമോ ഒരു ദിവസം കൂടി ചേർത്ത് കൊണ്ടല്ലാതെ ശനിയാഴ്ച നിങ്ങൾ നോമ്പെടുക്കരുത്" എന്നായിരുന്നു. എന്നാൽ ശനിയാഴ്ചയുടെ കാര്യത്തിൽ അനുവാദം നൽകിയിട്ടുള്ളത് നിർബന്ധ രൂപത്തിലുള്ളത് മാത്രമാകയാൽ, അതിന് അഭിമുഖമായി വരുന്ന മറ്റെല്ലാ രൂപത്തിലുള്ളവക്കും വിലക്ക് ബാധകമാണെന്ന് ഇതിനാൽ വ്യക്തമായിരിക്കുന്നു. (ഇബ്നുൽ ഖയ്യിം | തഹ്ദീബുസുനൻ)

ശനിയാഴ്ചയിലെ നോമ്പുമായി ബന്ധപ്പെട്ട് എതിർവീക്ഷണം സ്വീകരിച്ചിട്ടുള്ള ഇബ്നുൽ ഖയ്യിമിന് പോലും ഈ വസ്തുത മറികടക്കാൻ കഴിഞ്ഞില്ല എന്നതാണ് വാസ്തവം.

# 18

## പണ്ഡിതന്മാരുടെ വീക്ഷണ വ്യത്യാസങ്ങൾ

ഹദീസുകളുമായി ബന്ധപ്പെട്ട് അഹ്‌ലുസ്സുന്നത്തിന്റെ പ്രാമാണിക പണ്ഡിതന്മാർക്കിടയിൽ തന്നെ വ്യത്യസ്തമായ അഭിപ്രായങ്ങളും നിലപാടുകളും കാണാം. തികച്ചും പരസ്പര വിരുദ്ധമായ രണ്ടോ അതിലധികമോ ചേരികളിലായി അവർ നിലയുറപ്പിക്കുകയും ഖണ്ഡന മണ്ഡനങ്ങൾ നടത്തുകയും ചെയ്യുന്നത് സ്വന്തം താൽപര്യം സ്ഥാപിക്കാൻ വേണ്ടിയോ താൻപോരിമ നിലനിർത്താൻ വേണ്ടിയോ അല്ല. മറിച്ച്, ശർഇയ്യായ പല മസ്അലകളിലും തെളിവായി അവർ അവലംബിച്ച ഹദീസുകൾ, അവർക്ക് ലഭിച്ചിട്ടുള്ള ഹദീസുകൾ, അവയുടെ ബലാബലം, ശരിതെറ്റുകൾ നിർണ്ണയിക്കുന്നതിൽ സ്വാഭാവികമായി സംഭവിച്ച ഏറ്റപ്പറ്റുകൾ തുടങ്ങി നിരവധി കാരണങ്ങൾ അതിന്റെ പിന്നിൽ പ്രവർത്തിച്ചിട്ടുണ്ടാകും.

ഇത്തരം വിരുദ്ധ നിലപാടുകളിൽ പകച്ചു നിൽക്കുന്നതിന് പകരം, ആരുടെ പക്കലാണ് സ്വീകാര്യമായ തെളിവുകളുള്ളത് എന്ന് പരിശോധിക്കുകയും സത്യത്തിന്റെ പക്ഷത്ത് നിലകൊള്ളുകയുമാണ് ചെയ്യേണ്ടത്. ഖണ്ഡിക്കപ്പെടാത്തതും മികച്ചു നിൽക്കുന്നതുമായ തെളിവുകളുടെ പിൻബലമുള്ള നിലപാടുകളെയാണ് അവലംബിക്കേണ്ടത്. തെളിവുകൾക്കു വിരുദ്ധമായ നിലപാടുകൾ സ്വീ

കരിച്ച പണ്ഡിതൻ എത്ര പ്രഗത്ഭനും ദീനിൽ പ്രാവീണ്യമുള്ളവനുമാണെങ്കിലും ശരി, സുന്നത്തിന്റെ പക്ഷത്താണ് സത്യവിശ്വാസികൾ നിലയുറപ്പിക്കേണ്ടത്.

عن عمرو بن العاص رضي الله عنه أنه سمع رسول الله صلى الله عليه وسلم يقول: «إِذَا حَكَمَ الحَاكِمُ فَاجْتَهَدَ ثم أَصابَ فله أَجْرَان، وإِذا حَكَمَ فَاجْتَهَدَ ثم أَخْطَأَ فله أَجْرٌ» [البخاري في صحيحه]

അംറ് ബിൻ അൽആസ്വ് നിവേദനം. നബി ﷺ പറയുന്നു: «ന്യായാധിപൻ ഒരു വിധി പ്രസ്താവിക്കുകയും, അതിൽ സത്യം കണ്ടെത്താൻ പരമാവധി ശ്രമിക്കുകയും അത് കണ്ടെത്താൻ സാധിക്കുകയും ചെയ്താൽ അദ്ദേഹത്തിന് രണ്ടു പ്രതിഫലമുണ്ട്. ഇനി ആ ന്യായാധിപൻ ഒരു വിധി പ്രസ്താവിക്കുകയും, അതിൽ സത്യം കണ്ടെത്താൻ പരമാവധി ശ്രമിച്ചിട്ട് ചുവട് തെറ്റിപ്പോയെങ്കിൽ അദ്ദേഹത്തിന് ഒരു പ്രതിഫലവുമുണ്ട്.» (ബുഖാരി)

അല്ലാഹുവിന്റെ ശർഇനെ കുറിച്ച് സംസാരിക്കുന്നവർ അതീവ ജാഗ്രത പുലർത്തേണ്ടതുണ്ട്. ഹദീസുകളുമായി ഇടപെടുകയും അതിന്റെ വിശദാംശങ്ങളിൽ അഭിപ്രായം പറയുകയും ചെയ്യുന്നവർ അങ്ങേയറ്റം സൂക്ഷ്മത പുലർത്തൽ അനിവാര്യമാണ്.

സദുദ്ദേശവും സത്യം കണ്ടെത്തണമെന്ന ഉൽക്കടമായ ആഗ്രഹവും ഉള്ളവനാണ് ഒരു സത്യസന്ധനായ പണ്ഡിതൻ. അല്ലാഹുവിന്റെ പ്രതിഫലം മാത്രം മുൻനിർത്തി അങ്ങേയറ്റത്തെ അർപ്പണമനോഭാവത്തോടെ തന്റെ മുമ്പിലുള്ള മസ്അലയിൽ തീർപ്പു കൽപ്പിക്കാൻ അദ്ദേഹം തന്റെ സമയവും അദ്ധ്വാനവും പ്രാഗൽഭ്യവും സർവ്വാത്മനാ വ്യയം ചെയ്യുന്നു. മതപരമായി ഒരു പണ്ഡിതന് ഉണ്ടായിരിക്കേണ്ട വൈജ്ഞാനികമായ തികവും ഹദീസുകൾ പരിശോധിക്കാനും കതിരും പതിരും വേർതിരിക്കാനുമുള്ള സാമർഥ്യവും മുൻനിർത്തി ഓരോ ഹദീസും അതീവ സൂക്ഷ്മമായി ചികഞ്ഞു വി

ത്തും വേരും കണ്ടെത്തി വേർതിരിച്ചു പരിശോധിക്കുമ്പോഴാണ് പല ഹദീസുകളിലും ആധികാരികമായി സംസാരിക്കാനും വിധി പറയാനുമുള്ള അവഗാഹം കൈവരുന്നത്. നിരന്തരവും അനുസ്യൂതവുമായ ഗവേഷണ പരത ഒരു മുഹദ്ദിസിനെ ഹദീസ് വിജ്ഞാനത്തിലും ഹദീസിന്റെ സനദുകളിലും ഇടപെടാനുള്ള പ്രാപ്തിയും പരിണതപ്രജ്ഞതയും സമ്മാനിക്കുന്നു. എന്നാലും എത്ര കഴിവും പാടവവും തികഞ്ഞവരിലും ദോഷങ്ങളും അബദ്ധങ്ങളും സംഭവിക്കുമെന്നതിൽ തർക്കമില്ല. പക്ഷെ, അവർക്ക് സംഭവിക്കുന്ന വീഴ്ചകൾ മറ്റുള്ളവർക്ക് സംഭവിക്കുന്നതുമായി താരതമ്യം ചെയ്യുമ്പോൾ തുലോം കുറവും താരതമ്യേന നിസ്സാരവും ആയിരിക്കും.

പണ്ഡിതന്മാർക്ക് സംഭവിക്കുന്ന സ്വാഭാവികവും മാനുഷികവുമായ വീഴ്ചകളും അതിന്റെ അടിസ്ഥാനത്തിൽ ഉരുത്തിരിയുന്ന തെറ്റായ ഇജ്തിഹാദുകളും മതവിധിയായി പിന്തുടരപ്പെടുകയോ വ്യാഖ്യാനിക്കപ്പെടുകയോ ചെയ്യാവതല്ല. ഹദീസിന്റെ ദുർബലത തിരിച്ചറിയാതെയോ, തന്റെ കഠിനപ്രയത്നം ചെലവഴിച്ചിട്ടും ദുർബലമായ ഹദീസിന്റെ അടിസ്ഥാനത്തിൽ തെറ്റായ വിധികൾ നൽകപ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ അവ പിന്തുടരപ്പെടാവതോ അല്ല.

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യഃ ﵀ പറയുന്നു:

"وَلَيْسَ لِأَحَدٍ أَنْ يَحْتَجَّ بِقَوْلِ أَحَدٍ فِي مَسَائِلِ النِّزَاعِ وَإِنَّمَا الْحُجَّةُ النَّصُّ وَالْإِجْمَاعُ... إِنَّ أَقْوَالَ الْعُلَمَاءِ يُحْتَجُّ لَهَا بِالْأَدِلَّةِ الشَّرْعِيَّةِ لَا يُحْتَجُّ بِهَا عَلَى الْأَدِلَّةِ الشَّرْعِيَّةِ." (مجموع الفتاوى لابن تيمية)

"തർക്കവിഷയങ്ങളിൽ ഒരാൾക്കും മറ്റൊരാളുടെ വാക്കിനെ അവലംബമാക്കാനവകാശമില്ല. മറിച്ച്, പ്രമാണരേഖയും ഇജ്മാഉം മാത്രമാണ് അവലംമാക്കാവുന്നവ.. ഉലമാക്കളുടെ വാക്കുകൾക്ക് പ്രമാണവാക്യങ്ങളിൽ തെളിവുണ്ടോ എന്ന് നോക്കുകയാണ് വേണ്ടത്. അവയെ പ്രമാണരേഖകൾക്കെതിരിൽ തെളിവാക്കുകയല്ല വേ

ണ്ടത്. (ഇബ്നു തൈമിയ്യഃ | മജ്മൂഉൽ ഫതാവാ)

മുജാഹിദ് പറയുന്നു:

عَنْ مُجَاهِدٍ قَالَ: "لَيْسَ أَحَدٌ بَعْدَ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ إِلَّا يُؤْخَذُ مِنْ قَوْلِهِ وَيُتْرَكُ." (جامع بيان العلم وفضله لابن عبد البر)

നബി ﷺ കഴിഞ്ഞാൽ മറ്റാരുടെ വാക്കിലും തള്ളേണ്ടതും കൊള്ളേണ്ടതും ഇല്ലാതിരിക്കില്ല. [ഇബ്നു അബ്ദിൽ ബർ | ജാമിഉ ബയാനിൽ ഇൽമ്]

ഇബ്നു ഹജർ അൽ അസ്ഖലാനി ؒ പറയുന്നു:

"أَنَّ الْعَالِمَ الْكَبِيرَ قَدْ يَخْفَى عَلَيْهِ بَعْضُ مَا يُدْرِكُهُ مَنْ هُوَ دُونَهُ؛ لِأَنَّ الْعِلْمَ مَوَاهِبُ، وَاللَّهُ يُؤْتِي فَضْلَهُ مَنْ يَشَاءُ." [فتح الباري]

"ഒരു വലിയ പണ്ഡിതന് ചിലപ്പോൾ അദ്ദേഹത്തെക്കാൾ താഴെയുള്ളവന് ഗ്രഹിക്കാനായത് അറിയാതെ പോകാം. കാരണം, അറിവ് ദാനമാണ്. അല്ലാഹു തന്റെ ഔദാര്യം അവനുദ്ദേശിക്കുന്നവർക്ക് നൽകുന്നു. (ഇബ്നു ഹജർ | ഫത്ഹുൽ ബാരി)

അത് കൊണ്ടാണ് ഇബ്നുൽ ഖയ്യിം ؒ പറഞ്ഞത്:

"شيخ الإسلام حبيب إلينا. والحق أحب إلينا منه. وكل من عدا المعصوم صلى الله عليه وسلم فمأخوذ من قوله ومتروك، ونحن نحمل كلامه على أحسن محامله، ثم نبين ما فيه." [مدارج السالكين لابن القيم]

"ശൈഖുൽ ഇസ്ലാം (ഹറവി) നമുക്ക് പ്രിയപ്പെട്ടവനാണ്. പക്ഷെ, അദ്ദേഹത്തേക്കാൾ നമുക്ക് പ്രിയപ്പെട്ടത് സത്യമാണ്. അല്ലാഹുവിന്റെ പ്രത്യേകമായ സംരക്ഷണമുള്ള നബി ﷺ യുടേതൊഴികെ ആരുടെ വാക്കിലും തള്ളേണ്ടതും കൊള്ളേണ്ടതുമുണ്ടായിരിക്കും. നാം അദ്ദേഹത്തിന്റെ (ഹറവിയുടെ) വാക്കുകൾ ഏറ്റവും നല്ല രീതി

യിൽ ഉൾക്കൊള്ളാൻ ശ്രമിക്കും. എന്നിട്ട് അതിലുള്ള ന്യായാന്യായങ്ങൾ വിശദീകരിക്കുകയും ചെയ്യും." (ഇബ്നുൽ ഖയ്യിം | മദാരിജുസ്സാലികീൻ)

അല്ലാഹു മനുഷ്യർക്ക് നൽകിയ കഴിവുകൾ വ്യത്യസ്തവും വിപുലവുമാണ്. അവരുടെ കഴിവുകളിൽ പല കാരണങ്ങളാലും ഏറ്റക്കുറച്ചിലുകൾ കാണപ്പെടുക സ്വാഭാവികമാണ്. ഓരോരുത്തരുടെയും ബുദ്ധിയും ത്രാണിയും സംവേദനക്ഷമതയും ഗ്രാഹ്യശേഷിയും ഒരു അളവുകോലിൽ കണക്കാക്കുക സാധ്യമല്ല. ശർഇയ്യായ ഇൽമിന്റെ കാര്യത്തിലും ഈ ഏറ്റപ്പറ്റുകൾ സ്വാഭാവികമാണ്. നബി ﷺ യിൽ നിന്ന് നേരിട്ട് ദീൻ പഠിച്ച സ്വഹാബികളിൽ പോലും അറിവിന്റെയും ഗ്രാഹ്യതയുടെയും തലങ്ങൾ വ്യത്യസ്തമാണെന്ന് കാണാം. കാര്യങ്ങൾ സ്വാംശീകരിക്കുന്നതിൽ, ചിലർക്ക് മറ്റു ചിലരെക്കാൾ മികവ് നൽകപ്പെട്ടിട്ടുണ്ട്. അല്ലാഹു, അവൻ ഉദ്ദേശിക്കുന്നവർക്ക് നൽകുന്ന ഔദാര്യമത്രെയത്.

19

## സത്യം ഒന്ന് മാത്രം

അശ്ഹബ് ﷬ പറയുന്നു :

سئل مالك عمن أخذ بحديث حدثه ثقة عن أصحاب رسول الله صلى الله عليه وسلم أتراه من ذلك في سعة؟ فقال: "لا والله حتى يصيب الحق وما الحق إلا واحد، قولان مختلفان يكونان صوابًا جميعًا وما الحق والصواب إلا واحد." [جامع بيان العلم وفضله لابن عبد البر]

**നബി ﷺ യുടെ സ്വഹാബത്തിൽ നിന്ന് വിശ്വസ്തരായ ആളുകൾ കൊണ്ട് വരുന്ന ഹദീസുകൾ സ്വീകരിക്കുന്നതിൽ സ്വീകരിക്കാനും തള്ളാനുമുള്ള സാവകാശം ഉണ്ടെന്ന് താങ്കൾക്ക് അഭിപ്രായമുണ്ടോ എന്നൊരാൾ ഇമാം മാലിക് ﷬ യോട് ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: "അല്ലാഹു തന്നെ സത്യം, സത്യമേതോ അത് തന്നെ അയാൾക്ക് കിട്ടിയിരിക്കണം. സത്യം ഒന്ന് മാത്രമേയുള്ളൂ. രണ്ട് വ്യത്യസ്തമായ വീക്ഷണങ്ങൾ എങ്ങിനെയാണ് ശരിയാവുക? സത്യവും ശരിയും ഒന്ന് മാത്രമേയുള്ളൂ." (ഇബ്നു അബ്ദിൽ ബർ | ജാമിഉ ബയാനിൽ ഇൽമ് വ ഫള്‌ലിഹി)**

ഓരോരുത്തർക്കും ലഭിച്ച അറിവിന്റെയും കഴിവിന്റെയും ഗ്രാഹ്യ

തയുടെയും ബുദ്ധിശക്തിയുടെയും തോതുകൾ വ്യത്യസ്തമാണ്. അത് കൊണ്ട് തന്നെ അവർ നടത്തുന്ന ഗവേഷണത്തിന്റെയും നിരീക്ഷണത്തിന്റെയും ഫലങ്ങൾക്കും ഏറ്റപറ്റുകൾ ഉണ്ടാവുക സ്വാഭാവികമാണ്.

അതിനാൽ, പണ്ഡിതന്മാരുടെ വാക്കുകളിലും ഇജ്തിഹാദിലും പലപ്പോഴും വൈജാത്യങ്ങൾ കാണപ്പെടാം. മതപരമായ ഏതൊരു വിഷയമാണെങ്കിലും ചിലപ്പോഴൊക്കെ പുനഃപരിശോധന അനിവാര്യമായിത്തീരും. അപ്രകാരം പൂർവികരായ മുഹദ്ദിസുകളുടെ നിരീക്ഷണങ്ങളും വിധികളും പുനരാലോചനക്കുള്ള വഴി അടക്കുന്നില്ല. അവരോടുള്ള എല്ലാ ബഹുമാനാദരവുകളും നിലനിർത്തിക്കൊണ്ടു തന്നെ സത്യത്തിനോടും സുന്നത്തിനോടുമാണ് നമുക്ക് കൂറ് എന്ന് അംഗീകരിക്കേണ്ടി വരും.

# 20

## ഭൂരിപക്ഷമല്ല സത്യത്തിന്റെ  മാനദണ്ഡം

സാധാരണ മതപരമായ ഏതൊരു വിഷയം ചർച്ച ചെയ്യുമ്പോഴും അതിന്റെ നിജസ്ഥിതി വിശദീകരിക്കുമ്പോൾ പലരും പറയുന്ന ന്യായമാണ്. "എന്നാലും ഭൂരിപക്ഷത്തിന്റെ അഭിപ്രായം എതിരാണല്ലോ" എന്നത്. ശനിയാഴ്ചകളിൽ നിർബന്ധ നോമ്പല്ലാതെ മറ്റൊന്നും  പാടില്ല എന്ന കാര്യത്തിൽ ഭൂരിപക്ഷം പണ്ഡിതന്മാരും എതിരഭിപ്രായക്കാരാണെന്നും ഇമാം അൽബാനിയെപ്പോലെ വളരെ കുറച്ചു പേർ മാത്രമല്ലേ അങ്ങിനെ അഭിപ്രായമുള്ളവരായി ഉള്ളൂ എന്നും പലരും പറയാറുണ്ട്. വാസ്തവത്തിൽ യാതൊരു അടിസ്ഥാനവുമില്ലാത്ത ഒരു വാദമാണ് ഇത്. ഇസ്‌ലാം ദീനിന്റെ ഒരു കാര്യത്തിലും ഭുരിപക്ഷാഭിപ്രായത്തിന് യാതൊരു പ്രാധാന്യവും പ്രാമാണികതയുമില്ല. മറിച്ച് ഏതൊന്നിലാണോ തെളിവ് സ്ഥിരപ്പെട്ടത് അതാണ് ആധികാരികം. അവിടെ ഭൂരിപക്ഷം എവിടെ നിൽക്കുന്നുവെന്നത് പരിഗണിക്കപ്പെടാറേയില്ല. മാത്രവുമല്ല, അല്ലാഹു ഖുർആനിൽ ധാരാളം സ്ഥലങ്ങളിൽ  ഭൂരിപക്ഷ നിലപാടിനെ ആക്ഷേപിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്നതായി കാണാം.

﴿وَمَا أَكْثَرُ ٱلنَّاسِ وَلَوْ حَرَصْتَ بِمُؤْمِنِينَ ١٠٣﴾ [يوسف]

«നീ അതിയായി ആഗ്രഹിച്ചാലും ജനങ്ങളിൽ അധികവും വിശ്വാസികളാവുകയില്ല.» (യൂസുഫ്: 103)

﴿وَلَٰكِنَّ أَكْثَرَ النَّاسِ لَا يَعْلَمُونَ ۝٥٧﴾ [غافر]

«പക്ഷെ, ഭൂരിപക്ഷം ജനങ്ങളും അറിവില്ലാത്തവരാണ്.» (ഗാഫിർ: 57)

ഭൂരിപക്ഷം എന്നത് പ്രാമാണികതയെ അടയാളപ്പെടുത്തുന്ന സൂചികയല്ല. അക്കാര്യം ബലപ്പെടുത്തുന്ന ഒരുപാട് ഉദ്ധരണികൾ സലഫുകളിൽ നിന്ന് രിവായത് ചെയ്യപ്പെട്ടിട്ടുണ്ട്.

ഇബ്നു മസ്ഊദ് ﵁ പറയുന്നു:

قال ابن مسعود رضي ﵁: "الجماعة ما وافق الحق وإن كنت وحدك." (تهذيب الكمال للمزي)

"അൽ ജമാഅഃ എന്നാൽ, സത്യവുമായി യോജിച്ചത് ഏതോ അതാണ് അൽജമാഅഃ – അതിൽ നീ തനിച്ചായാൽ പോലും." (മിസ്സി | തഹ്ദീബുൽ കമാൽ)

ഫുദൈൽ ബിൻ ഇയാദ് ﵀ പറയുന്നു:

وَعَنِ الْفُضَيْلِ بْنِ عِيَاضٍ: "اتَّبِعْ طُرُقَ الْهُدَى وَلَا يَضُرُّكَ قِلَّةُ السَّالِكِينَ، وَإِيَّاكَ وَطُرُقَ الضَّلَالَةِ وَلَا تَغْتَرَّ بِكَثْرَةِ الْهَالِكِينَ." (الاعتصام للشاطبي)

"സത്യത്തിന്റെ നേർവഴികൾ നീ പിന്തുടരുക. അതിലൂടെ കടന്നുവരുന്നവരുടെ എണ്ണം എത്ര കുറഞ്ഞാലും നിനക്ക് അതൊരു ദോഷവും വരുത്തില്ല. തെറ്റിന്റെ പിഴച്ചവഴികൾ നീ സൂക്ഷിക്കുക. നാശകാരികളുടെ ആധിക്യത്തിൽ നീ വഞ്ചിതനാകരുത്." (ശാത്വിബി | അൽ ഇഅ്തിസ്വാം)

ചുരുക്കത്തിൽ, ഭൂരിപക്ഷം, ആൾക്കൂട്ടം, അംഗബലം, അനുയായികളുടേയും അനുകൂലിക്കുന്നവരുടേയും ബാഹുല്യം, തുടങ്ങിയ

വയൊന്നും ഒരു നിലപാടിന്റെ സ്ഥിരീകരണത്തിന്റേയും സ്വീകാര്യതയുടേയും ആധികാരികമായ അടയാളമല്ല. മറിച്ച്, അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും പക്ഷം ഏതെന്ന് കണ്ടെത്തുകയും അത് നിരുപാധികം സ്വീകരിക്കുകയും പിൻപറ്റുകയും ചെയ്യുന്നതാണ് സുരക്ഷിതമായ മാർഗം.

# 21

## ഇമാം അൽബാനി ﵀ യും ശനിയാഴ്ചയിലെ സുന്നത്തു നോമ്പും

ശനിയാഴ്ചയിലെ സുന്നത്ത് നോമ്പിന്റെ വിഷയത്തിൽ പിൽ ക്കാലക്കാരായ പണ്ഡിതന്മാരിൽ പലരും പൂർവിക പണ്ഡിതന്മാരെ അതേപടി ഉദ്ധരിക്കുകയും അവരുടെ നിലപാട് ആവർത്തിക്കുക യുമാണ്ചെയ്തിട്ടുള്ളത്. എന്നാൽ, അല്ലാമാ നാസിറുദ്ദീൻ അൽ ബാനി ﵀ ഈ വിഷയത്തിൽ നേരെ ചൊവ്വെ സഞ്ചരിച്ച പണ്ഡിത ന്മാരിൽ അഗ്രേസരനാണ്.

പൂർവിക പണ്ഡിതന്മാരുടെ അറിവിനെയും അദ്ധ്വാനത്തേയും അംഗീകരിക്കുകയും അവരുടെ മഹത്വവും സ്ഥാനവും വകവെച്ചു കൊടുക്കുകയും ചെയ്യുന്നതോടൊപ്പം, അബദ്ധങ്ങളും ഇടർച്ചക ളും ആർക്കും സംഭവിക്കാമെന്നും ഒരാളുടെയും വീക്ഷണങ്ങളിലും ഇജ്തിഹാദിലും സംഭവിക്കുന്ന വീഴ്ചകൾ അന്ധമായി അനുധാവ നം ചെയ്യേണ്ടതില്ലായെന്നും അദ്ദേഹം തിരിച്ചറിയുകയും അതിനു അനുസൃതമായ നിലപാടുകൾ സ്വീകരിക്കുകയും ചെയ്തു.

ഹദീസുകളെക്കുറിച്ചുള്ള അഗാധമായ ജ്ഞാനവും ഉൾക്കാഴ്ച യുമുള്ള അദ്ദേഹം തന്റെ സ്വതസിദ്ധമായ ഗവേഷണം ശനിയാഴ്ച

ദിവസം നോമ്പെടുക്കാൻ പാടില്ല എന്ന് വിലക്കുന്ന ഹദീസിന്റെ കാര്യത്തിലും വിനിയോഗിച്ചുവെന്നതാണ് വസ്തുത.

ആരെയെങ്കിലും ഇൽമുൽ ഹദീസിന്റെ കാര്യത്തിൽ തോൽപ്പിക്കാനോ തങ്ങളുടെ അപ്രമാദിത്വം സ്ഥാപിക്കാനോ പ്രയത്നിക്കുന്നവരല്ല അഹ്ലുസ്സുന്നത്തിന്റെ ഉലമാക്കളും മുഹദ്ദിസുകളും. മറിച്ച് സുന്നത്തിനോടുള്ള കൂറും പ്രതിബദ്ധതയും ഒന്നുകൊണ്ട് മാത്രമാണ് ഇമാം അൽബാനിയെപ്പോലുള്ള മുഹദ്ദിസുകൾ അഭിപ്രായവ്യത്യാസമുള്ള ഹദീസുകളിൽ ഇഴകീറി പരിശോധന നടത്തുന്നത്.

ഹദീസുകളിലെ കതിരും പതിരും വേർതിരിച്ച് കലർപ്പില്ലാത്ത സ്വഹീഹായ ഹദീസുകൾ മുസ്ലിം ഉമ്മത്തിന് സമർപ്പിക്കുന്ന കർമ്മം അങ്ങേയറ്റം ആയാസകരവും അനുഗ്രഹീതവുമാണ്.

ആ കൂട്ടത്തിൽ ഇമാം അൽബാനി ﵀ യുടെ പ്രത്യേക പരിഗണന ലഭിച്ച അനേകം ഹദീസുകളിൽ ഒന്ന് മാത്രമാണ് ശനിയാഴ്ച ദിവസം നിർബന്ധ നോമ്പുകൾ ഒഴികെ ഒന്നും അനുഷ്ഠിക്കാൻ പാടില്ല എന്ന ഹദീസ്. ഒന്നിലധികം ഗ്രന്ഥങ്ങളിലും ശബ്ദസമാഹാരങ്ങളിലുമായി ഈ ഹദീസിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അന്വേഷണവും നിലപാടും വസ്തുനിഷ്ഠമായി സമർത്ഥിക്കുന്നുണ്ട്. ഏതൊരു സത്യാന്വേഷിക്കും യാതൊരു വിധ ആശയക്കുഴപ്പവും അവശേഷിക്കാത്ത തരത്തിൽ പ്രസ്തുത ഹദീസിന്റെ സ്വീകാര്യതയും വസ്തുതയും അതിലദ്ദേഹം വിശദീകരിച്ചിട്ടുണ്ട്.

ഒരു ഹദീസ് സൂക്ഷ്മമായ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ സ്വഹീഹെന്ന് തീർപ്പു കൽപ്പിച്ച് അമൽ ചെയ്യാൻ സാധിക്കുമെങ്കിൽ, അതാണ് അത് ദുർബലമെന്ന് വിധിയെഴുതി അമൽ ചെയ്യാതെ അവഗണിക്കുന്നതിനെക്കാൾ ഉത്തമം.

ശനിയാഴ്ച ദിവസം സുന്നത്ത് നോമ്പെടുക്കുന്നത് വിലക്കിക്കൊണ്ടുള്ള ഹദീസ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ, സ്വഹീഹാണെന്ന് നിസ്സംശയം ബോധ്യപ്പെടുത്താൻ അദ്ദേഹത്തിന് കഴിഞ്ഞു.

അതോടൊപ്പം, ഈ വിഷയത്തിൽ പറയപ്പെട്ട മുഴുവൻ എതിരഭിപ്രായങ്ങളും സ്വഹീഹായ ഹദീസിന് എതിരാണെന്നും അവ അസ്വീകാര്യമാണെന്നും തെളിഞ്ഞു.

ഇതു പോലെ, വിശ്വാസപരമോ കർമ്മപരമോ ആയ വിഷയങ്ങളുടെ നിജസ്ഥിതി വകതിരിച്ചു കാണിക്കുന്നതിൽ അദ്ദേഹം കാണിച്ച വൈജ്ഞാനികമായ ധൈര്യവും ത്യാഗവും പ്രത്യേകം എടുത്തു പറയേണ്ടതു തന്നെയാണ്. അദ്ദേഹത്തിന് അല്ലാഹു അർഹമായ പ്രതിഫലം നൽകട്ടെ. ആ വൈജ്ഞാനിക മുത്തുകൾ മനസ്സിലാക്കാനും അതനുസരിച്ച് പ്രവർത്തിക്കാനുമുള്ള തൗഫീഖ് നമുക്ക് ഏവർക്കും അവൻ പ്രദാനം ചെയ്യട്ടെ.

# 22

## അവസാന വാക്ക്

സ്വഹീഹായ ഹദീസ് കൊണ്ട് സ്ഥിരപ്പെട്ട ഒരു വിഷയത്തെക്കുറിച്ചാണ് ഇത്രയും വിശദീകരിച്ചത്. സമൂഹത്തിൽ നിർജീവവും അവഗണനയുടെ അഗണ്യകോടിയിൽ വിസ്മൃതമായി മണ്ണടിഞ്ഞു കിടന്നതുമായ ഒരു മസ്അലഃ, പൊടിതട്ടിയെടുത്ത് അത് അർഹിക്കുന്ന പരിഗണനയോടെ, അതിന്റെ മുഴുവൻ വശങ്ങളും പരിശോധിച്ച് ആഴത്തിൽ വിശകലനം ചെയ്ത് അതിന്റെ നിജസ്ഥിതി സത്യസന്ധമായ നിലയിൽ മാന്യ അനുവാചകർക്ക് മുമ്പിൽ സമർപ്പിക്കുകയാണിവിടെ.

ശനിയാഴ്ചയിലെ സുന്നത്ത് നോമ്പ് വിലക്കപ്പെട്ടതാണെന്ന് കേൾക്കുമ്പോൾ കേവലമൊരു വരണ്ട 'ഫിഖ്ഹീ ചർച്ച' എന്ന് പറഞ്ഞ് നെറ്റി ചുളിക്കുന്നതിന് പകരം, തികഞ്ഞ പക്വതയോടെ വിഷയത്തെ സമീപിക്കുകയും നിജസ്ഥിതി മനസ്സിലാക്കുകയും ചെയ്യുകയാണ് വേണ്ടത്. അതിനുള്ള അവസരമാണ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതിലൂടെ സംജാതമായിട്ടുള്ളത്.

കേരളം ഗഹനമായ ഒരു ചർച്ചക്കോ പഠനത്തിനോ വിധേയമാക്കിയിട്ടില്ലാത്ത ഈ വിഷയം തികച്ചും ആധികാരികവും പ്രാമാണികവുമായ തെളിവുകൾ സമാഹരിച്ചു കൊണ്ട് സമർത്ഥിക്കുമ്പോൾ

മുൻധാരണയില്ലാത്ത ഏതൊരു വായനക്കാരനും കൃത്യമായ ധാരണ ലഭിക്കുമെന്ന ശുഭപ്രതീക്ഷയാണ് ഈ എളിയവനുള്ളത്.

മനുഷ്യ ജീവിതത്തിന്റെ സകല മേഖലകളിലും നബിചര്യ പിൻപറ്റാനാഗ്രഹിക്കുന്ന ഒരു സാധാരണ മനുഷ്യന് അതിലേക്ക് വെളിച്ചം വീശാനുള്ള സദുദ്യമം മാത്രമാണ് ഈ പ്രയത്നത്തിന്റെ പിന്നിലെ ചാലക ശക്തി. ജനങ്ങൾ തീരെ ചർച്ച ചെയ്യാതെ, മണ്ണോട് ചേർന്ന് കഴിഞ്ഞ സുന്നത്തുകൾ ജീവിപ്പിക്കുകയെന്നത് മഹത്തായ പുണ്യകർമ്മമാണ്.

ശനിയാഴ്ച സുന്നത്ത് നോമ്പെടുക്കാൻ പാടില്ലെന്ന വിലക്ക് അറിയാതെ, അന്നേ ദിവസം സുന്നത്ത് നോമ്പെടുക്കുന്ന ആയിരങ്ങളുണ്ട്. സാധാരണക്കാരായ അവരുടെ അറിവിലേക്ക് ഈ വിഷയം എത്തുകയും അതിന്റെ താൽപര്യമനുസരിച്ച് സുന്നത്തിന്റെ അടിസ്ഥാനത്തിലുള്ള കർമ്മങ്ങൾ പ്രവൃത്തിപഥത്തിൽ ഉയർന്നുവരുമെന്നും പ്രത്യാശിക്കുക.

നബി ﷺ പറയുന്നു:

عن عَمْرِو بْنِ عَوْفٍ الْمُزَنِيُّ، قَالَ: أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ: «مَنْ أَحْيَا سُنَّةً مِنْ سُنَّتِي فَعَمِلَ بِهَا النَّاسُ كَانَ لَهُ مِثْلُ أَجْرِ مَنْ عَمِلَ بِهَا لَا يَنْقُصُ مِنْ أُجُورِهِمْ شَيْئًا...» (صحيح ابن ماجة)

അംറു ബ്നു ഔഫ് അൽ മുസനി നിവേദനം. നബി ﷺ പറയുന്നു: «ഒരാൾ എന്റെ ചര്യയിൽപെട്ട ഒരു സുന്നത്ത് ജീവിപ്പിച്ചു. അങ്ങനെ ജനങ്ങൾ അത് കർമ്മപഥത്തിൽ കൊണ്ടുവന്നു. എങ്കിൽ അതനുസരിച്ച് കർമ്മം ചെയ്തവരുടെതിന് തുല്യമായ പ്രതിഫലം അദ്ദേഹത്തിനുമുണ്ടായിരിക്കും. അവരുടെ പ്രതിഫലത്തിൽ നിന്ന് അൽപം പോലും കുറവ് വരികയുമില്ല.» (സ്വഹീഹ് ഇബ്നു മാജഃ)

മുഹമ്മദ് നബി ﷺ പ്രബോധനം ചെയ്തത് അല്ലാഹുവിന്റെ ദീനാണ്. അത് പ്രമാണരേഖകളാണ്. സ്വഹാബികളാണ് അതിന്റെ

പ്രഥമ സ്വീകർത്താക്കൾ. യോഗ്യത തെളിയിക്കപ്പെട്ട നീതിമാന്മാരായ അറിവിന്റെ വാഹകരിലൂടെയാണ് നമുക്കത് ലഭിച്ചത്. തലമുറകളിൽ നിന്ന് തലമുറകളിലേക്കുള്ള വിനിമയപ്രക്രിയയിൽ ചില്ലറ പകർച്ചകൾക്കുള്ള സാധ്യത തള്ളിക്കളയുന്നില്ല. പക്ഷെ, ഓരോ തലമുറയിലുമുള്ള സത്യത്തിന്റെ വാഹകരായ സുന്നത്തിന്റെ കാവലാളുകളിലൂടെ അതിന് അല്ലാഹു തന്നെ സുരക്ഷ ഒരിക്കിയിരിക്കുന്നു. കലർപ്പുകളിൽ നിന്നും പകർച്ചയിൽ നിന്നും സുന്നത്തിനെ സംരക്ഷിക്കുകയെന്നത് അല്ലാഹുവിന്റെ ദീൻ അവൻ സംരക്ഷിക്കുമെന്ന വാഗ്ദാനത്തിന്റെ പുലർച്ചയാണ്.

നബി ﷺ യുടെ ഹദീസ് സമാഹാരത്തിലേക്ക്, അവിടുന്ന് പറയാത്തത് തിരുകിക്കയറ്റാൻ തക്കംപാർത്തിരുന്ന വ്യാജന്മാരെ നേരിടാൻ അഹ്ലുസ്സുന്നത്തിന്റെ വിശ്വസ്തരായ കർമ്മഭടന്മാർ കാവൽ നിൽക്കുകയും നിതാന്ത ജാഗ്രത പുലർത്തുകയും ചെയ്തിട്ടുണ്ട്. ഹദീസിന്റെ സംരക്ഷണത്തിന് വേണ്ടി ഇൽമുൽ ഹദീസ് എന്ന അനിതരമായ വിജ്ഞാനശാഖ രൂപപ്പെട്ടതങ്ങനെയാണ്. ഹദീസിന്റെ ഉള്ളടക്കം (متن), ഹദീസ് നിവേദകർ, അവരുടെ വ്യക്ത്യാധിഷ്ഠിതമായ രേഖകൾ, നിവേദകരുടെ ശൃംഖല, കാലഘട്ടം, സമകാലീനത, അവർ തമ്മിലുള്ള ബന്ധം, സാഹചര്യങ്ങൾ, തുടങ്ങിയവ സൂക്ഷ്മ നിരീക്ഷണത്തിന് വിധേയമാക്കുകയും, റിപ്പോർട്ടർമാരുടെ വിശ്വാസ്യത, നീതിബോധം തുടങ്ങി, ഹദീസിന്റെ സുരക്ഷിതത്വത്തിന് അവശ്യം ആവശ്യമായ മുഴുവൻ മുൻകരുതലുകളും അവർ ഉറപ്പു വരുത്തിയിട്ടുമുണ്ട്. അക്കാലത്ത് ജീവിച്ച മുഹദ്ദിസുകൾ ഹദീസ് സംരക്ഷണത്തിന് അർപ്പിച്ച സേവനങ്ങൾ അതുല്യവും വിലമതിക്കാൻ കഴിയാത്തതുമാണ്. ജർഹിന്റെയും തഅ്ദീലിന്റെയും കടമ്പകൾ കടക്കാതെ നിവേദക ശൃഖലയിലെ ഒരാൾക്കും ഹദീസിന്റെ ലോകത്തേക്ക് കടന്നു കേറാനാവില്ല.

ഏതൊരു മസ്അലഃയിലും നിലപാടുകൾ സ്വീകരിക്കേണ്ടത് കൃത്യവും വ്യക്തവുമായ പ്രമാണരേഖയുടെ അടിസ്ഥാനത്തിൽ

മാത്രമാണ്. ഖുർആനിന്റെയോ ഹദീസിന്റെയോ നസ്വിനും സ്വഹാബത്തിന്റെ പൊതുധാരണക്കും എതിരായ പണ്ഡിതാഭിപ്രായങ്ങൾക്ക് യാതൊരു പരിഗണനയും നൽകാവതല്ല. ആ പണ്ഡിതന്മാർ എത്ര പ്രഗൽഭരും അവരുടെ നിലപാടുകൾ എത്ര പ്രചാരം സിദ്ധിച്ചതുമാണെങ്കിലും, സുന്നത്തിന്റെ തട്ട് എപ്പോഴും ഘനം തൂങ്ങുക തന്നെ വേണം.

മുൻവിധിയോടെയോ, പക്ഷപാതപരമായോ, സാഹചര്യത്തിന്റെ സമ്മർദ്ദത്തിന് വഴങ്ങിയോ, ഭൂരിപക്ഷത്തിന്റെ അഭിപ്രായത്തിന് പ്രാമുഖ്യം നൽകിക്കൊണ്ടോ, സ്ഥാപിത താൽപര്യത്തിന്റെ അടിസ്ഥാനത്തിലോ പ്രമാണവാക്യങ്ങളെ വ്യാഖ്യാനിക്കുന്നത് തികച്ചും തെറ്റും പിഴച്ചതുമായ രീതിയണ്.

ഇവിടെ ചർച്ച ചെയ്ത ശനിയാഴ്ചയിലെ സുന്നത്ത് നോമ്പിനെക്കുറിച്ചുള്ള വിലക്ക് സ്വഹീഹായ ഹദീസ് കൊണ്ട് സ്ഥിരപ്പെട്ടതാണ്. അതിന് എതിരായ പണ്ഡിതാഭിപ്രായങ്ങൾ സ്വഹീഹായ ഹദീസിന് വിരുദ്ധമായതിനാൽ യാതൊരു പരിഗണനയുമർഹിക്കുന്നില്ലായെന്ന തിരിച്ചറിവാണ് നമുക്ക് വേണ്ടത്. വിഷയം പ്രമാണബദ്ധമായി എത്രമേൽ വ്യക്തമാക്കിയാലും ഓരോ തവണയും ഓരോരോ പണ്ഡിതന്മാരുടെ വാക്കുകളുമായി ജനങ്ങളെ കബളിപ്പിക്കാനിറങ്ങുന്ന റുവൈബിളമാരോട് ഇബ്നുൽ ഖയ്യിം ﷀ യുടെ വാക്കല്ലാതെ മറ്റൊന്നും പറയേണ്ടതില്ല:

"إذا كان الله ورسوله صلى الله عليه وسلم في جانب فاحذَرْ أن تكون من الجانب الآخر فإن ذلك يفضي إلى المشاقة والمحادة." (ابن القيم في الفوائد)

"അല്ലാഹുവും അവന്റെ റസൂലും ഒരു പക്ഷത്തുള്ളപ്പോൾ മറുപക്ഷത്തായിപ്പോകാതിരിക്കാൻ നീ സൂക്ഷിക്കണം. കാരണം അത് വിഘടനത്തിലേക്കും പ്രതിലോമപരതയിലേക്കുമാണ് കൊണ്ടെത്തിക്കുക." (ഇബ്നുൽ ഖയ്യിം | അൽ ഫവാഇദ്)

അസന്ദിഗ്ധമായി സ്ഥിരപ്പെട്ട ഈ ഹദീസ് നാം എങ്ങനെ കലവറയില്ലാതെ കർമ്മപഥത്തിൽ കൊണ്ട് വന്നു എന്ന ചോദ്യത്തിന്, നാളെ അല്ലാഹുവിന്റെ മുമ്പിൽ നമുക്ക് ഉത്തരം പറയാൻ സാധിക്കണമെങ്കിൽ, ആരെല്ലാം എതിർത്താലും നാം സുന്നത്തിന്റെ കൂടെ നിൽക്കേണ്ടതുണ്ട്. അതിന്റെ താൽപര്യമനുസരിച്ച് അമൽ ചെയ്യേണ്ടതുമുണ്ട്.

നമുക്കുള്ള വിധേയത്വം അല്ലാഹുവിനോടും അവന്റെ ദീനിനോടും അവന്റെ റസൂലിന്റെ സുന്നത്തിനോടുമാണെന്ന് പ്രായോഗികമായി തെളിയിച്ചു കാണിക്കണം.

ദുർബലമായ ഹദീസിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനമോ തെറ്റായ ഇജ്തിഹാദിൽ നിന്ന് ഉരുത്തിരിഞ്ഞ നിലപാടുകളോ നമ്മുടെ രക്ഷക്കെത്തില്ല എന്ന തിരിച്ചറിവ് നമുക്ക്, നമ്മുടെ മുന്നോട്ടുള്ള ഗമനത്തിന് ശക്തി പകരണം.

അഹ്ലുസ്സുന്നത്തിന്റെ പൗരാണികരും വിശ്വസ്തരുമായ ഉലമാക്കളോടും ഇമാമുമാരോടും നമുക്ക് എന്നും കടപ്പാടും അവരുടെ നിസ്വാർത്ഥ സേവനത്തിൽ മതിപ്പുമുണ്ട്. എന്ന് കരുതി അവരിൽ സംഭവിച്ചുപോയ വീഴ്ചകളും ഇടർച്ചകളും ദീനാണെന്ന് കരുതി സ്വീകരിക്കാനോ അമലായി ജീവിതത്തിൽ പ്രയോഗവൽക്കരിക്കാനോ നമുക്ക് അനുവാദമില്ല.

സത്യം സ്വീകരിക്കുകയും സത്യത്തോടൊപ്പം ധീരമായി നിലകൊള്ളുകയും ചെയ്യുക. അതിന് അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ. ആമീൻ!

സുന്നഃ മുസ്ലിം മൈനോറിറ്റി ട്രസ്റ്റ്